# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2015 ഡിസംബർ 1, ചൊവ്വ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--322]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| ഊർജ്ജ വകുപ്പമന്ത്രി | : 368 മുതൽ 498 വരെ |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പമന്ത്രി | : 499 മുതൽ 560 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി | : 561 മുതൽ 638 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി | : 639 മുതൽ 689 വരെ |

### കെ.എസ്.ഇ.ബി മസ്ദൂർ നിയമനം

368. ശ്രീ.റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി മസ്ദൂർ നിയമനം നടത്താത്തത് മൂലം പി.എസ്.സി റാങ്ക് ഹോൾഡേഴ്സ് സമരത്തിലേക്ക് നീങ്ങുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ഇ.ബി ലൈൻമാൻമാരുടെ പ്രൊമോഷൻ നൽകുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) മസ്ദൂർ ആലപ്പുഴ-പത്തനംതിട്ട ജില്ലകളിലെ നിയമന വിവരം ലഭ്യമാക്കുമോ; എത്ര ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തുവെന്ന് വ്യക്തമാക്കുമോ?

### ചെറുകിട ജല വൈദ്യുതനയം

369. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
,, എ.റ്റി.ജോർജ്
,, വർക്കല കഹാർ
,, സി.പി.മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട ജല വൈദ്യുതനയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് നയം നടപ്പാക്കുന്നത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) നയം നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

### മീറ്റർ റീഡിംഗ്

370. ശ്രീ.എ.കെ.ബാലൻ
,, രാജു എബ്രഹാം
,, സാജു പോൾ

,, കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോക്താക്കളുടെ മീറ്റർ റീഡിംഗ് എടുക്കുന്നതിന് കഴിയാതെ വന്നാൽ പിഴ ഈടാക്കുന്നതിന് തീരുമാനം എടുക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം തീരുമാനം എടുത്ത സാഹചര്യം വിശദമാക്കുമോ;

(ബി) പ്രസ്തുത തീരുമാനം പിൻവലിച്ചുകൊണ്ട് ഉത്തരവുണ്ടായിട്ടുണ്ടോ;ഇല്ലെന്കിൽ തൽക്കാലം നിർത്തിവെക്കപ്പെട്ടിട്ടുള്ള പ്രസ്തുത നിർദ്ദേശം പൂർണ്ണമായി പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>പാപ്പനംകോട് പുതിയ ഇലക്ട്രിക്കൽ സെക്ഷന് നടപടി</u>

371. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിലെ പൂജപ്പുരയിലുള്ള ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പാപ്പനംകോട്ട് ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ സ്ഥാപിക്കുന്നതു സംബന്ധിച്ചുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ?

<u>നെടുമൺകാവ് ആസ്ഥാനമാക്കി സബ് എഞ്ചിനീയർ കം കളക്ഷൻ സെന്റർ</u>

372. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ കരിപ്ര ഗ്രാമപഞ്ചായത്തിലെ നെടുമൺകാവ് ആസ്ഥാനമാക്കി സബ് എഞ്ചിനീയർ കം കളക്ഷൻ സെന്റർ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ബഹു. ഊർജ്ജ വകുപ്പുമന്ത്രി ഇലക്ട്രിസിറ്റി ബോർഡ് അധികാരികൾക്ക് നിർദ്ദേശം നൽകിയത് എന്നാണ്;

(ബി) പ്രസ്തുത സെന്റർ നാളിതുവരെ ആരംഭിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത സെന്റർ അടിയന്തരമായി തുറക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>പ്രവർത്തനരഹിതമായ വൈദ്യുതി മീറ്ററുകൾ</u>

373. ശ്രീ.വി.എസ്.സുനിൽ കുമാർ
ശ്രീമതി.ഇ.എസ്.ബിജിമോൾ
ശ്രീ.മുല്ലക്കര രത്നാകരൻ
,, വി.ശശി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വൈദ്യുതി മീറ്ററുകൾ നിലവിൽ പ്രവർത്തനരഹിതമായിട്ടുണ്ട്; ഇത്രയധികം മീറ്ററുകൾ കേടാകുന്നതിനുള്ള കാരണം വൈദ്യുതി ബോർഡ് അന്വേഷിച്ച് കണ്ടെത്തിയിട്ടുണ്ടോ

<u>.വൈദ്യുതി ചാർജ്ജ്</u>

374. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-11 ,2014-15 സാമ്പത്തിക വർഷങ്ങളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ വൈദ്യുതി ചാർജ്ജ് ഇനത്തിലുള്ള വരുമാനം എത്രയായിരുന്നു; 2015-16 വർഷത്തിൽ കെ.സ്.ഇ.ബി. അതിന്റെ ബഡ്ജറ്റിൽ പ്രതീക്ഷിക്കുന്ന വരുമാനം എത്രയാണ്; വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വൈദ്യുതിചാർജ്ജ് എത്ര തവണ വർധിപ്പിക്കുകയുണ്ടായി; എത്ര ശതമാനം വീതമായിരുന്നു നിരക്ക് വർധന; ഓരോ നിരക്ക് വർധനയിലൂടെയും അധികമായി ലഭിച്ച വരുമാനം എത്ര വീതമായിരുന്നു.;

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ബോർഡിന്റെ നഷ്ടം എത്ര കോടിയായിരുന്നു; ഇപ്പോൾ അത് എത്രയാണ്; 2010-11 ലേ തിനേക്കാൾ എത്ര ശതമാനം നഷ്ടം 2014-15 വർഷത്തിലുണ്ടായിട്ടുണ്ട്; നിലവിൽ എത്ര കോടി രൂപയുടെ കടബാധ്യതകൾ ഉണ്ട്; വിശദമാക്കാമോ

കെ. എസ്. ഇ. ബി.യുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക

375. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കെ. എസ്. ഇ. ബി.യുടെ ശരാശരി പ്രതിമാസ വരവ്-ചെലവ് കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ. എസ്. ഇ. ബി.യുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക എത്രയായിരുന്നെന്നും നിലവിൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക എത്രയാണെന്നും വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ കുടിശ്ശിക തുക അടയ്ക്കേണ്ട കേന്ദ്ര-സംസ്ഥാന-അർദ്ധസർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾ- ബോർഡുകൾ എന്നിവയുടെ കുടിശ്ശിക എത്ര കോടി രൂപ വീതമെന്ന് വ്യക്തമാക്കുമോ ;

(ഡി) കുടിശ്ശികയിനത്തിൽ സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും എന്തു തുക അടയ്ക്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ കുടിശ്ശിക അടയ്ക്കുന്നതിൽ എത്ര തുകയുടെ ഒഴിവാക്കൽ-ഇളവുകൾ അനുവദിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ സർക്കാർ സ്ഥാപനം, പൊതുമേഖലാ സ്ഥാപനം, സ്വകാര്യ സ്ഥാപനം എന്നിവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

കെ.എസ്.ഇ. ബി യിൽ മസ്ദൂർ നിയമനം

376. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ മസ്ദൂർ തസ്തികയിലേയ്ക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോൾ ; എത്ര പേർക്ക് ഇതുവരെ നിയമനം നൽകി ; എത്ര ഒഴിവുകൾ നിലവിലുണ്ട് ; ജില്ല തിരിച്ച് വിശദാംശം നൽകുമോ ;

(ബി) ലൈൻമാൻ, ഓവർസീയർ തസ്തികകളിലേയ്ക്ക് യഥാസമയം പ്രൊമോഷൻ നൽകി മസ്ദൂർ റാങ്ക് ലിസ്റ്റിലുള്ള പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

കെ.എസ്.ഇ.ബി യിലെ പെൻഷൻ ഫണ്ട് രൂപീകരണം

377. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി യിൽ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ; ഫണ്ട് മാനേജ് ചെയ്യാനുള്ള മാസ്റ്റർ ട്രസ്റ്റ് രൂപീകരിച്ചിട്ടുണ്ടോയെന്നും , ഫണ്ടിലേയ്ക്കുള്ള ധനഗമന മാർഗ്ഗങ്ങൾ ഏതൊക്കെയാണെന്നും വിശദീകരിക്കാമോ?

കെ.എസ്.ഇ.ബി യിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ

378. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യിൽ വിവിധ തസ്തികകളിലായി നിലവിലുള്ള ആകെ ഒഴിവുകളുടെ എണ്ണം ലഭ്യമാക്കുമോ ;

(ബി) കെ.എസ്.ഇ.ബി.യിലെ ഓരോ തസ്തികകളിലെയും അനുവദനീയ ജീവനക്കാരുടെ എണ്ണം, ഓരോ തസ്തികയിലും നിലവിൽ ജോലിനോക്കുന്ന ജീവനക്കാരുടെ എണ്ണം എന്നിവ പ്രത്യേകമായി ലഭ്യമാക്കുമോ ;

(സി) കെ.എസ്.ഇ.ബി.യിലെ ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിനും പ്രൊമോഷനുകൾ

യഥാസമയം നടത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികളും, പുരോഗതിയും അറിയിക്കുമോ?

കെ.എസ്.ഇ.ബി ക്കായി ബജറ്റിൽ വകയിരുത്തിയ തുക

379. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ഉത്പാദനം, വിതരണം, പ്രസരണം എന്നീ മേഖലകൾക്കായി കഴിഞ്ഞ 5 വർഷങ്ങളിൽ ബജറ്റിൽ നീക്കി വച്ച തുകയെത്രയായിരുന്നു എന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ; ഇതിൽ എത്ര രൂപയാണ് ഓരോ വർഷവും ചെലവഴിച്ചത്;

(ബി) തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) 2006-2010 കാലഘട്ടത്തിൽ പ്രസ്തുത മേഖലകൾക്കായി ബജറ്റിൽ നീക്കിവച്ച തുകയെത്രയായിരുന്നു; എത്ര രൂപയാണ് ഓരോ വർഷവും ചെലവഴിച്ചത്?

കെ.എസ്.ഇ.ബി ജീവനക്കാരുടെ നിയമനം

380. **ശ്രീ.കെ.എം.മാണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി കമ്പനി ആയി രജിസ്റ്റർ ചെയ്ത ശേഷം ജീവനക്കാരുടെ നേരിട്ടുള്ള നിയമനം പി.എസ്.സി ക്ക് വിടുന്നതിലേക്ക് ഈ സർക്കാർ നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു ;

(ബി) ജീവനക്കാരുടെ നേരിട്ടുള്ള നിയമനം എന്നു മുതലാണ് പി.എസ്.സി ക്ക് വിട്ടുകൊടുത്തത് ;

(സി) നേരിട്ട് നിയമനം നടത്തുന്നതിന് കമ്പനിയിൽ ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ഡി) ഈ ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാതെ അനധികൃതമായി നിയമനം നൽകിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;ഏങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

കെ.എസ്.ഇ.ബി.

381. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ ; ബോർഡിന് നിലവിലുള്ള കടബാധ്യതകൾ വെളിപ്പെടുത്താമോ ;

കെ.എസ്.ഇ.ബി. ജീവനക്കാരുടെ ശമ്പളം

382. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യിൽ ആകെ എത്ര ജീവനക്കാരുണ്ടെന്നും, ഈ ജീവനക്കാർക്ക് ഒരു മാസം ശമ്പളം നൽകുവാൻ എത്ര രൂപ ആവശ്യമായി വരുന്നുവെന്നും അറിയിക്കുമോ;

(ബി) ജീവനക്കാർക്ക് ഒരു മാസം ശമ്പളം ഇനത്തിൽ നൽകേണ്ടി വരുന്ന തുകയിൽ ഓഫീസർ വിഭാഗത്തിനും, വർക്കർ വിഭാഗത്തിനും എത്ര രൂപ വീതം ആകെ ചെലവഴിക്കേണ്ടി വരുന്നുവെന്ന് പ്രത്യേകമായി ഇനം തിരിച്ച് വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി. -യിലെ സ്പെഷ്യൽ ഡിസ് എബിലിറ്റി ലീവ്"

383. **ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ട്രാൻസ്മിഷൻ മേഖലയിൽ പ്രതിവർഷം "സ്പെഷ്യൽ ഡിസ് എബിലിറ്റി ലീവ്" സംവിധാനം നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സംവിധാനം ജീവനക്കാർക്ക് എന്തെല്ലാം സാമ്പത്തിക ഗുണങ്ങൾ നേടിക്കൊടുത്തു;

(സി) പ്രസ്തുത ലീവ് അനുവദിച്ചതുമൂലം കെ.എസ്.ഇ.ബി.യ്ക്ക് കഴിഞ്ഞ മൂന്ന് വർഷം എത്ര തുകയുടെ ചെലവ് ഉണ്ടായിട്ടുണ്ട്; വിശദ വിവരം നൽകുമോ;

(ഡി) പ്രസ്തുത ലീവ് അനുവദിച്ച് നൽകുന്നതുമൂലം കെ.എസ്.ഇ.ബി.യ്ക്ക് ഉണ്ടാകുന്ന സാമ്പത്തിക നേട്ടം എന്തെന്ന് വ്യക്തമാക്കുമോ?

<u>കെ.എസ്.ഇ.ബി. യുടെ ആസ്തിയും കടബാധ്യതയും</u>

384. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യുടെ നിലവിലുള്ള ആസ്തി എത്രയെന്നും നിലവിലുള്ള കടബാധ്യത എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ കെ.എസ്.ഇ.ബി.യുടെ കടബാധ്യത എത്രയായിരുന്നു ; വ്യക്തമാക്കുമോ ;

(സി) കെ.എസ്.ഇ.ബി. നിലവിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നുമാണ് കടം ലഘൂകരിക്കുവാനും മറ്റ് ആവശ്യങ്ങൾക്കുമായി വായ്പ എടുത്തിട്ടുള്ളതെന്നും ആയത് എത്ര കോടി രൂപ വീതമാണെന്നും ഓരോ സ്ഥാപനത്തിനും പലിശയിനത്തിൽ പ്രതിമാസം ബോർഡ് അടയ്ക്കേണ്ട തുക എത്രയെന്നും സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) കടം ലഘൂകരിക്കണം എന്ന പേരു പറഞ്ഞ് ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചു ; യൂണിറ്റിന് ഓരോ പ്രാവശ്യം എത്ര രൂപ നിരക്കിൽ ; എത്ര പ്രാവശ്യം സെസ്സ് വർദ്ധിപ്പിച്ചു ; എത്ര രൂപ നിരക്കിൽ ; എത്ര പ്രാവശ്യം ക്യാഷൻ ഡപ്പോസിറ്റ് വർദ്ധിപ്പിച്ചു ; എത്ര രൂപ നിരക്കിൽ ; വർഷം തിരിച്ച് വിശദമാക്കുമോ ?

<u>കെ.എസ്.ഇ.ബി. യിലെ ഒഴിവുകൾ</u>

385. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യിൽ 2015 നവംബർ 30 വരെ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ട് ; കാറ്റഗറി തിരിച്ചുള്ള വിശദമായ റിപ്പോർട്ട് നൽകുമോ ;

(ബി) കരാർ അടിസ്ഥാനത്തിൽ എത്ര ജീവനക്കാർ കെ.എസ്.ഇ.ബി. യിൽ നിലവിൽ ജോലി ചെയ്തു വരുന്നുണ്ട് ; വിശദവിവരം നൽകുമോ ;

(സി) ഒഴിവുകൾ പി.എസ്.സിയിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; വിശദവിവരം നൽകുമോ ?

<u>കെ.എസ്.ഇ.ബി. യിലെ ജീവനക്കാരുടെ വേതന നിർണ്ണയ കരാർ</u>

386. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യിലെ ജീവനക്കാരുടെ വേതന നിർണ്ണയത്തിനുള്ള ദീർഘകാല കരാർ കാലാവധി അവസാനിച്ചതെന്നാണ്; കാലഹരണപ്പെട്ട കരാറിന്റെ സ്ഥാനത്ത് പുതിയ കരാർ രൂപീകരിക്കുന്നതിന് ബോർഡ് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പുതിയ കരാറിന് കഴിഞ്ഞ കരാർ കാലാവധി അവസാനിച്ച തീയതി മുതൽ മുൻകാല പ്രാബല്യം നൽകുന്നത് പരിഗണിക്കുമോ;

(സി) ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് അധികമായി ആവശ്യമുള്ള തുകയ്ക്ക് കേരള സ്റ്റേറ്റ് വൈദ്യുത റെഗുലേറ്ററി കമ്മീഷന്റെ അനുമതി തേടിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

കെ.എസ്.ഇ.ബി. കാഷ്യർ നിയമനം

387. ശ്രീ.എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. കാഷ്യർ തസ്തികയിൽ 22.10.2012നു ശേഷം എത്ര ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട് ; പ്രസ്തുത ഒഴിവുകൾ ഉടൻ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുമോ;

(സി) സീനിയർ അസിസ്റ്റന്റ് തസ്തികയിലോ കാഷ്യർ തസ്തികയിലോ പി.എസ്.സി മുഖേനയല്ലാതെ നിയമനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കെ.എസ്.ഇ.ബി. ജീവനക്കാരുടെ ആനുകൂല്യങ്ങൾ

388. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി. യിൽ എത്ര ജീവനക്കാരുണ്ടെന്നും ഇവരുടെ വേതനമടക്കമുള്ള ആനുകൂല്യങ്ങൾക്ക് പ്രതിമാസം ബോർഡിന് എത്ര തുകയാണ് ആവശ്യമായിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) കെ.എസ്.ഇ.ബി. യിൽ എത്ര പെൻഷനേഴ്സ് ഉണ്ടെന്നും ,ഇവർക്ക് പ്രതിമാസം പെൻഷനും മറ്റുമായി എത്ര തുക ചെലവഴിക്കേണ്ടി വരുന്നുവെന്നും വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി.യിലെ ഒഴിവുകൾ

389. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ജീവനക്കാരുടെ അഭാവം പ്രവർത്തനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒഴിവുള്ള തസ്തികയിൽ പ്രമോഷൻ അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇലക്ട്രിസിറ്റി വർക്കർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(ഇ) സംസ്ഥാനത്ത് ലൈൻമാൻ, ഓവർസിയർ, സബ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുണ്ടെന്നും അർഹമായ മുഴുവൻ പേർക്കും സ്ഥാനക്കയറ്റം നൽകിയാൽ 2015 ഏപ്രിൽ 30 വരെ പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടാകുമെന്നും അറിയിക്കുമോ;

(എഫ്) അർഹമായ എല്ലാവർക്കും സ്ഥാനക്കയറ്റം നൽകിയാൽ 2015 ഏപ്രിൽ 30 വരെ ഇലക്ട്രിസിറ്റി വർക്കർമാരുടെ എത്ര ഒഴിവുണ്ടാകുമെന്ന് ജില്ലതിരിച്ച് അറിയിക്കുമോ?

കെ.എസ്.ഇ.ബി.യിലെ പെൻഷൻ

390. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ നിലവിൽ എത്ര പെൻഷൻകാരുണ്ട്; ഒരു മാസത്തെ പെൻഷൻ നൽകുന്നതിന് ആവശ്യമായ തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) ഈ സ്ഥാപനത്തിലെ പെൻഷൻകാരുടെ പെൻഷൻ പരിഷ്കരണ നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) വൺ റാങ്ക് വൺ പെൻഷൻ പദ്ധതി വൈദ്യുതി ബോർഡിൽ നടപ്പിലാക്കുവാൻ സന്നദ്ധമാകുമോ?

<u>കെ.എസ്.ഇ.ബി.യുടെ അധീനതയിലുള്ള ഭൂമി കയ്യേറ്റങ്ങൾ</u>

391. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യുടെ അധീനതയിലുള്ള അണക്കെട്ടുകളുടെ വൃഷ്ടിപ്രദേശങ്ങളിൽ എല്ലാം കൂടി എത്ര ഏക്കർ ഭൂമി നിലവിലുണ്ട്; വിശദമാക്കാമോ;

(ബി) കെ.എസ്.ഇ.ബി.യുടെ അധീനതയിലുള്ള എത്ര ഏക്കർ ഭൂമിയിൽ കയ്യേറ്റങ്ങൾ ഉണ്ടായിട്ടുണ്ട്; പ്രധാനമായും ഏതെല്ലാം സ്ഥലങ്ങളിലാണ് കയ്യേറ്റങ്ങൾ ഉണ്ടായിരിക്കുന്നത്; വിശദമാക്കാമോ;

(സി) ഭൂമി കയ്യേറിയവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; എത്ര ഏക്കർ ഭൂമി എവിടെയെല്ലാമായി തിരിച്ച് പിടിച്ചിട്ടുണ്ട്; കയ്യേറ്റങ്ങൾ ഇപ്പോഴും തുടർന്നു വരുന്നതായി അറിയാമോ ?

<u>ബി.എസ്.ഇ.എസ് നിലയവുമായി വൈദ്യുതി വാങ്ങൽ കരാർ</u>

392. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിലയൻസിന്റെ ബി.എസ്.ഇ.എസ് നിലയവുമായി വൈദ്യുതി വാങ്ങൽ കരാർ പുതുക്കേണ്ടത് ആവശ്യമാണെന്ന നിലപാട് കെ.എസ്.ഇ.ബി സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(ബി) കരാർ പുതുക്കുന്നതിന് റിലയൻസ് ബി.എസ്.ഇ.എസ് നിലയം സമർപ്പിച്ച ശുപാർശ റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ. ബി സമർപ്പിച്ചിരുന്നോ; ആയത് കമ്മീഷൻ അംഗീകരിച്ചോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>കെ.എസ്.ഇ.ബിക്ക് പുതിയ സെക്ഷൻ ഓഫീസുകൾ</u>

393. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ജനകീയവുമാക്കുന്നതിന് കൂടുതൽ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) കോതമംഗലം നിയോജക മണ്ഡലത്തിലെ നെല്ലിക്കുഴി സെക്ഷൻ ഓഫീസ് എന്നത്തേയ്ക്ക് അനുവദിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) സെക്ഷൻ ഓഫീസുകളിലേക്ക് കൂടുതൽ മസ്ദൂർ, ലൈൻമാൻ തസ്തികകൾ അനുവദിക്കുമോ ?

<u>ദീന ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി പദ്ധതി</u>

394. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പുതുതായി ആവിഷ്കരിച്ചിരിക്കുന്ന ദീന ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം ജനവിഭാഗങ്ങൾക്ക് വേണ്ടിയാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനുള്ള കേന്ദ്ര - സംസ്ഥാന വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ ?

<u>കേരള പവർ ലിമിറ്റഡും വൈദ്യുതി ബോർഡുമായി ഉണ്ടാക്കിയ പവർ പർച്ചേയ്സ് എഗ്രിമെന്റ്</u>

395. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പവർ ലിമിറ്റഡും വൈദ്യുതി ബോർഡുമായി ഉണ്ടാക്കിയ പവർ പർച്ചേയ്സ് എഗ്രിമെന്റിന്റെ കാലാവധി അവസാനിച്ചോ; എങ്കിൽ എന്നാണ് അവസാനിച്ചത്; മറ്റെന്തെങ്കിലും നടപടി സ്വീകരിക്കുകയോ പുതിയ കരാർ ഉണ്ടാക്കുകയോ ചെയ്തിട്ടുണ്ടോ;

(ബി) പുതിയ കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമാണ്; വാങ്ങുന്ന വൈദ്യുതിയുടെ വിലയെത്ര?

<u>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി കമ്പനി ലിമിറ്റഡ്</u>

396. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി കമ്പനി ലിമിറ്റഡിന്റെ നിലവിലുള്ള ബാധ്യതകൾ ഇനംതിരിച്ച് വിശദമാക്കുമോ ; ഇവയിൽ ഈ സർക്കാരിന്റെ കാലയളവിൽ വന്നു ചേർന്ന ബാധ്യതകൾ എത്രയെന്ന് വിശദമാക്കുമോ ;

(ബി) വൈദ്യുതി ചാർജിനത്തിൽ പിരിച്ചെടുക്കാൻ കുടിശ്ശിക വരുത്തിയിട്ടുള്ള തുക എത്രയാണെന്നു വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് വൈദ്യുതി ചാർജ്ജ് ഉൾപ്പെടെ എന്തെല്ലാം ഇനത്തിൽ എത്ര തവണ വർധനവ് വരുത്തിയിട്ടുണ്ടെന്നും ഓരോ വർദ്ധനവിലൂടെയും എത്ര കോടി അധിക വരുമാനം ഉണ്ടായിയെന്നും വിശദമാക്കുമോ ;

(ഡി) സംസ്ഥാനത്ത് നിലവിൽ ആവശ്യമായിട്ടുള്ള വൈദ്യുതിയുടെ എത്ര ശതമാനമാണ് കേന്ദ്രപൂളിൽ ലഭിക്കുന്നത്;സ്വകാര്യ കമ്പനികളിൽ നിന്നും കൂടിയ നിരക്കിൽ വാങ്ങുന്നത് എത്ര;ഇന്നത്തെ നിലയിൽ കണക്കാക്കുമ്പോൾ 2020-21 വർഷമാകുമ്പോൾ മേൽപ്പറഞ്ഞവ ഓരോന്നും എത്രയായി മാറും;വസ്തുതകളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുമോ?

<u>ആർ.ജി.ജി.വി.വൈ. പദ്ധതി പ്രകാരം മലപ്പുറം ജില്ലയിലെ പദ്ധതികൾ</u>

397. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ജി.ജി.വി.വൈ. പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും ഇതിനായി എത്ര തുക വിനിയോഗിച്ചുവെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ജില്ലയിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഏതെല്ലാം പൂർത്തീകരിക്കാനുണ്ടെന്നും അറിയിക്കുമോ?

<u>ആർ.ജി.ജി.വി.വൈ. പദ്ധതി</u>

398. ശ്രീമതി.ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ജി.ജി.വി.വൈ പദ്ധതിയനുസരിച്ച് നാട്ടിക നിയോജകമണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര കണക്ഷനുകൾ ഇതിനകം അനുവദിച്ചിട്ടുണ്ടെന്നും ശേഷിക്കുന്ന അപേക്ഷകൾ എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) ശേഷിക്കുന്ന അപേക്ഷകൾക്ക് എപ്പോൾ വൈദ്യുതി കണക്ഷൻ അനുവദിക്കുമെന്ന് വ്യക്തമാക്കുമോ?

<u>പുതിയ വൈദ്യുത പദ്ധതികൾ</u>

399. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പുതിയ വൈദ്യുതോല്പാദന പദ്ധതികൾ തുടങ്ങുമെന്ന് പ്രഖ്യാപിച്ചിരുന്നുവെന്നും അവയിൽ എത്രയെണ്ണത്തിന് ഭരണാനുമതി നല്കിയെന്നും ഇതിൽ എത്രയെണ്ണം

പ്രവർത്തനക്ഷമമായി എന്നും ഇതുമൂലം എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ സാധിച്ചുവെന്നും വ്യക്തമാക്കാമോ?

<u>പുതിയ വൈദ്യുത പദ്ധതികൾ</u>

400. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ വൈദ്യുത പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നു വിശദമാക്കുമോ ;

(ബി) ഓരോ പദ്ധതിയിലും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉത്പാദിപ്പിക്കപ്പെടുന്നതെന്ന് വിശദമാക്കുമോ ?

<u>കാവാലം സബ് സ്റ്റേഷൻ നിർമ്മാണം</u>

401. ശ്രീ.തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവാലം സബ് സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നത് ഉൾപ്പെടെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

<u>രാജീവ് ഗാന്ധി ഗ്രാമീണ ത്വരിത വൈദ്യുതീകരണ പദ്ധതികൾ</u>

402. ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി ഗ്രാമീണ ത്വരിത വൈദ്യുതീകരണ പദ്ധതികളിൽ ഉൾപ്പെടുത്തി 2015-16 സാമ്പത്തിക വർഷത്തിൽ കൊല്ലം ജില്ലയ്ക്ക് അനുവദിച്ച തുക എത്രയെന്നു വ്യക്തമാക്കുമോ;

(ബി) സാമ്പത്തികമായി പിന്നോക്ക അവസ്ഥയിലുള്ളവർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് നിലവിലുള്ള പദ്ധതികൾ ഏതൊക്കെയെന്നു വ്യക്തമാക്കുമോ;

(സി) പുനലൂർ നിയോജകമണ്ഡലത്തിലെ റോസ് മല ഗ്രാമത്തിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

<u>രാജീവ് ഗാന്ധി വൈദ്യുതീകരണ പദ്ധതി</u>

403. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര ബി.പി.എൽ അപേക്ഷകർ രാജീവ് ഗാന്ധി വൈദ്യുതീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് വൈദ്യുതി കണക്ഷനുവേണ്ടി പോസ്റ്റുകൾ സൗജന്യമായി സ്ഥാപിച്ചുകിട്ടുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വാർഷികാടിസ്ഥാനത്തിൽ അറിയിക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ നാളിതുവരെ അനുകൂലമായി നടപടി എടുത്തിട്ടുള്ള അപേക്ഷകരുടെ കണക്ക് ജില്ല തിരിച്ച് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ കേന്ദ്ര സർക്കാർ എത്ര തുക പ്രസ്തുത പദ്ധതിക്കായി സംസ്ഥാനത്തിന് വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; ആയതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

<u>അരൂർ നിയോജക മണ്ഡലത്തിൽ ഊർജ്ജവകുപ്പ് നടപ്പാക്കിയ പദ്ധതികൾ</u>

404. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷത്തിനിടയിൽ അരൂർ നിയോജക മണ്ഡലത്തിൽ ഊർജ്ജവകുപ്പ് ഏതെല്ലാം പ്രവൃത്തികളാണ് ഏറ്റെടുത്തിട്ടുള്ളത് ;

(ബി) എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട് ;ലൈൻ നവീകരണവുമായി ബന്ധപ്പെട്ട് നടന്ന പ്രവൃത്തികൾ വിശദമാക്കാമോ ;

(സി) കുടപ്പുത്ത് പുതിയ സബ്സ്റ്റേഷൻ നിർമ്മിക്കുവാനുള്ള സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; അവിടെ സബ്സ്റ്റേഷൻ നിർമ്മാണം എന്ന് ആരംഭിക്കും ;

സൗജന്യ വൈദ്യുതികണക്ഷൻ

405. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കും ബി.പി.എൽ.കുടുംബങ്ങൾക്കും സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; അർഹതാ മാനദണ്ഡം ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പുതുതായി വൈദ്യുതികണക്ഷൻ ലഭിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നൽകി വന്ന ആനുകൂല്യങ്ങൾ എന്തൊക്കെയായിരുന്നു; ഈ പദ്ധതി ഈ സർക്കാർ അധികാരമേറ്റതിനുശേഷം നിർത്തിവയ്ക്കുകയുണ്ടായോ; ഉണ്ടായെങ്കിൽ എന്നു മുതലാണ് നിർത്തി വച്ചത്; നിർത്തിവയ്ക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(സി) മാരകരോഗം ബാധിച്ച ആളുകളുടെ കുടുംബങ്ങൾക്ക് പുതുതായി വൈദ്യുത കണക്ഷൻ നൽകുന്നതിനും നിലവിലുള്ള ഇത്തരം ഉപഭോക്താക്കൾക്ക് വൈദ്യുതി നിരക്കിൽ കുറവു നൽകുന്നതിനും നിലവിൽ എന്തെങ്കിലും പദ്ധതികൾ ഉണ്ടോ; ഓരോന്നിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന

406. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന പ്രകാരം ഗ്രാമീണ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്തിന് എത്ര തുക ഇതിനോടകം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ ഏറ്റെടുത്ത പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിക്കും എത്ര തുക വീതം അനുവദിച്ചുവെന്നും വ്യക്തമാക്കുമോ?

വൈദ്യുത വിതരണ ശൃംഖല

407. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളിലെ വൈദ്യുത വിതരണ ശൃംഖല മെച്ചപ്പെടുത്താൻ എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രാമപ്രദേശങ്ങളിലെ വൈദ്യുത വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെങ്കിലും സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തൊക്കെയെന്നും വെളിപ്പെടുത്തുമോ?

ലാഭപ്രഭ പദ്ധതി

408. ശ്രീ.വി.ഡി.സതീശൻ

,, വർക്കല കഹാർ

,, സി.പി.മുഹമ്മദ്

,, ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് "ലാഭപ്രഭ പദ്ധതി" നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

കേന്ദ്ര പൂളിൽ നിന്നും കേരളത്തിന് അർഹതപ്പെട്ട വൈദ്യുതി

409. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ പ്രതിദിനം ശരാശരി എത്ര യൂണിറ്റ് വൈദ്യുതിയാണ് ആവശ്യമുള്ളത്;

(ബി) ഇതിൽ എത്ര യൂണിറ്റ് വൈദ്യുതിയാണ് കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നത്;

(സി) ബാക്കിയുള്ള വൈദ്യുതി ഏതെല്ലാം വിധത്തിലാണ് വാങ്ങി ഉപഭോക്താക്കൾക്ക് നൽകുന്നത്; വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര പൂളിൽ നിന്നും കേരളത്തിന് അർഹതപ്പെട്ട വൈദ്യുതി കൃത്യമായി ലഭിക്കുന്നുണ്ടോ; ഇതിന്റെ സ്ഥിതി വിവര കണക്കുകൾ വ്യക്തമാക്കാമോ?

ഊർജ്ജ സംരക്ഷണ പദ്ധതികൾ

410. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ ;

(ബി) അവയിലൂടെ എത്രമാത്രം വൈദ്യുതിയുടെ ഉപഭോഗം എത്രമാത്രം കുറയ്ക്കാൻ കഴിഞ്ഞെന്ന് വിശദമാക്കുമോ ?

ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങൾ

411. ശ്രീ.എം.ഉമ്മർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, പി.ബി. അബ്ദുൽ റസാക്
,, റ്റി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണം ലക്ഷ്യമിട്ട്, വൈദ്യുതി ഉപയോഗത്തിന് പുതുതായി ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് ലാഭകരമായി ഉപയോഗപ്പെടുത്താവുന്ന പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ സംബന്ധിച്ച് ഉപഭോക്താക്കളിൽ അവബോധം സൃഷ്ടിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ആധുനിക സോളാർ, കാറ്റാടി, സങ്കര സംവിധാനങ്ങൾ ഉപഭോക്താക്കൾക്ക് വിശ്വസ്തതയോടെ ഏർപ്പെടുത്തി നല്കാൻ കാര്യക്ഷമതയുള്ള സർക്കാർ ഏജൻസിയെ ചുമതലപ്പെടുത്തി പദ്ധതി വിജയിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ആലപ്പുഴ നഗരസഭയിൽ എൽ ഇ ഡി പദ്ധതി

412. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരസഭയുടെ നേതൃത്വത്തിൽ എൽ ഇ ഡി പദ്ധതി നടപ്പിലാക്കാൻ വൈദ്യുത ബോർഡിൽ പണം അടച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് അടച്ചിട്ടുള്ളതെന്നും എന്നാണ് അടച്ചിട്ടുള്ളതെന്നും

വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ വൈദ്യുതി ബോർഡ് കാലതാമസം വരുത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കെ.എസ്.ഇ.ബി. ആലപ്പുഴ നഗരസഭയുമായി കരാർ ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ കരാർ പ്രകാരം എന്നു പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ ?

<u>അണ്ടർ ഗ്രൗണ്ട് കേബിൾ സംവിധാനം</u>

413. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കേബിളുകൾ അണ്ടർ ഗ്രൗണ്ട് ആയി സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം പ്രദേശങ്ങളിലാണ് ഇത്തരത്തിൽ അണ്ടർഗ്രൗണ്ട് കേബിളുകൾ സ്ഥാപിച്ചിട്ടുള്ളതെന്നും പുതുതായി പ്രവൃത്തി എവിടെയെല്ലാം നടക്കുന്നുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കുമോ ;

(സി) നിലവിലെ വൈദ്യുത ലൈൻ സംവിധാനം മാറ്റി അണ്ടർ ഗ്രൗണ്ട് കേബിൾ സംവിധാനം പൂർണ്ണമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

<u>ഊർജ്ജ ഉൽപാദനം</u>

414. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉൽപാദന രംഗത്ത് ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം പുറകിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തെ ശരാശരി ഉൽപാദനം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഉൽപാദനവും ഉപഭോഗവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ എത്ര കുറവാണ് അനുഭവപ്പെടുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഊർജ്ജ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; പ്രോജക്ട് വൈസ് റിപ്പോർട്ട് ലഭ്യമാക്കാമോ;

(ഇ) ട്രാൻസ്മിഷൻ &ഡിസ്ട്രിബ്യൂഷൻ ലോസ്സ് കുറയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വിശദീകരിക്കാമോ; ട്രാൻസ്മിഷൻ ലോസ്സ് കൂടുതലാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

<u>എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ</u>

415. **ശ്രീ.കെ.ശിവദാസൻ നായർ**

**,,** ലൂഡി ലൂയിസ്

**,,** എം.എ. വാഹീദ്

**,,** സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇതിന്റെ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന വിശദമാക്കുമോ ?

<u>സൂക്ഷ്മ ജലവൈദ്യുത പദ്ധതിക്കുള്ള സാദ്ധ്യത</u>

416. **ശ്രീ.പുരുഷൻ കടലുണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം ഡാം സൈറ്റിലേക്കുള്ള യാത്രാ മദ്ധ്യേയുള്ള വെള്ളച്ചാട്ടങ്ങളിൽ സൂക്ഷ്മ ജലവൈദ്യുത പദ്ധതിക്കുള്ള സാദ്ധ്യത വിലയിരുത്തിയിട്ടുണ്ടോ.; ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(ബി) തലയാട് ഇരുപത്തിയാറാം മൈലിനടുത്ത് പൂനൂർ പുഴയിലെ ചുരത്തോട് വെള്ളച്ചാട്ടത്തിൽ സൂക്ഷ്മ ജലവൈദ്യുത പദ്ധതിക്കുള്ള സാദ്ധ്യത പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>വൈദ്യുത അപകടങ്ങൾ</u>

417. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള എ.എ.സി. ലൈനുകൾ മാറ്റി എ.സി.എസ്.ആർ. ലൈനുകളാക്കുന്ന പദ്ധതി എത്രത്തോളം പുരോഗമിച്ച് വരുന്നു എന്ന് വിശദമാക്കുമോ ;

(സി) വൈദ്യുതമേഖലയിൽ പ്രവർത്തിക്കുന്ന കരാർ തൊഴിലാളികളടക്കമുള്ള ജീവനക്കാരിലും അപകടങ്ങൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന് എന്തെല്ലാം കരുതൽ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

<u>എനർജി ഇന്നവേഷൻ സോൺ</u>

418. ശ്രീ.സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്
,, പി.സി വിഷ്ണുനാഥ്
,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എനർജി ഇന്നവേഷൻ സോൺ പ്രവർത്തിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിന്റെ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>വൈദ്യുത ലൈനുകളിൽ തട്ടിയുള്ള മരണം</u>

419. ശ്രീ.തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറുകളുടെയും തോടുകളുടെയും കുറുകെ താഴ്ന്ന കിടക്കുന്ന വൈദ്യുത ലൈനുകളിൽ തട്ടി ഹൗസ് ബോട്ടുകളിൽ സഞ്ചരിക്കുന്ന വിനോദസഞ്ചാരികൾ ഉൾപ്പെടെ ഷോക്കേറ്റ് മരണമടയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ലൈനുകൾ A പോളുകൾ സ്ഥാപിച്ച് ഉയർത്തുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ആലംകോട് ഓവർസീയർ ഓഫീസ്</u>

420. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലംകോട് ഇലക്ട്രിസിറ്റി ബോർഡ് ഓവർസീയർ ഓഫീസിൽ കറന്റ് ചാർജ് അടയ്ക്കുവാൻ സൗകര്യമൊരുക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) മൂന്ന് ഗ്രാമപഞ്ചായത്തുകൾക്ക് ഗുണകരമാകുന്ന പ്രസ്തുത സൗകര്യം എത്രയും വേഗം നടപ്പിലാക്കാമോ;

(സി) ആലംകോട് ഓവർസീയർ ഓഫീസ്, സെക്ഷൻ ഓഫീസാക്കി ഉയർത്തുന്ന നടപടി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

എനർജി സ്മാർട്ട് സ്കൂൾ പദ്ധതി

421. ശ്രീ.എം.പി.വിൻസെൻറ്
,, അൻവർ സാദത്ത്
,, വി.റ്റി.ബൽറാം
,, പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എനർജി സ്മാർട്ട് സ്കൂൾ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

സമ്പൂർണ വൈദ്യുതീകരണം

422. ശ്രീ.ജോസഫ് വാഴയ്ക്കൻ
,, സി.പി.മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ചെറുകിട കൃഷിക്കാർക്ക് കാർഷിക ആവശ്യത്തിന് വൈദ്യുതി കണക്ഷൻ

423. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുപ്പത്തി അഞ്ച് സെന്റ് ഭൂമിയിൽ കുറവുള്ള ചെറുകിട കൃഷിക്കാർക്ക് കാർഷിക ആവശ്യത്തിന് വൈദ്യുതി കണക്ഷൻ നൽകുവാൻ എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തടസ്സങ്ങൾ നീക്കി, 35 സെന്റ് ഭൂമിയിൽ കുറവുള്ള കർഷകർക്ക് കാർഷിക വൈദ്യുതി കണക്ഷൻ പ്രത്യേക താരീഫോടെ നിശ്ചയിച്ച് നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

മറയൂർ ആദിവാസിക്കോളനിയിലെ ഷോക്കേറ്റുള്ള മരണം

424. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിന്റെ അനാസ്ഥ മൂലം മറയൂർ ആദിവാസിക്കോളനിയിലെ മൂന്നു സ്ത്രീകൾ ഷോക്കേറ്റ് മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപകട സാധ്യത വൈദ്യുത ബോർഡിനെ അറിയിച്ചിട്ടും ഉചിതമായ നടപടി യഥാസമയം സ്വീകരിക്കാതിരുന്നത് സംബന്ധിച്ച് അന്വേഷണം നടത്തുമോ; ഇതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) അപകടത്തിൽ ഷോക്കേറ്റ് മരിച്ചവരുടെ ആശ്രിതർക്ക് വകുപ്പ് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് നൽകിയിട്ടുള്ളത്;

(ഡി) മരിച്ചവരുടെ ആശ്രിതർക്ക് പരമാവധി സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

വൈദ്യുതി നിരക്ക് വർദ്ധന

425. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാവശ്യം വൈദ്യുതി നിരക്കുകൾ വർദ്ധിപ്പിച്ചുവെന്നു വ്യക്തമാക്കുമോ ;ഓരോ പ്രാവശ്യവും ഓരോ സ്ലാബിനും യൂണിറ്റ് ഒന്നിന് എത്ര വീതം വർദ്ധനവ് വരുത്തി;ഈ ഇനത്തിൽ കെ.എസ്.ഇ.ബി.ക്ക് ഉണ്ടായ അധിക വരുമാനം എത്ര;

(ബി) കെ.എസ്.ഇ.ബി. ഇപ്പോൾ ലാഭത്തിലാണെങ്കിൽ 2011 മുതൽ ഓരോ വർഷത്തേയും ലാഭം എത്രയാണ്; നഷ്ടമാണെങ്കിൽ ഓരോ വർഷവും എത്ര;

വൈദ്യുതി ഉല്പാദനം

426. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര യൂണിറ്റ് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെയായി എത്ര യൂണിറ്റ് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

വൈദ്യുതി ഉല്പാദനത്തിന് പുതിയ പദ്ധതികൾ

427. **ശ്രീ.കെ.രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനത്തിന് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

വൈദ്യുതി മേഖല നേരിടുന്ന പ്രശ്നങ്ങൾ

428. **ശ്രീ.തോമസ് ഉണ്ണിയാടൻ**
**,, റ്റി.യു. കുരുവിള**
**,, സി.എഫ്.തോമസ്**
**,, മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

വൈദ്യുതി മോഷണം

429. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര യൂണിറ്റ് വൈദ്യുതി മോഷണം കണ്ടെത്തിയിട്ടുണ്ട്; ആയതു പ്രകാരം എന്തു തുക നാളിതുവരെ പിഴയിനത്തിൽ ഈടാക്കി; ജില്ല തിരിച്ച്

വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഇതുമായി ബന്ധപ്പെട്ട് എത്ര വൈദ്യുതി ബോർഡ് ജീവനക്കാരെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് പിടികൂടിയിട്ടുണ്ട്; അവർ ആരെല്ലാമെന്നും അവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെ പിഴയിനത്തിൽ എത്ര തുക ഈടാക്കി; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കാലയളവിൽ കാർഷിക വൈദ്യുതി കണക്ഷൻ മേഖലയിൽ എത്ര വൈദ്യുതി മോഷണ കേസുകൾ പിടികൂടി; ഇതുമായി ബന്ധപ്പെട്ട് എത്ര കണക്ഷനുകൾ റദ്ദാക്കി; എത്ര തുക പിഴയിനത്തിൽ ഈടാക്കി; വ്യക്തമാക്കുമോ?

## വൈദ്യുതി കരാർ

430. ശ്രീ.എളമരം കരീം
,, എസ്.ശർമ്മ
,, കെ.വി.അബ്ദുൾ ഖാദർ
,, ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എസ്.ഇ.എസ്. താപനിലയവുമായി സംസ്ഥാന വൈദ്യുതി ബോർഡ് ഏർപ്പെട്ടിട്ടുള്ള വൈദ്യുതി വാങ്ങൽ കരാറിന്റെ കാലാവധി കഴിഞ്ഞിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കരാറനുസരിച്ച് വൈദ്യുതി ബോർഡ് ബി.എസ്.ഇ.എസിന് ഇതുവരെ നൽകിയ ഫിക്സഡ് ചാർജ്ജ്, വേരിയബിൾ ചാർജ് എന്നിവ എത്രയാണെന്ന് വിശദമാക്കുമോ;

(സി) കരാർ പ്രകാരം വൈദ്യുതി ബോർഡ് ആകെ വാങ്ങിയ വൈദ്യുതി എത്രയാണ് ; ഇതനുസരിച്ച് ഓരോ യൂണിറ്റ് വൈദ്യുതിക്കും വൈദ്യുതി ബോർഡിന് എത്ര രൂപ ചെലവ് വന്നിട്ടുണ്ട് ;

(ഡി) കരാർ നീട്ടി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ?

## വൈദ്യുതി പ്രസരണ മേഖലയിലെ നേട്ടങ്ങൾ

431. ശ്രീ.എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി പ്രസരണ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## വൈദ്യുതി റീഡിംഗ്

432. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി റീഡിംഗ് രേഖപ്പെടുത്താൻ എത്തുമ്പോൾ രണ്ടു പ്രാവശ്യം വീട് പൂട്ടിക്കിടന്നാൽ പിഴ ഏർപ്പെടുത്താനോ, വൈദ്യുതി വിഛേദിക്കാനോ ഉള്ള വ്യവസ്ഥ ഉൾപ്പെടുത്തി ഉത്തരവുണ്ടായിട്ടുണ്ടോ ; എങ്കിൽ അത് പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത വ്യവസ്ഥ വേണ്ടത്ര മുൻകരുതലുകൾ സ്വീകരിക്കാതെ ഏർപ്പെടുത്തുന്നതിലെ നീതിരാഹിത്യം ബോദ്ധ്യമായിട്ടുണ്ടോ ; എങ്കിൽ എന്ത് തുടർ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇക്കാര്യത്തിൽ ഉപഭോക്താക്കൾ നേരിടേണ്ടി വരുന്ന സുരക്ഷാ പ്രശ്നങ്ങൾ പരിഗണിക്കപ്പെട്ടിട്ടുണ്ടോ ; മീറ്റർ റീഡിംഗിന് നിശ്ചിത ദിവസവും, സമയവും മുൻകൂർ അറിയിക്കാൻ വ്യവസ്ഥ നിലിവിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഉപഭോക്തൃ സൗഹൃദ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ ?

<u>വൈദ്യുതി നിരക്ക വർദ്ധന</u>

433. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 2015 നവംബർ 30 വരെ എത്ര പ്രാവശ്യം വൈദ്യുതി നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) കെ.എസ്.ഇ.ബി-യ്ക്ക് കുടിശ്ശികയിനത്തിൽ എന്തു തുക പിരിഞ്ഞുകിട്ടാനുണ്ട്; വിശദവിവരം നൽകുമോ;

(സി) കുടിശ്ശിക തുക പിരിച്ചെടുക്കുവാനുള്ള ബുദ്ധിമുട്ടുകൾ സംബന്ധിച്ച വിശദമായ വിവരം നൽകുമോ?

<u>വൈദ്യുതി കണക്ഷന് കാലതാമസം</u>

434. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ ഇലക്ട്രിക് പോസ്റ്റുകളുടെ കുറവ്മൂലം വൈദ്യുതി കണക്ഷൻ നൽകുന്നതിന് കാലതാമസം നേരിടുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വൈദ്യുതി കണക്ഷനുവേണ്ടി പണമടച്ച എത്ര പേർക്കാണ് പോസ്റ്റില്ല എന്ന കാരണത്താൽ കണക്ഷനുകൾ നൽകുവാനുള്ളതെന്ന് സെക്ഷൻ തിരിച്ച കണക്കുകൾ നൽകുമോ ;

(സി) ജില്ലയിലേക്ക് വൈദ്യുതി പോസ്റ്റുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>വൈദ്യുതി സംരക്ഷണ ബോധവൽക്കരണ പരിപാടികൾ</u>

435. **ശ്രീ.എ.എ.അസീസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി സംരക്ഷണത്തിന് ഏതൊക്കെ ബോധവൽക്കരണ പരിപാടികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികൾ വഴി ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണ് വിശദമാക്കുമോ ?

<u>പുതുതായി വൈദ്യുതി കണക്ഷൻ</u>

436. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി വൈദ്യുതി കണക്ഷൻ എടുക്കുന്നവരിൽ നിന്നും മീറ്ററിന് സെക്യൂരിറ്റി തുകയും സർവ്വീസ് ചാർജ്ജും ഈടാക്കുവാൻ KSEB ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ബി) ഉപഭോക്താക്കളിൽ നിന്നും എത്ര രൂപ വീതമാണ് KSEB പിരിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്;

(സി) നിലവിലുള്ള പ്രസ്തുത ഉത്തരവ് അനുസരിച്ച് കേരളത്തിൽ എവിടെയെങ്കിലും സർവ്വീസ് ചാർജ്ജും സെക്യൂരിറ്റി തുകയും പിരിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>വൈദ്യുതി മേഖലയിലെ പ്രസരണ നഷ്ടം</u>

437. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, വൈദ്യുതി മേഖലയിലുണ്ടാകുന്ന പ്രസരണ നഷ്ടം സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകളുടെ വിശദാംശം നൽകുമോ ;

(ബി) മുൻ വർഷങ്ങളിലേതുമായി താരതമ്യ പഠനം നടത്തിയപ്പോൾ കണ്ടെത്തിയ ന്യൂനത പരിഹരിക്കാൻ സ്വികരിച്ച നടപടികൾ എന്തെല്ലാം;

(സി) ബോർഡിന് ഈയിനത്തിൽ എത്ര ശതമാനം ഫണ്ട് നഷ്ടമായെന്ന് കണക്കാക്കിയിട്ടുണ്ടോ ?

<u>വൈദ്യുതി ഉൽപാദന സ്രോതസ്സുകൾ</u>

438. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആരംഭിക്കപ്പെട്ട വൈദ്യുതി ഉൽപാദന സ്രോതസ്സുകൾ ഏതെല്ലാമാണ് ; ഇതുമൂലം എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപാദിപ്പിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ ?

<u>വൈദ്യുതി ചാർജ്ജ് വർദ്ധന</u>

439. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര തവണ വൈദ്യുതി ചാർജ്ജും സർചാർജ്ജും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്;

(ബി) ഓരോ തവണ വർധിപ്പിച്ച നിരക്കുകളും ചുമത്തിയ സർ ചാർജ്ജും എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) അവസാനമായി വൈദ്യുതി ചാർജ് വർധിപ്പിച്ചത് എന്നാണ്?

<u>വൈദ്യുതി ചാർജ്ജ് വർദ്ധനവ്</u>

440. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ എത്ര തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടെന്നു പറയാമോ ; ഓരോ തവണയും വർദ്ധിപ്പിച്ചത് എത്ര വീതമാണെന്ന് പറയാമോ ;

(ബി) വൈദ്യുതി ചാർജ്ജ് വർദ്ധനവിൽ നിന്നും ഏതെങ്കിലും വിഭാഗങ്ങളെ ഒഴിവാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇപ്രകാരം ഒഴിവാക്കപ്പെടുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് പറയാമോ ;

(സി) മുമ്പ് നിലനിന്നിരുന്നതുപോലെ കുടിൽജ്യോതിപോലുള്ള പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ഈ ഇനത്തിൽ സൗജന്യ വൈദ്യുതിയ്ക്ക് അർഹതയുള്ള എത്രയാളുകൾ കേരളത്തിലുണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

<u>വൈദ്യുതി ചാർജ്ജ് വർദ്ധനവ്</u>

441. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഓരോ വിഭാഗത്തിലേയും ഉപഭോക്താക്കൾക്ക് എത്ര രൂപ വീതം വർദ്ധനവാണ് വരുത്തിയിട്ടുള്ളതെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ?

<u>വൈദ്യുതി ഉല്പാദനവും നിരക്കും</u>

442. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ആകെ വൈദ്യുതി ഉല്പാദനം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) മറ്റ് സംസ്ഥാനങ്ങളിലേക്ക് വൈദ്യുതി നൽകുന്നുണ്ടോ ; എങ്കിൽ നിരക്ക് എത്രയാണ്;

(സി) വിവിധ ഉപഭോക്താക്കളിൽ നിന്നും ഒരു യൂണിറ്റ് വൈദ്യുതിക്ക് ഈടാക്കുന്ന നിരക്ക് എത്രയെന്ന് വെളിപ്പെടുത്താമോ ;

(ഡി) വില നിരക്കിൽ വ്യത്യാസം നിലനിൽക്കുന്നതിന്റെ കാരണം വിശദമാക്കാമോ ?

മസ്ദൂർ തസ്തികയിലെ ഒഴിവുകൾ

443. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ മസ്ദൂർ തസ്തികകളിൽ എത്ര ഒഴിവുകളാണ് ഉള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ ഒഴിവുകൾ യഥാസമയം പി.എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, അതു പ്രകാരം എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ കഴിയുമെന്നും വിശദമാക്കുമോ;

(ഡി) പാലക്കാട് ജില്ലയിലെ മസ്ദൂർ റാങ്ക് ലിസ്റ്റിലുള്ള മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

വൈദ്യുതി സ്വന്തമായി ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ

444. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹികാവശ്യങ്ങളിലേക്കുള്ള വൈദ്യുതി സ്വന്തമായി ഉത്പാദിപ്പിക്കുന്നതിന് സഹായകമായ നിലവിലുള്ള സംസ്ഥാന/കേന്ദ്ര പദ്ധതികളുടെ വിശദാംശം അറിയിക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇത്തരം പദ്ധതികൾക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ആയതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും എത്ര മെഗാവാട്ട് വൈദ്യുതി ഇത്തരത്തിൽ ഉത്പാദിപ്പിച്ചിട്ടുണ്ടെന്നുമുള്ള വിവരങ്ങളുടെ വിശദാംശങ്ങൾ വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ?

ഗാർഹിക വൈദ്യുതിയുടെ യൂണിറ്റ് വില

445. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഗാർഹിക ഉപയോഗത്തിനുള്ള ഒരു യൂണിറ്റ് വൈദ്യുതിയ്ക്ക് എത്ര രൂപയാണ് ഉപഭോക്താവിൽ നിന്നും ഈടാക്കിയിരുന്നത്; വ്യക്തമാക്കുമോ;

(ബി) 1-11-2015 ൽ ഗാർഹിക ഉപയോഗത്തിനുള്ള ഒരു യൂണിറ്റ് വൈദ്യുതിയ്ക്ക് ഈടാക്കുന്ന തുക എത്രയെന്നു വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര തവണ വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചു; വിശദാംശം ലഭ്യമാക്കാമോ?

വൈദ്യുതി ഉല്പാദനത്തിൽ സ്വയംപര്യാപ്തത

446. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വൈദ്യുതി ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് എത്ര രൂപ ചെലവ് വരുന്നു എന്നും,

ഉപഭോക്താവിന് എത്ര രൂപക്ക് നൽകുന്നു എന്നും കേന്ദ്രപൂളിൽ നിന്നുള്ള വൈദ്യുതിക്ക് എത്ര രൂപ നൽകുന്നുവെന്നും വ്യക്തമാക്കുമോ ;

(സി) പ്രകൃതി വാതകം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## വൈദ്യുതി ഉത്പാദനത്തിനുള്ള പുതിയ പദ്ധതികൾ

447. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ പദ്ധതികളുടെ അഭാവത്തിൽ കേരളത്തിലെ വൈദ്യുതി ഉത്പാദനം പ്രതിസന്ധിയിലാണെന്നു കരുതുന്നുണ്ടോ; വ്യക്തമാക്കുമോ ;

(ബി) പുതിയ പദ്ധതികൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാമെന്നു വ്യക്തമാക്കാമോ ?

## വാമനപുരം നിയോജകമണ്ഡലത്തിലെ കെ.എസ്.ഇ.ബി. ഓഫീസുകൾ

448. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.യുടെ എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നു ; ഓരോ ഓഫീസിന്റെ പരിധിയിലും എത്ര ഉപഭോക്താക്കൾ വീതം ഉണ്ടെന്നുള്ള വിശദമായ പട്ടിക ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ഓഫീസുകളിൽ ഓരോന്നിലും ലഭ്യമാകുന്ന ശരാശരി പ്രതിമാസ വരുമാനം എത്രയാണെന്ന് അറിയിക്കാമോ ?

## അങ്കമാലി- ഭൂഗർഭകേബിളുകൾ

449. **ശ്രീ.ജോസ് തെറ്റയിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനരാവിഷ്കൃത ഊർജ്ജ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അങ്കമാലി നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ ഭൂഗർഭകേബിളുകൾ സ്ഥാപിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) കരാർ പ്രകാരം പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടത് എന്നത്തേക്കാണെന്നും അവ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(സി) കാലടി പ്രദേശത്തെ പ്രവൃർത്തിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ?

## കിനാലൂർ കെ.എസ്.ഐ.ഡി.സി. സബ്സ്റ്റേഷൻ നിർമ്മാണം

450. **ശ്രീ.പുരുഷൻ കടലുണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കിനാലൂർ കെ.എസ്.ഐ.ഡി.സി. സബ്സ്റ്റേഷൻ (110 കെ. വി ) നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നിർമ്മാണ പുരോഗതി അറിയിക്കുമോ?

## പാലാംകോണം സബ്-സ്റ്റേഷൻ പ്രവർത്തനം

451. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി വെഞ്ഞാറമൂട് സെക്ഷൻ പരിധിയിൽ പ്രവർത്തിക്കുന്ന പാലാംകോണം സബ്-സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചത് എന്നാണെന്ന് അറിയിക്കാമോ ;

(ബി) പ്രവർത്തനം ആരംഭിച്ചതു മുതൽ നാളിതുവരെ പ്രസ്തുത സബ്-സ്റ്റേഷന്റെ അറ്റകുറ്റപ്പണികൾക്കായി ഓരോവർഷവും എത്ര രൂപാവീതം ചെലവാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) പാലാംകോണം സബ്-സ്റ്റേഷനിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന അറ്റകുറ്റപ്പണികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത സബ്-സ്റ്റേഷനിൽ നിരന്തരമുണ്ടാക്കുന്ന പവർ ഫെയിലിയർ ശാശ്വതമായി പരിഹരിക്കുന്നതിനും ഇതിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

## കുട്ടനാട് വൈദ്യുത പാക്കേജ്

452. **ശ്രീ.തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 42 കോടി രൂപയുടെ കുട്ടനാട് വൈദ്യുത പാക്കേജിൽ നാളിതുവരെ കുട്ടനാട്ടിൽ നടന്ന വികസന പ്രവർത്തനങ്ങൾ വിശദമാക്കുന്ന റിപ്പോർട്ട് ലഭ്യമാക്കുമോ ;പ്രസ്തുത പാക്കേജിൽ തുക പൂർണ്ണമായും ചെലവഴിച്ചോ;

(ബി) മങ്കൊമ്പ് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് കെട്ടിടത്തിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ഊർജ്ജിത ഊർജ്ജ വികസന പദ്ധതി

453. **ശ്രീ.സി.എഫ്.തോമസ് :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ചങ്ങനാശ്ശേരി മേജർ സെക്ഷനിൽ ആരംഭിച്ച ഊർജ്ജിത ഊർജ്ജ വികസന പദ്ധതിയിൽ നിശ്ചയിച്ചിരുന്ന പദ്ധതികൾ പൂർത്തിയായോ ;ഇല്ലെങ്കിൽ ബാക്കി പദ്ധതികൾ എന്നത്തേക്കു പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

## ഓൺലൈൻ പേയ്മെന്റ്

454. **ശ്രീ.കെ.ശിവദാസൻ നായർ**
,, പി.എ.മാധവൻ
,, ടി.എൻ. പ്രതാപൻ
,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ് ഓൺലൈനിൽ അടക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

## ദീനദയാൽ ഉപാദ്ധ്യായ ഗ്രാമീൺ ജ്യോതി യോജന

455. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി 33 കെ.വി സബ് സ്റ്റേഷന്റെ നവീകരണത്തിനായി ദീനദയാൽ ഉപാദ്ധ്യായ ഗ്രാമീൺ ജ്യോതി യോജന പ്രകാരം (DDUGJY) 80 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; വിശദാംശം വ്യക്തമാക്കാമോ;

(സി) കഴിയുന്നത്ര വേഗത്തിൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>സൗരോർജ്ജ നയം</u>

456. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, ഷാഫി പറമ്പിൽ

,, എം.പി.വിൻസെൻറ്

,, കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരോർജ്ജ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് നയം നടപ്പാക്കുന്നത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>പാത്രക്കണം കോളനി വൈദ്യുതീകരണം</u>

457. ശ്രീ.എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ മണ്ഡലത്തിലെ എ.ഡി.എസ് -ൽ ഉൾപ്പെട്ട പാത്രക്കണം കോളനി വൈദ്യുതീകരണം സംബന്ധിച്ച ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

<u>സൗരോർജ്ജ വൈദ്യുത പദ്ധതി</u>

458. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ വൈദ്യുത പദ്ധതി പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഏതൊക്കെ സർക്കാർ സ്ഥാപനങ്ങളിൽ പൂർണ്ണമായും സൗരോർജ്ജ വൈദ്യുതി ഉപയോഗിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ഗാർഹിക ഉപഭോക്താക്കൾക്ക് കൂടുതൽ സബ്സിഡി നൽകി സൗരോർജ്ജ വൈദ്യുതീകരണം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>സൗരോർജ്ജ വൈദ്യുതി</u>

459. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ പാരമ്പര്യേതര ഊർജ്ജോൽപാദനവും ഉപഭോഗവും പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കുമോ;

(ബി) സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിച്ച് വീടുകളിൽ ഉപയോഗിക്കുന്നതിന് അനെർട്ട് മുഖാന്തിരം ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന രീതി, ചെലവാക്കേണ്ട തുക സബ്സിഡി എന്നിവ വിശദീകരിക്കുമോ?

<u>സൗരോർജ്ജ വൈദ്യുതി</u>

460. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ക്ഷാമം നേരിടുന്നതിനാൽ സൗരോർജ്ജ വൈദ്യുതി കൂടുതലായി ഉപയോഗിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഒട്ടേറെ വൈദ്യുതി പ്രതിദിനം ഉപയോഗിക്കപ്പെടുന്ന സർക്കാർ ഓഫീസുകളിൽ പരമാവധി സൗരോർജ്ജം ഉപയോഗിക്കാവുന്ന വിധം വിവിധ പദ്ധതികളിൽപ്പെടുത്തി സൗരോർജ്ജ പ്ലാൻറുകൾ സ്ഥാപിക്കുന്നതിനും അത് വിദ്യുച്ഛക്തി വകുപ്പിന്റെ മേൽ നോട്ടത്തിൽ സംരക്ഷിക്കപ്പെടുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ;

(സി) പ്രസ്തുത ഓഫീസുകളിൽ കഴിയുന്നത്ര സൗരോർജ്ജ വൈദ്യുതി വിനിയോഗിക്കുന്നതിനും വൈദ്യുതി ഉപഭോഗം കുറഞ്ഞതും ക്ഷമതയുള്ളതുമായ എൽ.ഇ.ഡി.ബൾബുകൾ ഉപയോഗിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>കൂടംകുളം വൈദ്യുതി ലെയിൻ നിർമ്മാണം</u>

461. **ശ്രീ.റോഷി അഗസ്റ്റിൻ**

**,,** എം.വി.ശ്രേയാംസ് കുമാർ

ഡോ.എൻ. ജയരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടംകുളം വൈദ്യുതി ലെയിൻ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദമാക്കുമോ ;

(ബി) ലെയിൻ കടന്നുപോകുന്ന മേഖലയിലെ കർഷകരുടെ ആശങ്ക പരിഹരിക്കുന്നതിനുള്ള പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പാക്കേജിന്റെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത പാക്കേജിന്റെ വിശദാംശങ്ങൾ വിവരിക്കുമോ ?

<u>കൊണ്ടോട്ടി മണ്ഡലത്തിലെ ഊർജ്ജ പരിപോഷണ പദ്ധതികൾ</u>

462. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ കൊണ്ടോട്ടി, പുളിക്കൽ, എടവണ്ണപ്പാറ, കരാട് സെക്ഷനുകളിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റിനു വേണ്ടിയും, ലൈനുകളിലെ അറ്റകുറ്റപ്പണികൾക്കുവേണ്ടിയും ഏതെല്ലാം പദ്ധതികൾ ഈ വർഷം നടത്തിയിട്ടുണ്ടെന്നും പുതുതായി ഏതെല്ലാം പദ്ധതികൾ നടത്താൻ ഉദ്ദേശിക്കുന്നു എന്നും വിശദമാക്കുമോ ;

(ബി) പുതിയ സെക്ഷൻ, സബ്സ്റ്റേഷൻ എന്നിവ മണ്ഡലത്തിൽ പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പദ്ധതികൾ</u>

463. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഊർജ്ജവകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പദ്ധതികൾ ഏതെല്ലാം;ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ; ഓരോ പദ്ധതിയുടേയും നിലവിലെ പുരോഗതി കൂടി വിശദമാക്കാമോ?

<u>മാവേലിക്കര-ഊർജ്ജവകുപ്പിന്റെ പ്രവൃത്തികൾ</u>

464. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം മാവേലിക്കര മണ്ഡലത്തിൽ ഊർജ്ജവകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവ നടപ്പിലാക്കുന്നതിന് വിനിയോഗിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>വൈദ്യുതിയുടെ പ്രസരണ നഷ്ടം</u>

465. **ശ്രീ.എം.പി.വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) വൈദ്യുതി പ്രസരണ മേഖലയിലെ പ്രതിസന്ധികൾ എന്തെല്ലാം;

(സി) വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുവാൻ അന്താരാഷ്ട്ര നിലവാരത്തിലുള്ള പദ്ധതികൾ നടപ്പാലാക്കുമോ?

<u>പൂഴിക്കോൽ പട്ടികജാതി കുടിവെള്ള പദ്ധതിയുടെ വൈദ്യുതി കണക്ഷൻ</u>

466. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ പൂഴിക്കോൽ പട്ടികജാതി കുടിവെള്ള പദ്ധതിയുടെ വൈദ്യുതി കണക്ഷൻ സംബന്ധിച്ച് 14/2/2015 ൽ ബഹു. വൈദ്യുതി വകുപ്പു മന്ത്രിക്ക് നൽകിയിരുന്ന നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ.;

(ബി) ഇതുസംബന്ധിച്ച് ഫയൽ നമ്പർ അറിയിക്കുമോ; പ്രസ്തുത പരാതി പരിഹരിക്കുന്നതിന് വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;ഇതിനെക്കുറിച്ചുള്ള മറുപടി എം.എൽ.എ യെ യും പരാതിക്കാരനെയും അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

<u>കമ്പനികളുടെ മെക്കാനിക്കൽ/ഇലക്ട്രോണിക് മീറ്ററുകൾ</u>

467. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വർഷവും വൈദ്യുതി വകുപ്പ് ഏതെല്ലാം കമ്പനികളുടെ മെക്കാനിക്കൽ/ഇലക്ട്രോണിക് മീറ്ററുകളാണ് വാങ്ങുന്നത്; ഇവയ്ക്ക് ഓരോന്നിനും എന്തു വില നൽകിയാണ് വാങ്ങുന്നത്; ഇവ പൊതുമേഖല/സ്വകാര്യമേഖല കമ്പനികളിൽ നിന്നും ഓരോ വർഷവും എത്ര വീതം വാങ്ങുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾ ഉപയോഗിക്കുന്ന മെക്കാനിക്കൽ/ഇലക്ട്രോണിക്ക് വൈദ്യുതി മീറ്ററുകളിൽ നിലവിൽ കേടായ മീറ്ററുകൾ എത്രെയന്ന് തരം തിരിച്ച് വ്യക്തമാക്കുമോ;

(സി) കേടായ മുഴുവൻ മീറ്ററുകളും മാറ്റി സ്ഥാപിക്കുന്നതിന് ബോർഡിന് എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) കേടായ മീറ്ററുകൾ ഉപയോഗിക്കുന്നതു മൂലം വൈദ്യുതി ബോർഡിന് പ്രതിവർഷം ഉണ്ടാകുന്ന നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനമൊട്ടാകെ ഉപയാഗിക്കുന്ന മെക്കാനിക്കൽ മീറ്ററിൻെറയും ഇലക്ട്രോണിക് മീറ്ററിൻെറയും എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(എഫ്) മെക്കാനിക്കൽ മീറ്ററുകളിലെ കൃത്രിമം സംബന്ധിച്ച് കെ.എസ്.ഇ.ബി. വിജിലൻസ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുള്ള കാര്യങ്ങളെന്തൊക്കയാണെന്ന് വ്യക്തമാക്കുമോ?

വൈദ്യുതീകരണം

468. **ശ്രീ.കെ.രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിലെ വൈദ്യുതീകരിച്ച വീട്ടുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുനലൂർ നിയോജകമണ്ഡലത്തിൽ എത്ര വീട്ടുകൾക്ക് വൈദ്യുതി കണക്ഷൻ അനുവദിച്ചു എന്നും അവ ഏതൊക്കെ വിഭാഗങ്ങളിൽപ്പെടുന്നുവെന്നും വ്യക്തമാക്കുമോ?

പറമ്പിക്കുളം ആദിവാസി മേഖലയിലെ വൈദ്യുതി വിതരണം

469. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ പറമ്പിക്കുളം ആദിവാസി മേഖലയിലെ മുഴുവൻ ഊരുകളിലും വൈദ്യുതി എത്തിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കുറവിലങ്ങാട് കെ.എസ്.ഇ.ബി. ഓഫീസ് നിർമ്മാണം

470. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് വൈദ്യുതി ഭവൻ നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ; ഈ പദ്ധതി നടപ്പാക്കുന്നതിന് കെ.എസ്.ഇ.ബി. അനുമതി നൽകിയിട്ടുണ്ടോ; പദ്ധതി നടപ്പാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ;

(ബി) കുറവിലങ്ങാട് 66 കെ.വി സബ് സ്റ്റേഷൻ കോമ്പൗണ്ടിൽ വൈദ്യുതി ഭവൻ നിർമ്മാണത്തിന് അനുവാദം നൽകിയിട്ടുണ്ടോ; ഇത് എന്നേക്ക് നടപ്പിലാക്കും എന്നറിയിക്കാമോ; ഇതു സംബന്ധിച്ച് ഫയൽ ഇപ്പോൾ ആരുടെ പരിഗണനയിലാണ് എന്ന് വ്യക്തമാക്കുമോ ?

ഇന്റഗ്രേറ്റഡ് പവർ ഡെവലപ്പ്മെന്റ് സ്കീം

471. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റഗ്രേറ്റഡ് പവർ ഡെവലപ്പ്മെന്റ് സ്കീം പ്രകാരം നഗര വൈദ്യുതീകരണ വിപുലീകരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്തിന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പെരുന്തേനരുവി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന്റെ നിർമ്മാണം

472. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുന്തേനരുവി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന്റെ നിർമ്മാണം ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കാമോ; കരാർ പ്രകാരം നിർമ്മാണം പൂർത്തിയാക്കേണ്ട കാലാവധി എന്നാണ്; നിർമ്മാണം വൈകാനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇവിടെ ഉത്പാദിപ്പിക്കുന്നത്; ഇവിടെ ഉത്പാദിപ്പിക്കുന്ന വൈദ്യുതി

എവിടെ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി സബ് സ്റ്റേഷൻ എവിടെ സ്ഥാപിക്കും; വിശദമാക്കാമോ;

(സി) എത്ര രൂപയാണ് പദ്ധതിക്കായി ആകെ ചെലവഴിക്കുക; പദ്ധതി പൂർത്തിയാക്കി എന്നുമുതൽ വൈദ്യുത വിതരണം സാധ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

<u>വള്ളിക്കുന്നം സെക്ഷൻ ഓഫീസ്</u>

473. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ വള്ളിക്കുന്നം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ പരിഹരിച്ച് പ്രവർത്തനം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ;

(ബി) മാവേലിക്കര നിയോജക മണ്ഡലത്തിലെ ഇലക്ട്രിക്കൽ സെക്ഷൻ ആഫീസുകളിലെ ഉപഭോക്താക്കളുടെ വിശദവിവരം ലഭ്യമാക്കുമോ ?

<u>ഇൻറഗ്രേറ്റഡ് പവർ ഡവലപ്പ്മെന്റ് സ്കീം പദ്ധതി</u>

474. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻറഗ്രേറ്റഡ് പവർ ഡവലപ്പ്മെന്റ് സ്കീം പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിലെ കുന്നംകുളം സബ്-സ്റ്റേഷന്റെ നവീകരണത്തിന് 6.5 ലക്ഷം രൂപയുടെയും കൊങ്ങന്നൂർ 33 കെ. വി സബ് സ്റ്റേഷന്റെ നവീകരണത്തിന് 195 ലക്ഷം രൂപയുടെയും പ്രപ്പോസലുകൾ തയ്യാറാക്കിയിരുന്നുവോ;

(ബി) ഈ പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; വ്യക്തമാക്കുമോ ;

(സി) കഴിവതും വേഗത്തിൽ ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ചാത്തംകോട്ട്നട ചെറുകിട ജലവൈദ്യുത പദ്ധതി</u>

475. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട ജലവൈദ്യുത പദ്ധതികളിൽപെട്ട ചാത്തംകോട്ട് നട പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വിശദമാക്കുമോ ;

(ബി) പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ ?

<u>ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് വിഭജനം</u>

476. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടശ്ശേരിക്കര ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിനു കീഴിൽ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിലെ എത്ര ഉപഭോക്താക്കളാണ് ഉള്ളതെന്നും ഇതിൽ ഗാർഹിക/ഗാർഹികേതര കണക്ഷനുകൾ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ശബരിമല ഉൾപ്പെടെയുള്ള പ്രദേശങ്ങളും മലയോര മേഖലയും ചേർന്നുവരുന്ന പ്രസ്തുത വിശാല മേഖലയിൽ ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് മാത്രമേ ഉള്ളു എന്നതിനാൽ പൊതുജനങ്ങളും ജീവനക്കാരും ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സാഹചര്യത്തിൽ വടശേരിക്കര ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച്അത്തിക്കയമോ പെരുനാടോ കേന്ദ്രീകരിച്ച് പുതിയ ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>കടമക്കുടിയിൽ ട്രാൻസ് ഫോർമർ</u>

477. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ വൈദ്യുതി ക്ഷാമം നേരിടുന്ന കടമക്കുടിയിൽ കോരാമ്പാടം കപ്പേളക്ക് സമീപം ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) ടി പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

<u>മണ്ണാർക്കാട് വൈദ്യുതിഭവൻ</u>

478. **ശ്രീ.എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിലെ വൈദ്യുതിഭവൻ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്തായി എന്ന് വിശദീകരിക്കാമോ?

<u>പാടിയോട്ടുചാൽ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് പരിധി വിഭജനം</u>

479. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കെ.എസ്.ഇ.ബി പാടിയോട്ടുചാൽ സെക്ഷൻ ഓഫീസിന്റെ പരിധി വിഭജിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ പരിഗണനയിലുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എടുത്തിട്ടുള്ള തീരുമാനങ്ങൾ വിശദമാക്കുമോ ?

<u>വർദ്ധിപ്പിച്ച വൈദ്യുതി നിരക്ക്</u>

480. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും ഏതെല്ലാം ഇനത്തിൽ വർദ്ധിപ്പിച്ച നിരക്കുകൾ ഈടാക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത ഇനങ്ങളിലെ നിരക്ക് വർദ്ധനവിലൂടെ കെ.എസ്.ഇ.ബി. യുടെ വരുമാനം എത്ര വർദ്ധിച്ചിട്ടുണ്ടെന്ന് പറയാമോ ?

<u>വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ വൈദ്യുതി</u>

481. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിന് വൈദ്യുതി ലഭ്യമാക്കുമെന്ന കേന്ദ്ര വൈദ്യുതിമന്ത്രിയുടെ പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേന്ദ്രമന്ത്രിയുടെ പ്രഖ്യാപനം നടപ്പായിട്ടുണ്ടോ ; ഉണ്ടെങ്കിൽ കേരളത്തിന് എത്ര മെഗാവാട്ട് വൈദ്യുതിയാണ് ലഭിക്കുന്നത് ; എന്നുമുതലാണ് ലഭിച്ചുതുടങ്ങിയത് ; വില എപ്രകാരമാണ് ;

(സി) ഈ വൈദ്യുതി കൊണ്ടുവരുന്നതിന് ട്രാൻസ്മിഷൻ ലൈൻ ലഭ്യമാണോ ; ഏതു ലൈനിലൂടെയാണ് വൈദ്യുതി ലഭിക്കുന്നത് ;

(ഡി) ട്രാൻസ്മിഷൻ ലൈനിന്റെ അഭാവം മൂലം ഈ വൈദ്യുതി ലഭിക്കാത്ത സാഹചര്യമുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>വൈദ്യുതിമേഖലയിലെ അപകടങ്ങൾ</u>

482. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ലൈനിലെ അറ്റകുറ്റപ്പണികൾക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾ, മഴക്കാലങ്ങളിൽ വൈദ്യുതി ലൈൻ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഇവ ഒഴിവാക്കുന്നതിന്

എന്തെല്ലാം സുരക്ഷാ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) വൈദ്യുതിമേഖലയിൽ ഉണ്ടായേക്കാവുന്ന അപകടങ്ങളെ ഒഴിവാക്കാൻ സഹായിക്കുന്ന ആധുനിക ഉപകരണങ്ങൾ കെ.എസ്.ഇ.ബി.ക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ചെറായി **110** കെ.വി. സബ് സ്റ്റേഷൻ</u>

483. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറായി 110 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട്, ഹൈക്കോടതി നിർദ്ദേശപ്രകാരം എറണാകുളം അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് നിയോഗിച്ച അഡ്വക്കേറ്റ് കമ്മീഷന് റിപ്പോർട്ട് ഹാജരാക്കുന്നതിന് സമയപരിധി നിശ്ചയിച്ചുനൽകിയിരുന്നുവോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദമാക്കാമോ ;

(ബി) പ്രസ്തുത അഡ്വക്കേറ്റ് കമ്മീഷൻ, റിപ്പോർട്ട് സമർപ്പിക്കൽ അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്താമക്കുമോ ?

<u>കേന്ദ്ര ഗവൺമെന്റിന്റെ വൈദ്യുതി നിയമ ഭേദഗതി **2015**</u>

484. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ വൈദ്യുതി നിയമ ഭേദഗതി 2015ന്റെ വിപത്തുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിപത്തുകൾ തരണം ചെയ്യാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ;

(സി) പുതിയ നിയമഭേദഗതി കരടിന് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>തിരുനെൽവേലി കൊച്ചി **400** കെ .വി . ലൈൻ</u>

485. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**,, കെ.സുരേഷ് കുറുപ്പ്**
**ശ്രീമതി.പി. അയിഷാ പോറ്റി**
**ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടങ്കുളം ആണവനിലയത്തിൽ നിന്നും കേരളത്തിലേക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള തിരുനെൽവേലി മുതൽ കൊച്ചിവരെയുള്ള 400 കെ.വി. ലൈൻ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ് ;

(ബി) ഈ ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(സി) ഇതുമായി ബന്ധപ്പെട്ട് കർഷകർക്ക് എത്ര തുക നഷ്ടപരിഹാരം നൽകാനാണ് തീരുമാനിച്ചിട്ടുള്ളത് ; ഇതു സംസ്ഥാന സർക്കാർ വഹിക്കാനാണോ തീരുമാനിച്ചിട്ടുള്ളത് ;

(ഡി) നഷ്ടപരിഹാരം നൽകുന്നതിന്റെ ഭാഗമായി ഈ ലൈൻ മുഖാന്തിരം കൂടങ്കുളം ആണവ നിലയത്തിൽ നിന്ന് കൊണ്ടുവരുന്ന വൈദ്യുതിക്ക് യൂണിറ്റിന് എത്ര രൂപ അധിക ചെലവുണ്ടാകും?

<u>മങ്കട **66** കെ.വി സബ് സ്റ്റേഷൻ</u>

486. ശ്രീ.റ്റി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട 66 കെ.വി സബ് സ്റ്റേഷൻ നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സബ് സ്റ്റേഷൻ എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ശബരി റെയിൽപാത</u>

487. ശ്രീ.സാജു പോൾ
,, രാജു എബ്രഹാം
,, സി.കെ സദാശിവൻ
,, ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരി റെയിൽപാതയുടെ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ;

(ബി) ശബരി റെയിൽപാത സംസ്ഥാനത്തിന്റെ പൊതു വികസനത്തിനടക്കം ഏറെ പ്രയോജനകരമാണെന്നതു കൂടി കണക്കിലെടുത്ത് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സർക്കാരിന്റെ ഭാഗത്തു നിന്നും വേണ്ടത്ര ജാഗ്രത കാട്ടുന്നില്ല എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) ശബരി പദ്ധതി പ്രഖ്യാപിച്ചത് ഏത് വർഷത്തെ റെയിൽ ബജറ്റിലാണെന്നും, അതിനുശേഷമുള്ള ബജറ്റുകളിൽ പദ്ധതിക്കാവശ്യമായ തുക വകയിരുത്തുന്നതിന് വേണ്ട എന്തെങ്കിലും നടപടികൾ ആവശ്യമായ സമയത്ത് സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ഡി) ഇന്നത്തെ സാഹചര്യത്തിൽ ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിലെ തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

<u>രാജ്യ റാണി എക്സ്പ്രസ്സ്</u>

488. ശ്രീ.റ്റി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ റോഡ് - തിരുവനന്തപുരം റൂട്ടിൽ സർവ്വീസ് നടത്തുന്ന രാജ്യറാണി എക്സ് പ്രസ്സ് സ്വതന്ത്ര ട്രെയിനാക്കി മാറ്റണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ രാജ്യറാണി എക്സ് പ്രസ്സ് സ്വതന്ത്ര ട്രെയിനാക്കി മാറ്റുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(സി) സ്വതന്ത്ര ട്രെയിനാക്കുന്നതിന് കഴിയില്ലെങ്കിൽ രാജ്യറാണി എക്സ് പ്രസ്സിൽ അധിക ബോഗി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>റയിൽ പദ്ധതികൾ</u>

489. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കേന്ദ്ര സർക്കാർ അധികാരത്തിൽ വന്നശേഷം പാർലമെന്റ് അംഗങ്ങൾ കേരള സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ കണക്കിലെടുത്ത് എഴുതി നൽകിയ ഏതൊക്കെ റയിൽ പദ്ധതികൾക്ക് കേന്ദ്രം അനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ ഓരോ എം.പി.യും ഇതുപ്രകാരം കേന്ദ്ര റെയിൽ മന്ത്രിക്ക് രേഖാമൂലം നൽകിയ ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കേന്ദ്ര റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായിട്ടുള്ള മുന്നൊരുക്കങ്ങൾ

490. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ റെയിൽവേ ലൈനുകളുടെ വൈദ്യുതീകരണം, പുതിയ പദ്ധതികളും ട്രെയിനുകളും എന്നിവ സംബന്ധിച്ച് അടുത്ത റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ മുന്നൊരുക്കങ്ങൾ എന്തെല്ലാം നടത്തി വരുന്നു എന്ന് വിശദമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ എം.പി. മാരുമായി ബന്ധപ്പെട്ട് കേന്ദ്രത്തെ സമീപിച്ച് ആവശ്യങ്ങൾ സമർപ്പിക്കുന്നതിന് നടപടിയുണ്ടായിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

റയിൽവേ വികസന പ്രവർത്തനങ്ങൾ

491. ശ്രീ.റ്റി.എ.അഹമ്മദ് കബീർ

,, എം.ഉമ്മർ

,, പി.ബി. അബ്ദുൾ റസാക്

,, അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ റയിൽവേ വികസന പ്രവർത്തനങ്ങൾക്ക് കേന്ദ്രം അനുവദിച്ച പണം വളരെക്കുറച്ചേ ചെലവാക്കിയിട്ടുള്ളൂ എന്ന റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതെക്കുറിച്ചുള്ള വസ്തുതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) റയിൽവേ വികസന പദ്ധതികൾ ഊർജ്ജിതമാക്കാനും, പണികൾ വേഗത്തിൽ പൂർത്തിയാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

അങ്കമാലി-ശബരിമല റെയിൽപ്പാത

492. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്കും മലയോരമേഖലയിലെ ജനങ്ങൾക്കും പ്രയോജനംപ്പെടുന്ന അങ്കമാലി-ശബരിമല റെയിൽപ്പാതയുടെ സർവ്വേ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) എത്ര കിലോമീറ്റർ ദൂരത്തിലാണ് പുതുതായി റെയിൽവേ ലൈൻ സ്ഥാപിക്കേണ്ടത്; ഇതിനായി എത്ര ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്; ഏതൊക്കെ വില്ലേജുകളിൽ എത്ര ഏക്കർ ഭൂമി വീതമാണ് എറ്റെടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഇനിയും ഏതൊക്കെ വില്ലേജുകളിൽ നിന്നും എത്രയൊക്കെ ഭൂമി ഏറ്റെടുക്കാനുണ്ട്; ഭൂമി ഏറ്റെടുക്കൽ നടപടികൾ ഇപ്പോൾ നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ഡി) ഭൂമി എറ്റെടുക്കൽ വേഗത്തിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

സബർബൻ റെയിൽ പദ്ധതി

493. ശ്രീ. എൻ .എ.നെല്ലിക്കുന്ന്

,, സി.മമ്മൂട്ടി

,, കെ.എൻ.എ.ഖാദർ

,, പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന സബർബൻ റെയിൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ റയിൽ മന്ത്രാലയത്തിന്റെ നിലപാട് എന്താണെന്ന് അറിയിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി നടപ്പായാൽ ഉണ്ടാകാവുന്ന നേട്ടങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>കാഞ്ഞങ്ങാട് കാണിയൂർ റെയിൽവേ പാത</u>

494. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് -കാണിയൂർ റെയിൽവേ പാത സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പാതയ്ക്ക് എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയാണെന്നും പറയാമോ ;

(സി) പ്രസ്തുത പാതയ്ക്ക് സ്ഥലം ഏറ്റെടുത്ത് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;എങ്കിൽ വിശദീകരിക്കാമോ ?

<u>കേരളത്തിന്റെ റെയിൽവേ വികസന പദ്ധതികൾ</u>

495. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരളത്തിന്റെ റെയിൽവേയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ വികസന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ ;

<u>റെയിൽവേയുടെ ടോയ്‌ലറ്റ് നവീകരണം</u>

496. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) റെയിൽവേ ലൈനുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ട്രെയിനുകളിൽ നിന്നുള്ള മാലിന്യം പാളത്തിൽ വീഴുന്നത് ദുർഗന്ധവും ആരോഗ്യ പ്രശ്നങ്ങളും ഉണ്ടാക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ടോയ്‌ലറ്റ് സംവിധാനം അടിയന്തരമായി പരിഷ്കരിക്കേണ്ടുന്നത് റെയിൽവേയുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ;

<u>സാധാരണക്കാരോടുള്ള റെയിൽവേയുടെ അവഗണന</u>

497. **ശ്രീ.എം.എ.ബേബി**
**ശ്രീമതി.കെ.എസ്.സലീഖ**
**ശ്രീ.റ്റി.വി.രാജേഷ്**
**,, കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാരുടെ സുഗമമായ യാത്രയ്ക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ അവഗണന കാണിക്കുന്ന റെയിൽവേ, യാത്രക്കാരെ നിരക്ക് വർദ്ധനയിലൂടെയും മറ്റും കൊള്ളയടിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടിക്കറ്റ് റിസർവ്വേഷൻ ചെയ്ത യാത്രക്കാർ അത്യാവശ്യഘട്ടങ്ങളിൽ ടിക്കറ്റ് ക്യാൻസൽ ചെയ്യുമ്പോൾ ഈടാക്കിയ ചാർജ്ജിൽ മാറ്റം വരുത്തിക്കൊണ്ട് പുറത്തിറക്കിയ ഉത്തരവ് ഭാരിച്ച സാമ്പത്തിക നഷ്ടം വരുമെന്നത് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇത്തരത്തിൽ ജനങ്ങളെ കൊള്ളയടിക്കുന്നത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

<u>സീനിയർ സയന്റിസ്റ്റ് നിയമനം</u>

498. ശ്രീ.എ.റ്റി.ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) LBS മുഖേന മലിനീകരണ ബോർഡിൽ സീനിയർ സയന്റിസ്റ്റ് തസ്തികയിലേയ്ക്ക് എഴുത്ത് പരീക്ഷ നടത്തിയതിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ;

(ബി) സ്പെഷ്യൽ റൂളിൽ ടി തസ്തികയുടെ യോഗ്യതയിൽ ബയോടെക്നോളജി കൂടി ഉൾപ്പെടുത്തി നടപടി സ്വീകരിക്കാമോ ;

(സി) അപ്രന്റീസ് ആയി തെരഞ്ഞെടുക്കുന്നവരെ RI സെന്റർ മുഖേന നിയമിക്കാമോ?

<u>അംഗത്വം നിഷേധിക്കുന്നതായ സഹകരണ സ്ഥാപനങ്ങൾ</u>

499. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നും അർഹമായ വിഹിതങ്ങൾ നേടുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒട്ടേറെ സഹകരണ ബാങ്കുകൾ അർഹരായ ആളുകൾക്ക് അംഗത്വം നിഷേധിക്കുന്നതായ പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) അർഹതയുള്ള ഒരാൾക്ക് സഹകരണ ബാങ്കിൽ അംഗത്വം നിഷേധിച്ചാൽ എന്തു നടപടി ആർക്കെല്ലാം എതിരെ കൈക്കൊള്ളുമെന്ന് വിശദമാ

(സി) അംഗത്വം നിഷേധിക്കപ്പെടുന്നയാൾക്ക് സഹകരണ സംഘത്തിൽ (ബാങ്കിൽ) അംഗത്വം നേടുന്നതിന് എന്തെല്ലാമാണ് ചെയ്യേണ്ടതെന്ന് വ്യക്തമാക്കുമോ ?

<u>കാർഷിക വായ്പാ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ</u>

500. ശ്രീ.കെ.എം.മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക വായ്പാ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്;

(ബി) ഇതു മൂലം എത്ര താലൂക്കുകളിലെ സഹകരണ പ്രസ്ഥാനങ്ങൾക്ക് വികസനം ഉണ്ടായിട്ടുണ്ട്;അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>കൺസ്യൂമർ ഫെഡിലെ അഴിമതി</u>

501. ശ്രീ.സി.ദിവാകരൻ

,, കെ.രാജു

,, കെ.അജിത്

,, ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷത്തിനിടെ കൺസ്യൂമർ ഫെഡിൽ എത്ര കോടി രൂപയുടെ അഴിമതി നടന്നിട്ടുള്ളതായി ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയ ഉപസമിതി കണ്ടെത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം വിഭാഗങ്ങളിലാണ് അഴിമതി കണ്ടെത്തിയിട്ടുള്ളതെന്നും ഓരോ വിഭാഗത്തിലും എന്തു തുകയുടെ വീതം ഏന്തെല്ലാം അഴിമതിയാണ് കണ്ടെത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഉപസമിതിയുടെ കണ്ടെത്തലിന്റെ വെളിച്ചത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ എഞ്ചിനീയറിംഗ് കോളേജ്

502. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുട്ടത്തറയിൽ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്പ്) എഞ്ചിനീയറിംഗ് കോളേജ് തുടങ്ങാൻ തീരുമാനിച്ചത് എന്നാണെന്നും ആയതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി എത്ര തുക അനുവദിച്ചുവെന്നും പ്രസ്തുത തുക വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ?

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ്

503. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സഹകരണ വികസന ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള സഹകരണ സംഘങ്ങൾ , പ്രാഥമിക വായ്പാ സംഘങ്ങൾ, ഇനിയും അംഗങ്ങളായിട്ടില്ലാത്ത സംഘങ്ങൾ എന്നിവ എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) ക്ഷേമനിധിയിൽ നിലവിൽ എന്ത് തുകയുണ്ട്;

(സി) ക്ഷേമനിധിയിൽ നിന്ന് ഇതിനകം മൊത്തം എത്ര തുക ബാധ്യത ഒഴിവാക്കുന്നതിലേക്ക് ചെലവഴിക്കുകയുണ്ടായി;

(ഡി) ക്ഷേമനിധി ബോർഡ് ആരംഭിച്ച വർഷം മുതൽ ഇതുവരെയുള്ള പ്രവർത്തന ചെലവ് വർഷം തിരിച്ച് വിശദമാക്കാമോ;

(ഇ) എവിടെയെല്ലാം ക്ഷേമനിധി ബോർഡിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്നു; അവയ്ക്കായി സ്വകാര്യ കെട്ടിടങ്ങൾ എടുത്തിട്ടുണ്ടെങ്കിൽ വാടക, മെയിന്റനൻസ്, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ തുടങ്ങിയവയ്ക്ക് ചെലവായ തുക എത്ര;

(എഫ്) നിലവിൽ ബോർഡിൽ എത്ര സ്റ്റാഫ് അംഗങ്ങൾ ഉണ്ട് ; താത്കാലിക ജീവനക്കാർ എത്ര?

ആലില പദ്ധതി

504. ശ്രീ.വർക്കല കഹാർ

,, പി.എ.മാധവൻ

,, ആർ . സെൽവരാജ്

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ആലില പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ആലില പദ്ധതി

505. ശ്രീ.റോഷി അഗസ്റ്റിൻ
,, എം.വി.ശ്രേയാംസ് കുമാർ
ഡോ.എൻ. ജയരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണവകുപ്പ് നടപ്പാക്കുന്ന ആലില പദ്ധതിയുടെ വിശദാംശങ്ങൾ നല്കുമോ ;

(ബി) പരിസ്ഥിതി സംരക്ഷണത്തിനും ജൈവകൃഷി വ്യാപനത്തിനും ഈ പദ്ധതി എത്രമാത്രം പ്രയോജനകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) ജൈവകൃഷി പ്രോത്സാഹനത്തിന് സഹകരണബാങ്കുകൾ മുഖേന പ്രത്യേക പാക്കേജുകൾ ലക്ഷ്യമിടുന്നുണ്ടോ ?

<u>നീതി മെഡിക്കൽ സ്റ്റോറുകൾ</u>

506. ശ്രീ.പി.കെ.ബഷീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൺസ്യൂമർ ഫെഡിന്റെ കീഴിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) അവശ്യ മരുന്നുകളുടെ ലഭ്യത നീതി സ്റ്റോറുകളിൽ ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>നന്മ സ്റ്റോറുകൾ</u>

507. ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭയുടെ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ എത്ര നന്മ സ്റ്റോറുകൾക്ക് പ്രവർത്തന അനുമതി നൽകി ; അവ ഏതെല്ലാമാണ്;

(ബി) പ്രസ്തുത നന്മ സ്റ്റോറുകളിൽ പ്രവർത്തനം അവസാനിപ്പിച്ചിട്ടുള്ള സ്റ്റോറുകൾ ഏതെല്ലാമാണ്; അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ?

<u>സഹകരണ മേഖല ആഡിറ്റ്</u>

508. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, കെ.മുരളീധരൻ
,, വർക്കല കഹാർ
,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ആഡിറ്റ് സമകാലികമാക്കാൻ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>സഹകരണ നിയമം</u>

509. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിയമത്തിൽ ഭേദഗതി നിർദ്ദേശിക്കുന്നതിന് ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; കമ്മിറ്റി അംഗങ്ങൾ ആരെല്ലാമാണ്;

(ബി) കമ്മിറ്റി ഭേദഗതിയ്ക്കായി പരിഗണിച്ചുകൊണ്ടിരിക്കുന്ന നിർദ്ദേശങ്ങൾ ഏതൊക്കെ; കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസ് വിശദമാക്കാമോ;

(സി) പൊതുജനങ്ങളിൽ നിന്നും സഹകാരികളിൽ നിന്നും നിർദ്ദേശങ്ങൾ ക്ഷണിക്കുന്നതിനായി ഇതിനകം എത്ര സിറ്റിംഗ് നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ?

(ഡി) നിലവിലുള്ള ഏതെല്ലാം വ്യവസ്ഥകൾ എടുത്തു കളയാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും കമ്മിറ്റി അതിന്റെ റിപ്പോർട്ട് എന്നത്തേയ്ക്ക് സമർപ്പിക്കുമെന്നും വ്യക്തമാക്കുമോ.?

<u>സഹകരണ വികസന ക്ഷേമനിധി ബോർഡ്</u>

510. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വികസന ക്ഷേമനിധി ബോർഡ് സ്ഥാപിക്കപ്പെട്ടത് ഏത് തീയതിയിലാണ്; നിധിയിൽ ഇപ്പോൾ അവശേഷിക്കുന്ന തുക എത്ര; നിധിയിൽ നിന്നും ഇതിനകം എത്ര പേർക്ക് ക്ഷേമനിധി പ്രകാരമുള്ള സഹായം ലഭ്യമാക്കിയിട്ടുണ്ട്; എത്ര അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട് ;വ്യക്തമാക്കുമോ;

(ബി) ക്ഷേമനിധി ബോർഡിന് നിലവിൽ എത്ര ഓഫീസുകൾ ഉണ്ട്; ഇതിനായി പ്രതിവർഷമുള്ള ചെലവ് എത്രയെന്നു വ്യക്തമാക്കുമോ ;

(സി) നിലവിൽ എത്ര ജീവനക്കാർ പ്രവർത്തിച്ചു വരുന്നു; സ്ഥിരപ്പെടുത്തപ്പെട്ടവർ എത്ര; ദിവസ കൂലിയിലോ, മറ്റ് വ്യവസ്ഥയിലോ ജോലി നോക്കുന്നവർ എത്ര;വിശദമാക്കാമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് നിയമിക്കപ്പെട്ടവർ എത്ര; പേര്, മേൽ വിലാസം, തസ്തിക, ജോലിയിൽ പ്രവേശിച്ച തീയതി, ശമ്പളം എന്നിവ വിശദമാക്കാമോ;

(ഇ) ക്ഷേമനിധി ബോർഡിന്റെ പ്രവർത്തന ചെലവ് വഹിക്കുന്നത് ആരാണെന്ന് വിശദമാക്കാമോ?

<u>ഉണർവ് പദ്ധതി</u>

511. ശ്രീ.സി.പി.മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, ടി.എൻ. പ്രതാപൻ
,, ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ഉണർവ് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>സഹകരണ റിസ്ക് ഫണ്ട് പദ്ധതി</u>

512. ശ്രീ.എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം വായ്പക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>സഹകരണ മേഖലയെ ശക്തിപ്പെടുത്തൽ</u>

513. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ;

(ബി) പ്രവാസി നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി സഹകരണ മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിതാഖത് നിയമം മൂലം തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ എത്തുന്ന പ്രവാസികളുടെ പുനരുദ്ധാരണത്തിനായി സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

<u>സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം</u>

514. **ശ്രീ.ടി.എൻ. പ്രതാപൻ**

**,,** പി.എ.മാധവൻ

**,,** പാലോട് രവി

**,,** ജോസഫ് വാഴയ്ക്കൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>സഹകരണ സംഘങ്ങൾ</u>

515. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ നിയമം അനുസരിച്ച് പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ട സഹകരണ സംഘങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം വെളിപ്പെടുത്തുമോ;

(ബി) ഏതൊക്കെ വിഭാഗങ്ങളിലായിട്ടാണ് എല്ലാ സംഘങ്ങളും രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(സി) ക്രഡിറ്റ് മേഖലയിൽ രജിസ്റ്റർ ചെയ്യപ്പെട്ടവർ എത്രയെന്നും ഇതര മേഖലകളിൽ ഉള്ളവർ എത്രയെന്നും വെളിപ്പെടുത്തുമോ;

(ഡി) പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ട എത്ര സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽ അഫിലിയേഷൻ നൽകിയിട്ടുണ്ട്;

(ഇ) നിലവിൽ സംസ്ഥാനത്തെ ഓരോ ജില്ലാ സഹകരണ ബാങ്കിലും അഫിലിയേഷനുള്ള സംഘങ്ങൾ എത്ര; അവ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവ ; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ?

<u>സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന അപ്പക്സ് സഹകരണ സ്ഥാപനങ്ങൾ</u>

516. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന അപ്പക്സ് സഹകരണ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവ ഓരോന്നിന്റെയും ഓഹരി മൂലധനം, കടബാധ്യതകൾ, നഷ്ടം എന്നിവ എത്രയെന്നു വിശദമാക്കാമോ;

(സി) നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന അപ്പക്സ് സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

## സഹകരണ സംഘങ്ങളിലെ നിക്ഷേപം

517. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ കേരളത്തിലെ സഹകരണ സംഘങ്ങളിലെ ആകെ നിക്ഷേപം എത്രയായിരുന്നു; ആയതിൽ ക്രെഡിറ്റ്, നോൺ ക്രെഡിറ്റ് സംഘങ്ങളുടെ നിക്ഷേപം എത്രയാണെന്ന് തരം തിരിച്ച് വിശദമാക്കുമോ; ആയതിൽ പ്രൈമറി അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസിന്റെ (PACS) നിക്ഷേപം പ്രത്യേകമായി വിശദമാക്കുമോ;

(ബി) മേൽ വിഭാഗങ്ങളിലെ നിക്ഷേപങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

## സഹകരണ സംഘങ്ങളിലെ നിയമനങ്ങളിൽ സാമുദായിക സംവരണം

T 518. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പരീക്ഷാ ബോർഡ് നടത്തുന്ന നിയമനങ്ങളിൽ പി.എസ്.സി യുടെ മാനദണ്ഡമനുസരിച്ച് സാമുദായിക സംവരണം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) പത്തു ജീവനക്കാരിൽ കുറവുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലും സാമുദായിക സംവരണം ഏർപ്പെടുത്തുന്നതിന് സഹകരണ നിയമത്തിൽ വ്യവസ്ഥ ചെയ്യുവാൻ ശിപാർശ ചെയ്യുമോ ?

## സഹകരണ ബാങ്കുകളുടെ എസ് . എൽ . ആർ നിക്ഷേപം

519. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും നിക്ഷേപത്തിന്റെ എത്ര ശതമാനം എസ്.എൽ.ആർ ആയി നിക്ഷേപിക്കണമെന്നാണ് റിസർവ് ബാങ്ക് നിഷ്കർഷിച്ചിരിക്കുന്നത്;

(ബി) 2015 മാർച്ച് മാസത്തിൽ ഓരോ ജില്ലാ ബാങ്കും സംസ്ഥാന സഹകരണ ബാങ്കും എസ്.എൽ.ആർ.ആയി നിക്ഷേപിക്കേണ്ടിയിരുന്ന തുക എത്രയായിരുന്നു ; നിക്ഷേപിച്ചത് എത്ര ;

(സി) 2017 മാർച്ചിൽ എത്ര ശതമാനം നിക്ഷേപിക്കേണ്ടതായി വരും;

(ഡി) ആർ.ബി.ഐ യുടെ ഈ വ്യവസ്ഥ സഹകരണ സ്ഥാപനങ്ങളെ എങ്ങനെ ബാധിക്കുന്നു; വിശദമാക്കുമോ; ഈ പ്രശ്നങ്ങൾക്ക് അനുകൂലമായ തീരുമാനം ആർ.ബി.ഐ എടുത്തിട്ടുണ്ടോ; ഇതിനായി സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

## സഹകരണ ബാങ്കുകളിലെ നിയമനം

520. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിയമനത്തിനായി സഹകരണ പരീക്ഷാ ബോർഡിന്റെ പരീക്ഷ എഴുതിയ എത്ര ഉദ്യോഗാർത്ഥികൾ ഉണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഇതിനകം ഇതിൽ എത്ര പേർക്ക് നിയമനം ലഭ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

<u>സഹകരണ വകുപ്പിന്റെ ആസ്ഥാന മന്ദിരം</u>

521. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ സഹകരണ വകുപ്പിന് ഒരു ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി 2014-15 ലെ സംസ്ഥാന ബജറ്റിൽ മൂന്ന് കോടി രൂപ വകയിരുത്തിയതു വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>സഹകരണ സ്ഥാപനങ്ങളിലെ അഡ്മിനിസ്ട്രേറ്റർ ഭരണം</u>

522. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മൂന്ന് (3) വർഷത്തിലധികമായി അഡ്മിനിസ്ട്രേറ്റർ ഭരണമോ അഡ്മിനിസ്ട്രേറ്റർ കമ്മിറ്റി ഭരണമോ നടക്കുന്ന എത്ര സഹകരണ സ്ഥാപനങ്ങൾ ഉണ്ടെന്ന് ജില്ല തിരിച്ച കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സംഘങ്ങളിൽ ഇക്കാലയളവിൽ ജീവനക്കാരെ നിയമിക്കുകയോ പുതിയ മെമ്പർമാരെ ചേർക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>കൊച്ചി സഹകരണ മെഡിക്കൽ കോളേജ്</u>

523. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ സഹകരണ മെഡിക്കൽ കോളേജിന്റെ ഉപസ്ഥാപനത്തിലുണ്ടായിരുന്ന കോടികൾ വിലമതിക്കുന്ന കാത്ത് ലാബും ഡയാലിസിസ് യൂണിറ്റും ഒരു സ്വകാര്യ ആശുപത്രിയ്ക്ക് കൈമാറിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയത്തിൽ കേപ് ഡയറക്ടർ മനുഷ്യാവകാശ കമ്മീഷന് നൽകിയ വിശദീകരണം വെളിപ്പെടുത്താമോ;

(സി) സർക്കാർ ആശുപത്രികൾക്ക് ആവശ്യമുണ്ടായിരുന്നിട്ടും, ഇവ സ്വകാര്യ ആശുപത്രിയ്ക്ക് നൽകുവാൻ തീരുമാനം എടുത്തിട്ടുണ്ടായിരുന്നോ; എങ്കിൽ കാരണം വെളിപ്പെടുത്താമോ?

<u>ജില്ലാ സഹകരണ ബാങ്കുകളിലെ ബ്രാഞ്ച് മാനേജർ തസ്തികയിലേയ്ക്കുള്ള നിയമനം</u>

524. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിലെ ബ്രാഞ്ച് മാനേജർ തസ്തികയിലേയ്ക്കുള്ള നിയമനം പി.എസ്.സി ക്ക് വിട്ടതെപ്പോഴാണ് ;

(ബി) ഈ തസ്തികയിലേയ്ക്ക് ഇതുവരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള തടസ്സമെന്താണ്;

(ഡി) ഒഴിവുള്ള തസ്തികകളിൽ അടിയന്തിരമായി നിയമനം നൽകുന്നതിനും പരമാവധി ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭ്യമാക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ?

കമ്പോള ഇടപെടൽ രംഗത്തെ കൺസ്യൂമർഫെഡിന്റെ പരാജയം

525. ശ്രീ.വി.ശിവൻകുട്ടി

,, എ. പ്രദീപ്കുമാർ

,, സി.കെ സദാശിവൻ

,, ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പോള ഇടപെടൽ രംഗത്ത് കൺസ്യൂമർഫെഡ് ഇത്രയധികം പരാജയപ്പെടാനിടയായ സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കൺസ്യൂമർ ഫെഡിൽ നടക്കുന്ന അഴിമതികൾ മൂലം ആ സ്ഥാപനത്തിന്റെ വിശ്വാസ്യത തന്നെ തകർന്നുപോയിരിക്കുന്നതായി അറിയാമോ;

(സി) കൺസ്യൂമർഫെഡിന്റെ ഭരണസമിതിക്കെതിരെ, മാനേജിംഗ് ഡയറക്ടർ തന്നെ അഴിമതികളും ക്രമക്കേടുകളും ചൂണ്ടിക്കാണിക്കുകയുണ്ടായോ;

(ഡി) സഹകരണ അപ്പക്സ് സ്ഥാപനത്തിന്റെ ഭരണ സമിതിക്കെതിരെ സർക്കാർ നിയോഗിച്ച സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർ തന്നെ അഴിമതിയും കെടുകാര്യസ്ഥതകളെയും കുറിച്ച് പരാതി ഉന്നയിക്കുന്ന സാഹചര്യത്തിൽ സഹകരണ രജിസ്ട്രാറും സർക്കാരും നിർവ്വഹിക്കേണ്ടിയിരുന്ന നിയമ നടപടികൾ എന്തെല്ലാമായിരുന്നു;

(ഇ) കൺസ്യൂമർഫെഡിന്റെ കാര്യത്തിൽ നിയമാനുസരണം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഭരണ സമിതിയെ സൂപ്പർസീഡ് ചെയ്യപെട്ടിട്ടുണ്ടെങ്കിൽ അതിന്റെ കാരണം എന്തായിരുന്നു; ആയതിന് നോട്ടീസ് നൽകുകയുണ്ടായോ?

കൊച്ചി മെഡിക്കൽ കോളേജിനായി ചെലവഴിച്ച തുക

526. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തശേഷം പ്രസ്തുത കോളേജിന്റെ ചെലവുകൾക്കായി കേപ്പിന്റെ ഫണ്ടിൽ നിന്നും എത്ര തുക ചെലവാക്കി ; പ്രസ്തുത തുക നൽകിയത് കേപ്പിന്റെ അറ്റാദായത്തിൽ നിന്നോ ഓവർഡ്രാഫ്റ്റ് എടുത്താണോ ; വിശദാംശം നൽകുമോ ;

(ബി) കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തശേഷം പ്രസ്തുത കോളേജിന്റെ ചെലവുകൾക്കായി കേപ്പിൽ നിന്നും ചെലവഴിച്ച തുക തിരികെ ലഭിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(സി) തുക ചെലവഴിച്ച കേപ്പ് ഡയറക്ടറുടെ നടപടി ക്രമവിരുദ്ധമാണെന്ന് അക്കൗണ്ടന്റ് ജനറൽ റിപ്പോർട്ടു ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു ; വിശദാംശം നൽകുമോ ?

സംസ്ഥാന -ജില്ലാ സഹകരണ ബാങ്കുകളുടെ ഓഹരി മൂലധനം

527. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും നിലവിലുള്ള ഓഹരി മൂലധനം എത്രവീതമാണ്;

(ബി) റിസർവ് ബാങ്ക് അംഗീകാരം ഇല്ലാത്ത ജില്ലാ സഹകരണ ബാങ്കുകൾ നിലവിലുണ്ടോ ; അവ ഏതൊക്കെ; അംഗീകാരം ലഭിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും 2016-17 ൽ റിസർവ് ബാങ്കിന്റെ അംഗീകാരം ലഭിക്കുന്നതിന് എന്തെല്ലാം നിബന്ധനകൾ ഇനിയും പാലിക്കേണ്ടതായിട്ടുണ്ട്; ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) 2017-18 ൽ റിസർവ് ബാങ്കിന്റെ അംഗീകാരം ലഭിക്കുന്നതിലേക്ക് സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും എന്തെല്ലാം നിബന്ധനകൾ ഏതെല്ലാം നിലയിൽ പാലിക്കേണ്ടതായിട്ടുണ്ട്; വിശദമാക്കാമോ?

## ഉത്തേജന പലിശ ഇളവ് പദ്ധതി

528. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തേജന പലിശ ഇളവ് പദ്ധതി എന്നു മുതലാണ് ആരംഭിച്ചത് ; പ്രസ്തുത പദ്ധതിപ്രകാരം നാളിതുവരെ എത്ര പേർക്ക് പലിശ സബ് സിഡി ഇളവ് നൽകിയിട്ടുണ്ട്; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്നും ഉള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

## ആശ്വാസ് പദ്ധതി

529. **ശ്രീ.പി.എ.മാധവൻ**

**,,** എ.പി.അബ്ദുള്ളക്കുട്ടി

**,,** എ.റ്റി.ജോർജ്

**,,** ബെന്നി ബെഹനാൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ആശ്വാസ് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## ഹൗസിംഗ് സഹകരണസംഘങ്ങൾക്ക് സ്ററാമ്പ് ഡ്യൂട്ടി ഒഴിവാക്കൽ

530. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഹൗസിംഗ് സഹകരണസംഘങ്ങൾക്ക് രജിസ്ട്രേഷനുള്ള സ്റ്റാമ്പ് ഡ്യൂട്ടി എക്സംപ്ഷൻ ബഹു: ഹൈക്കോടതി എടുത്ത് കളഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദീകരണം നൽകുമോ;

(ബി) 1960 മുതൽ പ്രസ്തുത സംഘങ്ങൾക്ക് അനുവദിച്ചു വരുന്ന ആനുകൂല്യം പുന:സ്ഥാപിച്ചു കിട്ടുന്നതിലേയ്ക്കായി വകുപ്പിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത നടപടി ഭൂമാഫിയകളുടെയും റിയൽ എസ്റ്റേറ്റ് മാഫിയകളുടെയും ഇടയിൽപ്പെട്ട് വീർപ്പുമുട്ടുന്ന സംഘങ്ങളുടെ നിലനിൽപ്പിനെ ബാധിക്കുന്നതായതിനാൽ സംഘങ്ങൾക്ക് ഭൂമി രജിസ്ററർ ചെയ്യുമ്പോഴും അംഗങ്ങൾക്ക് പതിച്ചു നൽകുമ്പോഴുമുള്ള സ്റ്റാമ്പ് ഡ്യൂട്ടി എക്സംപ്ഷൻ എന്ന ആനുകൂല്യം പുന:സ്ഥാപിച്ച്

ലഭിയ്ക്കുന്നതിന് നിയമനിർമ്മാണം,എക്സിക്യൂട്ടീവ് ഓർഡർ, ഓർഡിനൻസെസ് എന്നിവയിൽ ഏതെങ്കിലും ഒരു നടപടി സ്വീകരിയ്ക്കുവാൻ സന്നദ്ധമാകുമോ ;ഇല്ലെങ്കിൽ എന്തുകൊണ്ട് ?

<u>സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകൾ</u>

531. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളുടെ കിട്ടാക്കടം എത്ര കോടി രൂപയാണ്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലുള്ള നിക്ഷേപം ഇപ്പോൾ എത്ര കോടി രൂപയാണ്; ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി ഇപ്പോൾ എത്ര കോടി രൂപയാണ്; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ എത്ര വായ്പേതര സഹകരണ സ്ഥാപനങ്ങൾ സംസ്ഥാന സഹകരണ ബാങ്കിന് കുടിശ്ശികയാക്കിയിട്ടുണ്ട്; അവ ഏതൊക്കെ സ്ഥാപനങ്ങൾ ആണെന്നും എത്ര കോടി രൂപയാണ് കുടിശ്ശിക വരുത്തിയതെന്നും വ്യക്തമാക്കുമോ?

<u>കേപ്പിന് ധനസഹായം</u>

532. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പിന് പദ്ധതി, പദ്ധതിയേതര ഇനത്തിൽ 2012-2013, 2013-2014, 2014-2015, 2015-2016 സാമ്പത്തിക വർഷങ്ങളിൽ ഗ്രാന്റായും മറ്റ് ഇനത്തിലും ധനസഹായം സർക്കാർ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) 2011 ജൂൺ മുതൽ 2015 ജൂൺവരെയുള്ള കാലഘട്ടത്തിൽ കേപ്പിൽ സ്ഥിരം നിയമനങ്ങൾ നൽകി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികയിൽ എത്രപേർക്ക് നിയമനം നൽകി;

(സി) കേപ്പിൽ ജീവനക്കാരുടെ നിയമനങ്ങൾക്ക് സംവരണതത്വങ്ങൾ/ ചട്ടങ്ങൾ ബാധകമാണോ;

(ഡി) കേപ്പിലെ ജീവനക്കാരുടെ സ്ഥിരം നിയമനവുമായി ബന്ധപ്പെട്ട് സംവരണ തത്വങ്ങൾ /ചട്ടങ്ങൾ പാലിക്കുന്നതിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) കേപ്പിലെ നിയമനങ്ങൾക്ക് അനുവർത്തിച്ചുപോരുന്ന സംവരണ തത്വങ്ങൾ/ചട്ടങ്ങൾ എന്താണ്; വ്യക്തമാക്കാമോ?

<u>ത്രിവേണി സ്റ്റോറുകൾ</u>

533. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൺസ്യൂമർ ഫെഡിന് കീഴിൽ എത്ര ത്രിവേണി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ത്രിവേണി, സ്റ്റോറുകളിൽ പല നിത്യോപയോഗ സാധനങ്ങളും ലഭ്യമല്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

<u>സുവർണ്ണ കേരളം പദ്ധതി</u>

534. ശ്രീ.ആർ . സെൽവരാജ്
,, എം.പി.വിൻസെൻറ്
,, ലൂഡി ലൂയിസ്
,, കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ സുവർണ്ണ കേരളം പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>മുട്ടത്തറ കേപ്പ് എഞ്ചിനീയറിംഗ് കോളേജിന്റെ നിർമ്മാണം</u>

535. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുട്ടത്തറയിൽ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്പ്) എഞ്ചിനീയറിംഗ് കോളേജിന്റെ നിർമ്മാണപ്രവർത്തനം ആരംഭിച്ചത് എന്നാണ്; പ്രസ്തുത നിർമാണം എത്ര ദിവസം കൊണ്ട് പൂർത്തീയാക്കാനാണ് കരാറിൽ നിഷ്കർഷിച്ചിരിക്കുന്നത്;

(ബി) പ്രസ്തുത കരാറിന് സമയം ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തവണ ഇപ്രകാരം സമയം കൂടുതൽ അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട് എന്നും ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(സി) പുതുക്കിയ കരാർ പ്രകാരം പണി എന്നത്തേക്കു പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ; പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാനും പുരോഗതി വിലയിരുത്താനും ചുമതലയുള്ള കേപ്പിലെ ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>കൊയിലാണ്ടി മണ്ഡലത്തിലെ സഹകരണ വകുപ്പിന്റെ പദ്ധതികൾ</u>

536. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സഹകരണ വകുപ്പ് മുഖേന കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുക എത്ര ഏന്ന് വ്യക്തമാക്കുമോ?

<u>സർവ്വീസ് സഹകരണ ബാങ്കുകളിലെ വായ്പാ ഇളവ്</u>

537. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത വ്യക്തികൾ മരിച്ചാൽ വായ്പ/പിഴപ്പലിശ, പലിശ എന്നിവയിൽ എന്തൊക്കെ ഇളവുകളാണ് ഇപ്പോൾ നൽകി വരുന്നത് ; വിശദമാക്കാമോ ;

(ബി) മാരക രോഗങ്ങൾ വന്ന് മരിച്ചവരുടെ വായ്പകൾക്ക് റിസ്ക് ഫണ്ടിന്റെ ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കാറില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

വിലക്കയറ്റ നിയന്ത്രണം

538. ശ്രീ.വി.ഡി.സതീശൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, പി.എ.മാധവൻ

,, സി.പി.മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡ് മുഖേന വിലക്കയറ്റം നിയന്ത്രിക്കാൻ വിപണി ഇടപെടലിന് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകൾ

539. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകൾ സംബന്ധിച്ച് നാളിതുവരെ ഏതെല്ലാം തലത്തിൽ അന്വേഷണം നടന്നിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) നിക്ഷേപകർക്ക് പണം നൽകുന്നതിന് സഹകരണവകുപ്പ് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ;

(സി) കഴിഞ്ഞ ആറു മാസങ്ങൾക്കുള്ളിൽ നിക്ഷേപകർക്ക് എത്ര തുക തിരിച്ചുനൽകിയിട്ടുണ്ട്;

(ഡി) ബാങ്കിലേക്ക് അടയ്ക്കാനുള്ള തുക കുടിശ്ശിക വരുത്തിയവരിൽ നിന്നും കഴിഞ്ഞ ആറുമാസത്തിനുള്ളിൽ എത്ര തുക ഈടാക്കിയെടുത്തിട്ടുണ്ട്;

(ഇ) നിക്ഷേപകർക്ക് നൽകാനുള്ള തുക അടിയന്തരമായി ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗവിഭാഗക്കാരുടെ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങൾ

540. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ നിയന്ത്രണത്തിൽ എത്ര സഹകരണ ബാങ്കുകളും സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) അവയിൽ എത്രയെണ്ണം ലാഭകരമായി പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ?

പട്ടികജാതി/ പട്ടികവർഗ്ഗ വായ്പാ കുടിശ്ശിക ഒഴിവാക്കൽ

541. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശിക തിരിച്ചടവിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് എത്ര തവണ ഉത്തരവിറക്കിയിട്ടുണ്ട് ;

(ബി) പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഇനത്തിൽ സഹകരണ സംഘങ്ങൾക്ക് എത്ര തുക അനുവദിച്ചു നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) നിലവിൽ എസ്.സി/ എസ്.ടി വിഭാഗക്കാരുടെ വായ്പാകുടിശ്ശിക ഒഴിവാക്കിക്കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടോ ;എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>കൺസ്യൂമർ ഫെഡ് അഴിമതി</u>

542. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡറേഷൻ ചെയർമാൻ സ്ഥാനത്ത് നിന്ന് ശ്രീ. ജോയ് തോമസിനെ നീക്കണമെന്നാവശ്യപ്പെട്ട്കൊണ്ട് ആരിൽ നിന്നെല്ലാം കത്തുകൾ ലഭിച്ചിട്ടുണ്ടായിരുന്നു; വിശദമാക്കുമോ;

(ബി) സർക്കാരിന് ലഭിച്ച കത്തുകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പരാതികളുടെയും വിജിലൻസ് അന്വേഷണ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ, ഭരണസമിതിക്കെതിരെ സഹകരണ നിയമാനുസൃതം സ്വീകരിച്ച നടപടി എന്താണ്; വിശദമാക്കാമോ; ഇക്കാര്യത്തിലെ നിയമവ്യവസ്ഥകൾ വിശദമാക്കാമോ?

<u>കൺസ്യൂമർ ഫെഡിലെ അഴിമതിയുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം</u>

543. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിൽ നടന്നതായി ആരോപിക്കപ്പെട്ട അഴിമതിയെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) അഴിമതിയുമായി ബന്ധപ്പെട്ട രേഖകളും തെളിവുകളും നശിപ്പിക്കപ്പെടാതിരിക്കാൻ നടപടി സ്വീകരിക്കുകയുണ്ടായോ; രേഖകൾ ഇപ്പോൾ ആരുടെ കസ്റ്റഡിയിലാണെന്ന് വെളിപ്പെടുത്തുമോ; വിജിലൻസ് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് നല്കുകയുണ്ടായോ; എങ്കിൽ ഏത് ദിവസം ; ആയതിന്മേൽ സ്വീകരിച്ച നടപടി എന്താണ്; വിശദമാക്കാമോ;

(സി) ക്രമവിരുദ്ധമായ നടപടികൾ, നവീകരണം, അറ്റകുറ്റപണി , സ്പെഷ്യൽ പ്രോജക്ടുകൾ എന്നിവയുടെ ഭാഗമായി നടന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ട അഴിമതികൾ ഏതൊക്കെ;വിശദമാക്കാമോ;

(ഡി) വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകിയത് ഏപ്പോഴാണ്?

<u>കൺസ്യൂമർ ഫെഡിന്റെ സാമ്പത്തിക പ്രതിസന്ധി</u>

544. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ സാമ്പത്തിക പ്രതിസന്ധിക്കാധാരമായ കാരണങ്ങൾ വിശദമാക്കാമോ; നിലവിൽ കടബാധ്യതകൾ എത്രയാണ്; ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം നഷ്ടം എത്ര രൂപയാണ്;

(ബി) കൺസ്യൂമർ ഫെഡറേഷൻ ആരിൽ നിന്നെല്ലാം എത്ര കോടി രൂപ സർക്കാർ ഗ്യാരണ്ടിയിൽ വാങ്ങിയിട്ടുണ്ട്;

(സി) കൺസ്യൂമർ ഫെഡറേഷന്റെ പെയ്ഡഡ് ക്യാപ്പിറ്റൽ എത്ര; അതിന്റെ എത്ര ഇരട്ടി നഷ്ടം നേരിടുന്നുണ്ട്; വിശദാംശം നൽകുമോ;

<u>കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം</u>

545. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിലെ അഴിമതിക്കെതിരെ വകുപ്പ് തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ നടപടികൾ കൊണ്ട് എന്തെങ്കിലും പ്രയോജനം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) കൺസ്യൂമർ ഫെഡിന്റെ 2011 വർഷത്തെ വിറ്റുവരവും ഈ വർഷത്തെ വിറ്റുവരവും തമ്മിൽ ഉള്ള അന്തരം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്പോൾ ഏതൊക്കെ പലവ്യഞ്ജനങ്ങളാണ് സബ്സിഡി നിരക്കിൽ കൺസ്യൂമർഫെഡ് വഴി നൽകുന്നതെന്ന് വ്യക്തമാക്കുമോ?

<u>തിരുവനന്തപുരം - മുട്ടത്തറയിൽ എൻജിനീയറിംഗ് കോളേജ്</u>

546. **ശ്രീ.എ.റ്റി.ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം - മുട്ടത്തറയിൽ കേപ്പിന്റെ ആഭിമുഖ്യത്തിൽ പുതിയ എൻജിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായി ;

(ബി) കേരള സങ്കേതിക സർവ്വകലാശാലയുടെ അഫിലിയേഷൻ കിട്ടാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ?

<u>മുട്ടത്തറയിലെ കേപ്പ് എഞ്ചിനീയറിംഗ് കോളേജ്</u>

547. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുട്ടത്തറയിൽ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്പ്) എഞ്ചിനീയറിംഗ് കോളേജിന് എന്നാണ് മുഖ്യമന്ത്രി തറക്കല്ലിട്ടതെന്നും പ്രസ്തുത കോളേജിൽ എന്നു മുതൽ ക്ലാസ്സുകൾ ആരംഭിക്കുമെന്നാണ് പ്രസ്തുത ചടങ്ങിൽ പ്രഖ്യാപിച്ചതെന്നും വ്യക്തമാക്കുമോ ?

<u>പൊതുവിപണിയിലെ വിലക്കയറ്റം</u>

548. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിലെ വിലക്കയറ്റം തടയുന്നതിന് സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ; പ്രസ്തുത നടപടികളിലൂടെ വിലക്കയറ്റം പിടിച്ചുനിർത്താൻ സാധിച്ചിട്ടുണ്ടോ;

(ബി) വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൺസ്യൂമർഫെഡിന് കഴിയാതെപോയ സാഹചര്യം വിശദീകരിക്കാമോ ?

<u>കാർഷികവായ്പാ വിതരണം</u>

549. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ; പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ വഴി വിതരണം ചെയ്ത കാർഷിക വായ്പകളുടെ 2010-2011 മുതൽ 2014-2015 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ കണക്ക് വ്യക്തമാക്കുമോ; ഇത് മേൽ വിഭാഗം സഹകരണ സംഘങ്ങൾ ഓരോ വർഷത്തിലും വിതരണം ചെയ്ത ആകെ വായ്പകളുടെ എത്ര ശതമാനമാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക വായ്പാ വിതരണം മെച്ചപ്പെടുത്താൻ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

<u>നബാർഡിസിന്റെ ഹ്രസ്വകാല കാർഷിക വായ്പകൾ</u>

550. ശ്രീ.വി.ശശി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാലുവർഷക്കാലം നബാർഡിൽ നിന്നും കർഷകർക്ക് ഹ്രസ്വകാല കാർഷിക വായ്പകൾ നൽകുന്നതിന് സംസ്ഥാന സഹകരണ ബാങ്കിന് ലഭിച്ച വായ്പ തുക വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) നബാർഡിന്റെ സഹായത്തോടെ ഡയറി ഡവലപ്മെന്റ് ഹോർട്ടികൾച്ചറൽ മേഖലയിൽ കാർഷികേതര വായ്പ എന്ന നിലയിൽ സംസ്ഥാന സഹകരണ ബാങ്കിന് ലഭിച്ച വായ്പ തുകയും ജില്ലാ സഹകരണ ബാങ്കുകൾക്ക് ലഭിച്ച വായ്പാതുകയും എത്രയെന്ന് വർഷം തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത രംഗത്ത് റീഫിനാൻസിലൂടെ എത്ര പദ്ധതികൾ സംസ്ഥാനത്താകെ നടപ്പാക്കിയെന്നും തിരുവനന്തപുരം ജില്ലയിൽ ആരംഭിച്ച പദ്ധതികളുടെ വിശദവിവരവും ലഭ്യമാക്കുമോ?

<u>കൺസ്യൂമർഫെഡ് മൊബൈൽ യൂണിറ്റ്</u>

551. ശ്രീമതി.ഗീതാ ഗോപി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിന്റെ വിപണന മൊബൈൽ യൂണിറ്റ് നാട്ടിക നിയോജക മണ്ഡലത്തിൽ ഇപ്പോൾ പ്രവർത്തനക്ഷമമാണോ; ആണെങ്കിൽ മൊബൈൽ യൂണിറ്റ് സഞ്ചരിക്കുന്ന റൂട്ട് മാപ്പ് തയ്യാറാക്കിയതെങ്ങനെയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനക്ഷമത പരിശോധിക്കാൻ എന്തു സംവിധാനമാണ് നിലവിലുള്ളത്?

<u>കൺസ്യൂമർഫെഡിലെ അഴിമതി</u>

552. ഡോ.കെ.ടി.ജലീൽ
ശ്രീ.ബി.ഡി. ദേവസ്സി
ശ്രീമതി.കെ.കെ.ലതിക
ശ്രീ.റ്റി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിന്റെ നിലവിലെ അവസ്ഥ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; സാർവ്വത്രികമായ അഴിമതിയും ദുർവ്യയവുമാണ് കൺസ്യൂമർഫെഡിന്റെ തകർച്ചയ്ക്ക് കാരണമായിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഭരണസമിതിക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) കൺസ്യൂമർ ഫെഡിന്റെ നിലവിലെ ആസ്തി ബാദ്ധ്യതകളെ സംബന്ധിച്ച് വിശദമാക്കാമോ;

(ഡി) കൺസ്യൂമർഫെഡിൽ നടന്ന അഴിമതികൾക്കും ക്രമക്കേടുകൾക്കും എതിരെ സ്വീകരിക്കപ്പെട്ട നടപടികൾ വിശദമാക്കാമോ?

പ്രവർത്തനരഹിതമായ ഗ്രാമീണ വ്യവസായ സഹകരണ സംഘങ്ങൾ

553. **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവർത്തനരഹിതമായ ഗ്രാമീണ വ്യവസായ സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ എത്ര സംഘങ്ങൾ പുനരുദ്ധരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കൺസ്യൂമർഫെഡിലെ അഴിമതി

554. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് ഭരണ സമിതിയുടെ നേതൃത്വത്തിൽ നടന്ന അഴിമതികൾ കണ്ടെത്തി സർക്കാരിന് മാനേജിംഗ് ഡയറക്ടർ നൽകിയ പദ്ധതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ക്രമക്കേടുകൾ കണ്ടുപിടിച്ച് സർക്കാരിനെ അറിയിച്ച മാനേജിംഗ് ഡയറക്ടർ ടോമിൻ തച്ചങ്കരിയെ തൽസ്ഥാനത്ത് നിന്നും മാറ്റുകയുണ്ടായോ ; റിപ്പോർട്ട് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുകയുണ്ടായോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(സി) സ്ഥലം മാറ്റപ്പെട്ട മാനേജിംഗ് ഡയറക്ടർമാർ ഏതെല്ലാം തിയതികളിലായി എത്ര റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടായിരുന്നു ?

കൺസ്യൂമർഫെഡിൽ നടന്നതായ ക്രമക്കേടുകൾ

555. **ശ്രീ.ജെയിംസ് മാത്യു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിൽ നടന്നതായ ക്രമക്കേടുകൾ സംബന്ധിച്ച് സഹകരണ രജിസ്ട്രാർ നിയമാനുസൃതം നടത്തിയ നടപടികൾ എന്തെല്ലാമാണ്; അന്വേഷണത്തിന് ഉത്തരവിടുകയുണ്ടായെങ്കിൽ എപ്പോഴാണെന്നും അന്വേഷണ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി എന്താണെന്നും വ്യക്തമാക്കുമോ; ഭരണ സമിതിയെ പിരിച്ച് വിടാൻ നടപടി സ്വീകരിക്കുകയുണ്ടായെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ബി) കൺസ്യൂമർഫെഡിന്റെ തന്നെ ഉപസമിതിയുടെ അന്വേഷണ റിപ്പോർട്ടും, വിജിലൻസ് അന്വേഷണത്തിലെ കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ സഹകരണ രജിസ്ട്രാറും, സർക്കാറും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഒരു സഹകരണ സ്ഥാപനത്തിൽ ഗുരുതരമായ ക്രമക്കേടുകൾ, റിപ്പോർട്ട് ചെയ്യപ്പെട്ടാൽ രജിസ്ട്രാർ നിയമനാനുസൃതം സ്വീകരിക്കേണ്ടുന്ന നടപടികൾ എന്തെല്ലാമാണ്?

കൺസ്യൂമർഫെഡിന്റെ പ്രവർത്തനം

556. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക വർഷം തിരിച്ച് ലഭ്യമാക്കുമോ ;

(ബി) കൺസ്യൂമർഫെഡിന്റെ നന്മ സ്റ്റോറുകളിലും മൊബൈൽ വിതരണ യൂണിറ്റുകളിലും, നിത്യോപയോഗ സാധനങ്ങളുടെ ദൗർലഭ്യം ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഓണക്കാലത്തെ കൺസ്യൂമർഫെഡിന്റെ വിപണി ഇടപെടൽ സംബന്ധിച്ച വിശദാംശങ്ങൾ

ലഭ്യമാക്കുമോ;

(ഡി) കൺസ്യൂമർഫെഡിന്റെ ക്രിസ്തുമസ് കാലത്തെ വിപണി ഇടപെടലിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഖാദി സഹകരണ സംഘങ്ങളിലെ വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം

557. ഡോ.കെ.ടി.ജലീൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഖാദി സഹകരണ സംഘങ്ങളിലെ മിക്ക വ്യവസായ യൂണിറ്റുകളും പ്രവർത്തിക്കുന്നത് പഴയ ചർക്കകളും തറികളും ഉപയോഗിച്ചാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഖാദി ഗ്രാമവ്യവസായ പദ്ധതികൾ

558. ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ഗ്രാമവ്യവസായ വകുപ്പ് പുതിയ സംരംഭകർക്കായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) യുവസംരംഭകർക്കായി നടപ്പിലാക്കുന്ന പദ്ധതികൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഖാദി ഗ്രാമവ്യവസായ യൂണിറ്റുകളുടെ വിശദാംശം

559. ശ്രീ.സി.കെ.നാണു
,, ജോസ് തെറ്റയിൽ
ശ്രീമതി.ജമീലാ പ്രകാശം
ശ്രീ.മാത്യു റ്റി.തോമസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ എത്ര ഖാദി ഗ്രാമവ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നു; വിശദാംശം വ്യക്തമാക്കാമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഖാദിഗ്രാമ വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്ക് വേണ്ടി എന്ത് തുക അനുവദിച്ചു നൽകിയിട്ടുണ്ട്;വിശദാംശം വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലേയ്ക്ക് കേന്ദ്ര ഖാദി കമ്മീഷനിൽ നിന്നും എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത്;വിനിയോഗം സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

ഖാദിഗ്രാമ വ്യവസായ ഉൽപന്നങ്ങൾ

560. ശ്രീ.മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖാദിഗ്രാമ വ്യവസായ ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ടോ;

(ബി) ഇതുമൂലം 2015-16 സാമ്പത്തിക വർഷത്തിൽ എത്ര തുകയുടെ വിറ്റുവരവുണ്ടായി എന്ന് വ്യക്തമാക്കാമോ;

(സി) നടപ്പു സാമ്പത്തിക വർഷം റിബേറ്റു മുഖേന എത്ര തുക സംസ്ഥാനത്തിനകത്തുള്ള വിവിധ യൂണീറ്റുകൾക്ക് നൽകിയെന്ന് വ്യക്തമാക്കാമോ;പ്രസ്തുത ഇനത്തിൽ കുടിശ്ശിക നിലവിലുണ്ടോ?

<u>സ്റ്റാർട്ടപ്പ് സംരംഭങ്ങൾ</u>

561. ശ്രീ.ടി.എൻ. പ്രതാപൻ

,, സണ്ണി ജോസഫ്

,, പി.സി വിഷ്ണുനാഥ്

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>കെ.എം.എം.എല്ലിന്റെ പ്രവർത്തന പുരോഗതി</u>

562. ശ്രീ.എം.എ.ബേബി

,, പി.കെ.ഗുരുദാസൻ

ശ്രീമതി.പി. അയിഷാ പോറ്റി

ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എം.എം.എല്ലിന്റെ ശേഷിക്കനുസരിച്ച് പ്രസ്തുത സ്ഥാപനം പ്രവർത്തനക്ഷമമാകുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുന്നതിന് വിഘാതമാകുന്ന എന്തെല്ലാം കാരണങ്ങൾ ഉണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് ക്രിയാത്മകമായ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

<u>കെ.എസ്.സി.ഡി.സി, കാപെക്സ്- അനുവദിച്ച തുക</u>

563. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-07 മുതൽ 2014-15 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കശുവണ്ടി വികസന കോർപ്പറേഷനും, കാപെക്സിനും ബഡ്ജറ്റിനത്തിലും മറ്റിനങ്ങളിലും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ചും സാമ്പത്തിക വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ കെ.എസ്.സി.ഡി.സി, കാപെക്സ് എന്നീ സ്ഥാപനങ്ങളുടെ നവീകരണത്തിന് വേണ്ടി അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭ്യമായിട്ടുണ്ടോ; അതു സംബന്ധിച്ച കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ?

<u>വൈഗൈ ത്രഡ്സ് കമ്പനിയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ</u>

564. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്ന് വർഷമായി അടച്ചുപൂട്ടിയ കൊരട്ടിയിലെ വൈഗൈ ത്രഡ്സ് കമ്പനിയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, ന്യായമായ കോമ്പൻസേഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നൽകുന്നതിനുമായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും, കമ്പനി പാട്ടത്തിനെടുത്ത് പ്രവർത്തിച്ചിരുന്നതുമായ സ്ഥലം സർക്കാരിന് തിരികെ ലഭിക്കുന്നതടക്കമുള്ള മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചകളിലെടുത്ത തീരുമാനം നടപ്പാക്കുന്നതിനായി എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിൽ അവ നീക്കി തൊഴിലാളികൾക്ക് ന്യായമായ നഷ്ടപരിഹാരം അനുവദിക്കുന്നതിനും, ഭൂമി ഏറ്റെടുക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## ഉദുമ സ്പിന്നിംഗ് മിൽസിന്റെ ഉൽഘാടനം

565. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിംഗ് മിൽസിന്റെ ഉൽഘാടനം എന്നാണ് ചെയ്തിട്ടുള്ളത്;വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനം തുടങ്ങുന്നതിന് നാളിതുവരെയായി എത്ര രൂപ ചെവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിന് വ്യാവസായികാടിസ്ഥാനത്തിൽ ഉൽപാദനം അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനം വ്യാവസായികാടിസ്ഥാനത്തിൽ ഉൽപാദനം നടത്തുമ്പോൾ എത്ര പേർക്ക് തൊഴിൽ കിട്ടും; നിലവിൽ ഈ സ്ഥാപനത്തിൽ എത്ര പേർ ജോലി ചെയ്യുന്നു; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ ഏജൻസി മേൽ സ്ഥാപനത്തിലെ ഒഴിവുകൾ നികത്തുന്നതിന് തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ എന്ത് അപാകതയാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(എഫ്) മേൽ സ്ഥാപനത്തിൽ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപാദനം തുടങ്ങാൻ ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

## എൽ.എൻ.ജി പൈപ്പ് ലൈൻ പദ്ധതി

566. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ നിർദ്ദിഷ്ട പ്രകൃതിവാതക പൈപ്പ് ലൈൻ പദ്ധതി (എൽ.എൻ.ജി) നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണമെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി അനന്തമായി നീളുന്നത് വല്ലാർപാടം ടെർമിനലിന്റെ വികസനത്തെ ഏതെല്ലാം തരത്തിലാണ് പ്രതികൂലമായി ബാധിക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിൽ സംസ്ഥാനത്തിന്റെ ഇടപെടൽ കാര്യക്ഷമമല്ലെന്ന് കേന്ദ്രം ആക്ഷേപം ഉന്നയിച്ചിട്ടുണ്ടോ;

(ഡി) പദ്ധതി നടത്തിപ്പ് കാര്യക്ഷമമായി പൂർത്തീകരിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

## ത്വരിത വ്യവസായ വികസനം

567. ശ്രീ.തോമസ് ഉണ്ണിയാടൻ
,, റ്റി.യു. കുരുവിള
,, സി.എഫ്.തോമസ്
,, മോൻസ് ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ രംഗത്ത് വളർച്ച കൈവരിക്കുവാൻ പൊതുമേഖലാ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കണമെന്ന് വ്യക്തമാക്കാമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ വഴി മൂല്യവർദ്ധിത ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന് നടപടികൾ ഉണ്ടാകുമോ?

## മാവൂർ ഗ്രാസിം കമ്പനി പ്രവർത്തിച്ചുവന്ന ഭൂമി

568. ശ്രീ.എ. പ്രദീപ്കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 ൽ അടച്ചുപൂട്ടിയ കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാസിം കമ്പനി പ്രവർത്തിച്ചുവന്ന ഭൂമിയുടെ അവകാശം നിലവിൽ ആർക്കാണെന്ന് അറിയിക്കുമോ; പ്രസ്തുത ഭൂമിയുടെ അളവും ബാധ്യതകളും സംബന്ധിച്ച് വിശദമാക്കാമോ;

(ബി) ഗ്രാസിം കമ്പനി പ്രസ്തുത സ്ഥലത്ത് ആരംഭിക്കുന്നതിനായി നിർദ്ദേശിച്ച ഏതെങ്കിലും പദ്ധതി പ്രാവർത്തികമാക്കാവുന്നതാണോ; പ്രസ്തുത ഭൂമിയേയും പദ്ധതി നിർദ്ദേശങ്ങളേയും സംബന്ധിച്ച സർക്കാർ നിലപാട് വിശദമാക്കാമോ;

(സി) പ്രസ്തുത ഭൂമി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള എന്തെങ്കിലും പുതിയ പദ്ധതിക്ക് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## ചെറുകിട വ്യവസായ സംരംഭങ്ങൾ

569. ശ്രീ.കെ.രാധാകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) പുതുതായി എത്ര ചെറുകിട വ്യവസായ സംരംഭങ്ങൾ സർക്കാരിന്റെ അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ആരംഭിച്ചിട്ടുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ ;

(സി) ഇതിനുവേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ നൽകുമോ;

(ഡി) ചേലക്കര മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് ഫണ്ടനുവദിച്ച് ഭരണാനുമതി നൽകിയതിനെ തുടർന്ന് വിലയ്ക്ക് വാങ്ങിയ വരവൂർ വ്യവസായ പാർക്കിൽ എന്തെങ്കിലും ചെറുകിട വ്യവസായങ്ങളാരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ?

(എഫ്) ഈ സർക്കാരിന്റെ കാലത്ത് വരവൂർ വ്യവസായ പാർക്ക് സംരക്ഷിക്കുവാനോ ഏതെങ്കിലും ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാനോ ശ്രമിക്കുമോ ?

## നാട്ടിക വ്യവസായ വിവരസാങ്കേതിക പ്രവർത്തനങ്ങൾ

570. **ശ്രീമതി.ഗീതാ ഗോപി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാട്ടിക നിയോജകമണ്ഡലത്തിൽ എന്തെല്ലാം വ്യവസായ-വിവരസാങ്കേതിക വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രവർത്തനങ്ങൾ നടക്കാത്തതിന് എന്തെങ്കിലും കാരണങ്ങൾ ഉണ്ടെങ്കിൽ വിശദമാക്കുമോ?

<u>വ്യവസായ വകുപ്പിനു കീഴിൽ മാവേലിക്കര നിയോജകമണ്ഡലത്തിലുള്ള ഭൂമി</u>

571. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിനു കീഴിലുള്ള ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിൽ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിച്ചിട്ടുള്ള വസ്തുവിന്റെ വിശദാംശങ്ങൾ ഏത് സ്ഥാപനം, എത്ര ഭൂമി എന്നീ വിവരങ്ങൾ സഹിതം നൽകുമോ;

(സി) ഉപയോഗിക്കാത്ത ഭൂമിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>അത്താണി സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിങ്ങ് യൂണിറ്റ്</u>

572. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അത്താണി സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിങ്ങ് യൂണിറ്റിലെ (എസ്.ഐ.എഫ്.എൽ.) എക്സിക്യൂട്ടീവ് കേഡറിലുള്ളവരുടെ ശമ്പളം കാലോചിതമായി പരിഷ്കരിച്ചു നൽകുന്നതു സംബന്ധിച്ച ഫയലിൽ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ് ;

(ബി) എന്നാണ് എസ്.ഐ.എഫ്.എൽ-ലെ എക്സിക്യൂട്ടീവ് കേഡറിലുള്ളവരുടെ ശമ്പളം അവസാനമായി പരിഷ്കരിച്ചു നൽകിയത് ;

(സി) വർഷങ്ങളായി ശമ്പളപരിഷ്കരണം ലഭിച്ചിട്ടില്ല എന്നതു കണക്കിലെടുത്ത് എസ്.ഐ.എഫ്.എൽ.ലെ എക്സിക്യൂട്ടീവ് കേഡറിലുള്ളവരുടെ ശമ്പളം അടിയന്തരമായി പരിഷ്കരിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ?

<u>വ്യവസായ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങൾ</u>

573. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലാഭത്തിൽ പ്രവർത്തിച്ച എത്ര സ്ഥാപനങ്ങൾ നിലവിൽ നഷ്ടത്തിലായിട്ടുണ്ട്; ആയതിന്റെ പേരുവിവരങ്ങൾ പ്രത്യേകം വിശദമാക്കാമോ?

<u>വ്യവസായ സ്ഥാപനങ്ങളും ഭൂമിയും</u>

574. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് പുതിയതായി എത്ര വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ;

(ബി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിൽ എത്ര ഭൂമിയാണുള്ളത് ; ഇതിൽ വ്യവസായ സ്ഥാപനങ്ങൾ ഉള്ളതും ഇല്ലാത്തതുമായ ഭൂമിയുടെ കണക്ക് ജില്ല തിരിച്ച് നൽകാമോ ;

(സി) കിൻഫ്രയുടെ കീഴിൽ കാസർകോട് ജില്ലയിൽ എത്ര ഭൂമി ഉണ്ട് ; ഇത് ആർക്കെല്ലാം, എത്ര കാലത്തേക്ക്, എത്ര വീതം ഭൂമി നൽകിയിട്ടുണ്ടെന്ന കണക്ക് വ്യക്തമാക്കാമോ ; ലീസിന് ഭൂമി ഏറ്റെടുത്തവർ ഇനിയും വ്യവസായങ്ങൾ തുടങ്ങാൻ ബാക്കിയുണ്ടോ ; എങ്കിൽ പ്രസ്തുത കണക്കുകൾ വ്യക്തമാക്കാമോ ?

<u>ചെറുകിട വ്യവസായങ്ങൾ</u>

575. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) കൂടുതൽ വ്യവസായ നിക്ഷേപം ലഭ്യമാക്കുന്നതിന് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസായ രംഗത്ത് എത്ര ശതമാനം നിക്ഷേപം വർദ്ധിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ഈ നിക്ഷേപ വർദ്ധനവ് ഏതെല്ലാം മേഖലയിലാണെന്ന് വ്യക്തമാക്കുമോ?

<u>വ്യവസായ സ്ഥാപനങ്ങളുടെ അവസ്ഥ</u>

576. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടി എന്ന് വ്യക്തമാക്കുമോ;

(ബി) 01.07.2011 മുതൽ 31.10.2015 വരെയുള്ള കാലയളവിൽ പൂട്ടികിടന്നിരുന്ന വ്യവസായ സ്ഥാപനങ്ങളുടെ കണക്ക് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) പാലക്കാട് ജില്ലയിലെ പ്രധാനപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ എന്തെല്ലാം; ഓരോ വ്യവസായ സ്ഥാപനത്തിന്റേയും വികസനത്തിനായി എത്ര തുക അനുവദിച്ചു എന്നതിന്റെ 01.07.2006 മുതൽ 31.10.2015 വരെയുള്ള കണക്ക് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

<u>സംയുക്ത സംരംഭങ്ങളിൽ ഏർപ്പെട്ട പൊതുമേഖല സ്ഥാപനങ്ങൾ</u>

577. **ശ്രീ.റോഷി അഗസ്റ്റിൻ**

**,, എം.വി.ശ്രേയാംസ് കുമാർ**

**ഡോ.എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭത്തിൽ ഏർപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംയുക്ത സംരംഭങ്ങളിൽ ഏർപ്പെട്ടതുകൊണ്ട് സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങൾക്ക് നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

<u>കശുവണ്ടി വികസന കോർപ്പറേഷൻ</u>

578. **ശ്രീ.പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ പ്രവർത്തിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വിശദമാക്കുമോ;

(ബി) ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ?

<u>കശുവണ്ടി വികസന കോർപ്പറേഷൻ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക</u>

579. **ശ്രീ.പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷൻ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുത്തു തീർക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുത്തു തീർക്കാൻ ആവശ്യമായ തുക എത്രയെന്നറിയിക്കാമോ ; ഈ സർക്കാർ അധികാരമേറ്റ ശേഷം തുക അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പ്രസ്തുത കുടിശ്ശിക കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ; കാപ്പക്സിൽ നിന്നും വിരമിച്ച തൊഴിലാളികൾക്ക് എത്ര വർഷത്തെ ഗ്രാറ്റിവിറ്റി കുടിശ്ശിക നൽകാനുണ്ടെന്നറിയിക്കുമോ ; പ്രസ്തുത തുക എന്നു വിതരണം ചെയ്യുമെന്ന് അറിയിക്കുമോ ?

<u>കശുവണ്ടി വികസന കോർപ്പറേഷനിലെ അഴിമതി</u>

580. **ശ്രീ.പി.കെ.ഗുരുദാസൻ**
**ശ്രീമതി.പി. അയിഷാ പോറ്റി**
**ശ്രീ.ജി.സുധാകരൻ**
**,, ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത കോർപ്പറേഷനിലെ ഉന്നതസ്ഥാനത്തുള്ള ഉദ്യോഗസ്ഥരുടെ അഴിമതിയുമായി ബന്ധപ്പെട്ട് വന്ന വാർത്തകൾ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

<u>പുതുതായി ആരംഭിച്ച പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങൾ</u>

581. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ പുതുതായി ആരംഭിച്ച പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് പറയുമോ ;

(ബി) നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന കേരളത്തിലെ പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും അവയുടെ ഓരോന്നിന്റെയും ലാഭം എത്രകോടിയാണെന്നും പറയുമോ ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നഷ്ടത്തിലായിരുന്നതും ഈ സർക്കാർ ലാഭത്തിലേയ്ക്ക് കൊണ്ടുവന്നതുമായ പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും അവയുടെ ഓരോന്നിന്റെയും ലാഭം എത്രകോടിയാണെന്നും പറയുമോ ;

(ഡി) ഈ സർക്കാർ കാലയളവിൽ പ്രവർത്തനം നിലച്ചുപോയതും നഷ്ടം മൂലം അടച്ചുപൂട്ടിയതും കൈമാറ്റം ചെയ്യപ്പെട്ടതുമായ പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് പറയാമോ ?

## നിക്ഷേപക സംഗമങ്ങൾ

582. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ സംസ്ഥാനത്തെ വ്യാവസായിക വളർച്ചയ്ക്കായി നിക്ഷേപക സംഗമങ്ങൾ ഉൾപ്പെടെ എന്തെല്ലാം പരിപാടികൾ സംഘടിപ്പിച്ചെന്ന് വെളിപ്പെടുത്താമോ;

(ബി) ഓരോ പരിപാടികളുടെയും സംഘാടനത്തിനും പ്രചാരണത്തിനുമായി ഇതിനകം എന്ത് തുക ചെലവഴിച്ചെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പരിപാടികളിലൂടെ സംസ്ഥാനത്തെ ഏതൊക്കെ മേഖലകളിൽ എത്ര രൂപയുടെ നിക്ഷേപം ശേഖരിച്ചെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത നിക്ഷേപം സ്വീകരിച്ച ഓരോ പദ്ധതികളുടെയും പ്രവർത്തനം നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## അങ്കമാലി ടെൽകിന്റെ സാമ്പത്തിക നഷ്ടം

583. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പതിനഞ്ച് വർഷമായി ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന അങ്കമാലി ടെൽക് കഴിഞ്ഞ സാമ്പത്തിക വർഷം (2014-2015) മുപ്പത്തിമൂന്ന് കോടി രൂപ നഷ്ടത്തിലായതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(ബി) ടെൽക്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ;

(സി) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ 2014 മാർച്ച് 31 വരെയുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് സി ആന്റ് എ ജി 23.03.2015 ന് നിയമസഭയിൽ വച്ച 2015 ലെ ആദ്യത്തെ റിപ്പോർട്ടിൽ ടെൽക്കിലെ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ വീഴ്ചമൂലം 7.5 കോടിയിലധികം നഷ്ടം വന്നതായി ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ;എങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ഡി) 2015- 2016 ൽ ടെൽക്കിന്റെ പ്രതീക്ഷിക്കുന്ന വിറ്റുവരവ് എത്രയാണെന്നും പ്രതീക്ഷിക്കുന്ന ലാഭം/നഷ്ടം എത്രയാണെന്നും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്

584. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ അയ്യമ്പുഴ വില്ലേജിൽ കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിന്റെ രണ്ടാം ഘട്ട വികസനത്തിനുവേണ്ടി 250 ഏക്കർ ഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തെന്ന് വിശദമാക്കാമോ?

<u>സംരംഭകത്വ വികസന പരിപാടി</u>

585. **ശ്രീ.സി.മമ്മൂട്ടി**
**,, പി.കെ.ബഷീർ**
**,, പി.ഉബൈദുള്ള**
**,, കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിയ സംരംഭകത്വ വികസന പരിപാടിയുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പു സാമ്പത്തിക വർഷത്തിൽ തുടരുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി മൂലം കൈവരിക്കാനായ നേട്ടം വിശദമാക്കുമോ?

<u>മാവൂരിൽ പുതിയ വ്യവസായ സ്ഥാപനം</u>

586. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂരിൽ പുതിയ വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>പരമ്പരാഗത വ്യവസായം</u>

587. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ രംഗത്ത് ജോലി ചെയ്തു ജീവിക്കുന്ന കുടുംബങ്ങളുടെ കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം പരമ്പരാഗത വ്യവസായ രംഗത്താണിപ്പോൾ തൊഴിൽ ദിനങ്ങളും തൊഴിൽ അവസരങ്ങളും കുറഞ്ഞിട്ടുള്ളത്;

(സി) ഓരോ പരമ്പരാഗത വ്യവസായ രംഗത്തെയും ആശ്രയിച്ച് ജീവിച്ചുപോന്നിരുന്ന കുടുംബങ്ങൾ, തൊഴിൽ നഷ്ടപ്പെട്ടവർ, അടച്ചുപൂട്ടപ്പെട്ട ചെറുകിട യൂണിറ്റുകൾ, ആധുനിക വല്ക്കരണം നടന്നിട്ടില്ലാത്തവ തുടങ്ങിയ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത രംഗത്ത്, നിലവിൽ തൊഴിൽ നഷ്ടപ്പെട്ടവർ എത്രയാണ്; അവരുടെ കുടുംബങ്ങൾക്ക് എന്തെങ്കിലും ആശ്വാസം ലഭ്യമാക്കിയിട്ടുണ്ടോ?

<u>സാങ്കേതിക കോഴ്സുകൾ തുടങ്ങുന്നതു സംബന്ധിച്ച്</u>

588. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ടെക്സ്റ്റയിൽസിന്റെ അധീനതയിലുള്ള അധിക ഭൂമിയിൽ സാങ്കേതിക കോഴ്സുകൾ തുടങ്ങുന്നതു സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് 17/7/2014 ൽ ബഹു. വ്യവസായ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ തീരുമാന പ്രകാരം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>പൊതുമേഖലാ സ്ഥാപനങ്ങൾ</u>

589. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ ജോലി ചെയ്യുന്നതിനുള്ള പ്രായപരിധിയും വിദ്യാഭ്യാസ യോഗ്യതയും സംബന്ധിച്ച് സ്ഥാപനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ എഴുപത് വയസ്സിന് മേൽ പ്രായമുള്ള മാനേജിംഗ് ഡയറക്ടറോ ജനറൽ മാനേജരോ നിലവിലുണ്ടോ ;

(ഡി) എങ്കിൽ സ്ഥാപനത്തിന്റെ പേരും പ്രസ്തുത തസ്തികയിൽ തുടരുന്ന വ്യക്തികളുടെ പേരും വ്യക്തമാക്കുമോ ?

<u>പൊതുമേഖലാ സ്ഥാപനങ്ങൾ</u>

590. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ട്;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പ്രവർത്തിച്ചിരുന്ന ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിൽ പൂട്ടിക്കിടക്കുന്നുണ്ട്;

(സി) മുൻ സർക്കാരിന്റെ കാലത്ത് ലാഭത്തിൽ പ്രവർത്തിച്ച ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നത്; വിശദാംശം നൽകുമോ;

(ഡി) നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ്?

<u>പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായം</u>

591. ശ്രീ.എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഈ സർക്കാർ നൽകിയ ധനസഹായം എത്രയാണെന്ന് സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ്?

<u>പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായ൦</u>

592. ശ്രീ.എ.റ്റി.ജോർജ്
,, അൻവർ സാദത്ത്
,, കെ.മുരളീധരൻ
,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മുൻകാലങ്ങളിൽ നൽകാത്ത വിധം സഹായം നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>എമർജിംഗ് കേരള</u>

593. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയിലൂടെ എത്ര പ്രോജക്ടുകൾക്ക് ഇതുവരെ ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ;

(ബി) എമർജിംഗ് കേരളയിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപ പദ്ധതികളാണ് ഇതുവരെ നടപ്പിലാക്കാൻ സാധിച്ചത്;

(സി) എമർജിംഗ് കേരള പദ്ധതിയുടെ ഭാഗമായി സർക്കാർ എത്ര രൂപ ചെലവഴിച്ചു ; വിശദാംശം നൽകാമോ;

(ഡി) എമർജിംഗ് കേരള പദ്ധതി ഒരു വിജയമായിരുന്നു എന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ; വിശദീകരണം നൽകാമോ?

<u>കുറ്റ്യാടി നാളികേര പാർക്ക്</u>

594. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നാളികേര പാർക്ക് സ്ഥാപിക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാർക്ക് എപ്പോൾ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>കേരളത്തിലെ വ്യവസായ സ്ഥാപനങ്ങൾ</u>

595. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് എത്ര വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്; വിശദമാക്കുമോ ;

(ബി) നിലവിൽ പ്രവർത്തിച്ചുവന്ന എത്ര സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട് ; എങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ ?

<u>കാസർകോട് ജില്ലയിൽ വ്യവസായ സ്ഥാപനങ്ങൾ</u>

596. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാസർകോട്ജില്ലയിൽ ഏതെല്ലാം മേഖലകളിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പുതിയ വ്യവസായങ്ങൾ ആംരഭിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കാസർകോട് ജില്ലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമാണ്; ഇതിൽ ലാഭത്തിൽ/നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ഏതെല്ലാമാണെന്ന് ലാഭം/നഷ്ടം/വർഷം തിരിച്ച് വിശദീകരിക്കാമോ ?

<u>ടൈറ്റാനിയം കമ്പനിയുടെ തകർച്ച</u>

597. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ**
,, വി.ശിവൻകുട്ടി
,, ബി.സത്യൻ

**,, എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതിയും കെടുകാര്യസ്ഥതയും പൊതുമേഖലാ വ്യവസായ സ്ഥാപനമായ ടൈറ്റാനിയത്തിന്റെ തകർച്ചയ്ക്ക് പ്രധാനകാരണമായിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പല ഘട്ടങ്ങളിലും നല്ല നിലയിൽ പുരോഗതി പ്രാപിച്ചിരുന്ന ടൈറ്റാനിയം കമ്പനി ഇന്നത്തെ നിലയിലേക്ക് തകർച്ച നേരിടുന്നതിനിടയായ കാരണം പരിശോധിച്ചിട്ടുണ്ടോ ;

(സി) ടൈറ്റാനിയം നല്ല നിലയിൽ പ്രവർത്തനക്ഷമമാക്കുന്നതിന് വിവിധ തലങ്ങളിൽ നിന്നു വന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

<u>കൊയിലാണ്ടി മണ്ഡലത്തിലെ വികസന പദ്ധതികൾ</u>

598. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വ്യവസായ വകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പദ്ധതികൾ എന്തെല്ലാം; ഓരോ പദ്ധതിക്കും അനുവദിച്ച തുക പുരോഗതി ഉൾപ്പെടെ വിശദമാക്കാമോ?

<u>ടൈറ്റാനിയം ഫാക്ടറിയുടെ ആവശ്യത്തിനായി മണൽ ഇറക്കുമതി</u>

599. **ശ്രീ.എ. കെ. ശശീന്ദ്രൻ**

**,, തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈറ്റാനിയം ഫാക്ടറിയുടെ ആവശ്യത്തിനായി സ്വകാര്യ കമ്പനികൾ വഴി ശ്രീലങ്കൻ മണൽ ഇറക്കുമതി ചെയ്തതിനാൽ സർക്കാരിന് നഷ്ടമുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ നഷ്ടമെന്ന് വെളിപ്പെടുത്താമോ;

(ബി) ഇൽമനൈറ്റ് ഇറക്കുമതി ചെയ്യുന്നതിനുള്ള ടെൻഡറിൽ ഏതെല്ലാം കമ്പനികളാണ് പങ്കെടുത്തതെന്നും എന്തു തുകയാണ് ടെൻഡറിൽ ക്വാട്ട് ചെയ്തതെന്നും വ്യക്തമാക്കുമോ;

(സി) ഗുണനിലവാരം കുറഞ്ഞ ശ്രീലങ്കൻ മണൽ ഇറക്കുമതിയ്ക്കായി നടപടികൾ സ്വീകരിച്ച ഉന്നത ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ഗാന്ധിഗ്രാം ആഗ്രോ ബെയ്സ്ഡ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി</u>

600. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീഡിത വ്യവസായമായി പ്രഖ്യാപിക്കപ്പെട്ട ഗാന്ധിഗ്രാം ആഗ്രോ ബെയ്സ്ഡ് ഇന്റസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വക സ്ഥലം വിറ്റ് സംഘത്തിൻറ കടങ്ങൾ വീട്ടുന്നതിന് ,ബഹു. കേരളാ ഹൈക്കോടതിയുടെ ഉത്തരവിൻമേൽ വ്യവസായ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ.

(ബി) സ്ഥലം വില്പന നടത്തുന്നതിനുള്ള തടസ്സങ്ങൾ നീക്കം ചെയ്യുന്നതിന് വകുപ്പ തലത്തിൽ സ്വീകരിച്ച നടപടികൽ വ്യക്തമാക്കാമോ?

<u>സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങളിലെ നിലവിലെ അവസ്ഥ</u>

601. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് എത്ര വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ടെന്നും, പുന:രുജ്ജീവിപ്പിച്ചിട്ടുണ്ടെന്നും പുതുതായി എത്ര എണ്ണം പൊതുമേഖലയിൽ ആരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

## സംസ്ഥാനത്തെ വ്യാവസായിക പുരോഗതി ലക്ഷ്യം വച്ച് പദ്ധതികൾ

602. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവസംരഭകർക്കായി ഇതിനകം നടത്തിയ പദ്ധതികൾ സംസ്ഥാനത്തിന്റെ വ്യവസായിക പുരോഗതിയിൽ ഉണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) കേരളത്തെ സംരംഭ അനുകൂല സംസ്ഥാനമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ ;

(സി) പരമ്പരാഗത വ്യവസായങ്ങളെ സാങ്കേതിക വിദ്യകളുടെ മികവിൽ പുന:രുജ്ജീവിപ്പിക്കുന്നതിന് പദ്ധതികളാവിഷ്കരിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## മട്ടന്നൂർ വെള്ളിയാംപറമ്പ് കിൻഫ്രാ വ്യവസായപാർക്ക്

603. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വെള്ളിയാംപറമ്പ് കിൻഫ്രാ വ്യവസായ പാർക്കിനായി എത്ര തുകയുടെ പ്രോജക്ടിനാണ് അംഗീകാരം നൽകിയതെന്നു വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര തുകയുടെ കേന്ദ്രധനസഹായത്തിന് അപേക്ഷ സമർപ്പിച്ചുവെന്നും എത്ര തുക ലഭിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വ്യവസായ പാർക്കിന്റെ പ്രവർത്തനങ്ങൾക്ക് ഇതുവരെ എത്ര തുക അനുവദിക്കുകയുണ്ടായെന്നു വ്യക്തമാക്കുമോ ?

## പൊതുമേഖലയിലെ പുതിയ വ്യവസായ സ്ഥാപനങ്ങൾ

604. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെയായി വ്യവസായ വകുപ്പിന്റെ കീഴിൽ പൊതുമേഖലയിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ എത്ര പുതിയ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ; ഈ സ്ഥാപനങ്ങൾ തുടങ്ങുകവഴി എത്ര പേർക്ക് പുതുതായി തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

## ചാത്തന്നൂർ സഹകരണ സ്പിന്നിംഗ് മിൽ നവീകരണം

605. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിലേക്കായി എൻ.സി.ഡി.സി.യുമായി ചേർന്ന് പദ്ധതി ആവിഷ്കരിച്ചിരുന്നുവോ ; എങ്കിൽ എന്തെല്ലാം നവീകരണപ്രവർത്തനങ്ങൾക്ക് എത്ര കോടി രൂപയുടെ പദ്ധതിക്കാണ് അംഗീകാരം ലഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭിച്ചത് എന്നാണ് ; ഈ പദ്ധതി അനുസരിച്ച് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ലഭ്യമാക്കാമെന്ന് വിഭാവനം ചെയ്തിരുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) മേൽ തുകയിൽ എത്ര രൂപ സംസ്ഥാന ഗവൺമെന്റിന് ലഭിച്ചുവെന്ന് അറിയിക്കുമോ ; ഇതിൽ എത്ര രൂപ മിൽ നവീകരണത്തിനായി നൽകിയിട്ടുണ്ട് ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) നിലവിൽ പ്രസ്തുത സ്ഥാപനത്തിന്റെ കടബാദ്ധ്യത എത്രയാണ് ; ആർക്കൊക്കെ എത്ര രൂപ നൽകാനുണ്ടെന്ന് അറിയിക്കുമോ ;

(ഇ) പ്രസ്തുത സ്ഥാപനത്തിൽ ആകെയുള്ള മെഷീനുകളിൽ എത്രയെണ്ണം പ്രവർത്തന സജ്ജമാണ് ; പ്രവർത്തന സജ്ജമായ മെഷീനുകളിൽ എത്ര ശതമാനത്തോളം പ്രവർത്തിപ്പിക്കുന്നുണ്ട് ;

(എഫ്) മില്ലിലെ തൊഴിലാളികളിൽ എത്ര പേർക്ക് ഇപ്പോൾ ജോലി നൽകുവാൻ കഴിയുന്നു ; ലേ ഓഫ് നിലവിലുണ്ടോ ; വിശദാംശം അറിയിക്കുമോ ;

(ജി) ചാത്തന്നൂർ സഹകരണ സ്പിന്നിംഗ് മില്ലിനെ നവീകരിച്ച് പ്രവർത്തന സജ്ജമാക്കുവാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്നും അത് എന്നത്തേക്ക് പ്രാവർത്തികമാക്കുമെന്നും അറിയിക്കുമോ ?

<u>ഇലക്ട്രോണിക് സർവ്വീസ് ഡെലിവറി സിസ്റ്റം</u>

606. ശ്രീ.അൻവർ സാദത്ത്
,, എ.പി.അബ്ദുള്ളക്കുട്ടി
,, എ.റ്റി.ജോർജ്
,, ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രോണിക് സർവ്വീസ് ഡെലിവറി സിസ്റ്റത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ടെൽക്കിന്റെ പ്രവർത്തനം</u>

607. ശ്രീ.ജോസ് തെറ്റയിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ടി.പി.സി യുടെ കഹൽഗാവ് പ്രോജക്ടിൽ ടെൽക്കിന് ലഭിച്ച 19 കോടി രൂപയുടെ ഓർഡർ ടെൽക് ഉപേക്ഷിക്കാനുണ്ടായ സാഹചര്യമെന്താണെന്നും ഇതുമൂലം കമ്പനിക്ക് ഉണ്ടായ നഷ്ടം എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ടെൽക്കിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന 25 കോടി രൂപയുടെ വികസനം സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ടും വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ഡി) ബോർഡ് അംഗീകരിച്ച ക്യാപിറ്റൽ പ്രൊക്യൂവർമെന്റ് പോളിസിക്ക് വിരുദ്ധമായി ടെൽക്കിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തിരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഇ) ലാർജ് കപ്പാസിറ്റി ട്രാൻസ് ഫോർമറുകൾ കൂടുതൽ എണ്ണം നിർമ്മിക്കാൻ വേണ്ടി 2013 -ൽ 25 കോടി രൂപ മുടക്കി പൂർത്തീകരിച്ച വികസനങ്ങൾ കൊണ്ട് ടെൽക് കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത വികസനങ്ങളാൽ വിഭാവനം ചെയ്ത പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

<u>സ്റ്റാർട്ടപ് വ്യവസായരംഗം</u>

608. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ടപ് വ്യവസായ രംഗത്ത് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നിക്ഷേപം കുറയുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത രംഗത്ത് സംസ്ഥാനം പിന്നോക്കം പോകുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തിയ കാരണങ്ങൾ എന്തെല്ലാമെന്നാണ് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത രംഗത്തെ നിക്ഷേപകരെ ആകർഷിക്കുന്ന തരത്തിൽ എന്തെല്ലാം അനുകൂല ഘടകങ്ങളാണ് സംസ്ഥാനം വാഗ്ദാനം ചെയ്തിട്ടുള്ളത് ;

(ഡി) പ്രസ്തുത രംഗത്തെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി കൂടുതൽ നിക്ഷേപം ലഭ്യമാക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>മലബാർസിമന്റ്സ്</u>

609. പ്രൊഫ. സി.രവീന്ദ്രനാഥ്
ശ്രീ.എം.ചന്ദ്രൻ
,, വി.ചെന്താമരാക്ഷൻ
,, എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് ഇന്നത്തെ നിലയിൽ തകർച്ചയ്ക്ക് കാരണമായത് അധികൃതരുടെ അനാസ്ഥയും കെടുകാര്യസ്ഥതയും അഴിമതിയുമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

(ബി) മുൻ സർക്കാരിന്റെ കാലത്ത് പുരോഗതിയിലായിരുന്ന പ്രസ്തുത സ്ഥാപനത്തെ ഇന്നത്തെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിച്ച് അഭിവൃദ്ധിയിലെത്തിക്കുന്നതിലുള്ള താല്പര്യമില്ലായ്മയാണ് മലബാർ സിമന്റ്സിന്റെ തകർച്ചയിലൂടെ വ്യക്തമാകുന്നതെന്ന പരാതിയിന്മേലുള്ള നിലപാട് വിശദമാക്കുമോ?

<u>സ്റ്റാർട്ടപ്പ് വ്യവസായ രംഗത്തെ നിക്ഷേപം</u>

610. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ടപ്പ് വ്യവസായ രംഗത്ത് നിക്ഷേപം കുറഞ്ഞതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) സ്റ്റാർട്ടപ്പ് യുവ സംരംഭക നയവും, ഇൻക്യുബേഷൻ സെന്ററും സ്റ്റാർട്ടപ്പ് വില്ലേജും , അവയ്ക്ക നൽകിയ പ്രചാരത്തിനനുസൃതമായി വളർത്തിയെടുക്കുന്നതിൽ വീഴ്ച വന്നതായി കരുതുന്നുണ്ടോ ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) നാസ്കോം കണക്കുകൾ പ്രകാരം ഇൻഡ്യയിലാകെ ഉയർന്നു വന്ന ഐ.ടി സ്റ്റാർട്ടപ്പുകളുടെ എത്ര ശതമാനമാണ് കേരളത്തിനുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) യുവ സംരംഭക രംഗത്ത് ഇന്ത്യയിൽ നടപ്പുവർഷം പ്രതീക്ഷിക്കുന്ന നിക്ഷേപത്തിന്റെ എത്രശതമാനം സംസ്ഥാനത്തിന് ലഭിക്കുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ;

(ഇ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്ന് ഡസ്റ്റിനേഷനുകളിലും സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ, സ്റ്റാർട്ടപ്പ് വില്ലേജുകൾ എന്നിവ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

## സ്റ്റാർട്ടപ്പ് വ്യവസായം

611. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ടപ്പ് വ്യവസായ രംഗത്ത് സംരംഭകത്വ മൂലധനം (വെഞ്ചർ ക്യാപിറ്റൽ ഫണ്ട്) ആകർഷിക്കുന്നതിൽ പരാജയം സംഭവിച്ചിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) സ്റ്റാർട്ടപ്പ് നിക്ഷേപത്തിന്റെ കാര്യത്തിൽ കേരളത്തിന് നിലവിൽ എത്രാമത് സ്ഥാനമാണ്;

(സി) സംസ്ഥാനത്തെ സൈബർ പാർക്ക്, ഇൻഫോ പാർക്ക്, ടെക്നോപാർക്ക് എന്നിവിടങ്ങളിലെല്ലാം സ്റ്റാർട്ടപ്പ് വില്ലേജുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ; വിശദമാക്കാമോ; സ്റ്റാർട്ടപ്പ് രംഗത്ത് സംസ്ഥാനത്തെ മൂന്ന് ഐ.ടി ഡസ്റ്റിനേഷനുകളിലും നിക്ഷേപകരെ ആകർഷിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി യുവ സംരംഭകരെയും നിക്ഷേപകരെയും സംസ്ഥാനത്തേക്ക് ക്ഷണിക്കുന്നതിനാവശ്യമായ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ?

## കെട്ടിക്കിടക്കുന്ന ടൈറ്റാനിയം സ്പോഞ്ച്

612. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ കെ.എം.എം.എല്ലിലെ ഫാക്ടറിയിൽ കെട്ടിക്കിടക്കുന്ന ടൈറ്റാനിയം സ്പോഞ്ചിന്റെ കണക്ക് വിശദമാക്കുമോ ;

(ബി) കോടികൾ വിലമതിക്കുന്ന ടൈറ്റാനിയം സ്പോഞ്ച് കെട്ടിക്കിടക്കുമ്പോഴും ഇൻഡ്യാ ഗവൺമെന്റ് ഇത് ഇറക്കുമതി നടത്തുന്നതായി അറിയുമോ ;

(സി) മുൻ കേന്ദ്ര സർക്കാരും ഇപ്പോഴത്തെ കേന്ദ്ര സർക്കാരും തുടർന്നു വരുന്ന ഈ രംഗത്തെ ഇറക്കുമതി നയം കെ.എം.എം.എല്ലിനെ ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിക്കുന്നുണ്ട്; വിശദമാക്കുമോ?

## യെസ് ക്യാൻ **2015**

613. **ശ്രീ.ജെയിംസ് മാത്യു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവ സംരംഭകത്വ സംഗമ (യെസ്) ത്തിന്റെ രണ്ടാം പതിപ്പായ യെസ് ക്യാൻ 2015 സംഘടിപ്പിക്കുന്നതിന് കെ.എസ്.ഐ.ഡി.സി മൊത്തം എന്ത് തുക ചെലവഴിച്ചു; ഒന്നാം പതിപ്പിന് ചെലവായ തുക എത്രയായിരുന്നു;

(ബി) യെസിന്റെയും യെസ് ക്യാൻ 2015 ന്റെയും ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) സംഘടിപ്പിക്കപ്പെട്ട പരിപാടിയുടെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തുകയുണ്ടായോ; എങ്കിൽ ഏത് ഏജൻസി; വിശദമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച തുടർ നടപടികൾ എന്തൊക്കെയാണ്?

## കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ

614. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി -മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതു സംബന്ധിച്ച് ജനങ്ങളിലുണ്ടായ ആശങ്ക ദൂരീകരിക്കുന്നതിനും സ്ഥലം ഉടമകൾക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>കശുവണ്ടി പരിപ്പ് കച്ചവടവും ഡ്യൂട്ടി സ്കീപ് ആനുകൂല്യവും</u>

615. **ശ്രീ.പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2015 വരെ കയറ്റുമതി ചെയ്ത കശുവണ്ടി പരിപ്പിന്റെ അളവും അതിലൂടെ ലഭിച്ച തുകയും വർഷം തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ ;

(ബി) 2011 മുതൽ 2015 വരെ കശുവണ്ടി പരിപ്പിന്റെ ആഭ്യന്തര കച്ചവടം എത്രയെന്നും ലഭിച്ച തുക എത്രയെന്നും വർഷം തിരിച്ച് കണക്ക് ലഭ്യമാക്കുമോ ;

(സി) 2011 മുതൽ 2015 വരെ കെ.എസ്.സി.ഡി.സി.യും കാപെക്സും കയറ്റുമതി ചെയ്ത കശുവണ്ടി പരിപ്പിന്റെ അളവും അതിലൂടെ ലഭിച്ച തുകയും വർഷം തിരിച്ച് ലഭ്യമാക്കുമോ ;

(ഡി) 2011 മുതൽ 2015 വരെ കെ.എസ്.സി.ഡി.സി.യും കാപെക്സും ആഭ്യന്തര കച്ചവടത്തിലൂടെ വിറ്റ കശുവണ്ടിപ്പരിപ്പിന്റെ കണക്ക് ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത കാലയളവിൽ കയറ്റുമതി പ്രോത്സാഹനത്തിന്റെ ഭാഗമായി കശുവണ്ടിക്ക് ലഭ്യമായ ഡ്യൂട്ടി സ്കീപ് ആനുകൂല്യം എത്രയെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത കാലയളവിൽ ഡ്യൂട്ടി സ്കീപ് ഇനത്തിൽ കെ.എസ്.സി.ഡി.സി.യ്ക്കും കാപെക്സിനും ലഭിച്ച തുക എത്രയെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ജി) ഡ്യൂട്ടി സ്കീപ് ആനുകൂല്യം അഞ്ച് ശതമാനത്തിൽ നിന്നും രണ്ട് ശതമാനമായി വെട്ടിക്കുറച്ച നടപടി കേന്ദ്ര സർക്കാർ പിൻവലിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; ഡ്യൂട്ടി സ്കീപ് ആനുകൂല്യം പുന:സ്ഥാപിച്ചിട്ടില്ലെങ്കിൽ പുന:സ്ഥാപിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ ?

<u>എമർജിംഗ് കേരള</u>

616. **ശ്രീ.ജോസഫ് വാഴയ്ക്കൻ**
**,,** വർക്കല കഹാർ
**,,** പാലോട് രവി
**,,** തേറമ്പിൽ രാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എമർജിംഗ് കേരള നിക്ഷേപകസംഗമം വഴി പദ്ധതികൾ നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ആയത് നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>കാസർഗോഡ് ജില്ലയിൽ ഖനനാനുമതിയുള്ള ക്വാറികൾ</u>

617. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര ക്വാറികൾ ഉണ്ടെന്നും ഇതിൽ എത്ര എണ്ണത്തിന് ഖനനാനുമതി ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) അനധികൃത ക്വാറികൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ധാതുമണൽ സമ്പത്ത്</u>

618. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ധാതുമണൽ സമ്പത്തിന്റെ വ്യാപ്തിയെയും ഇവ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതയെയും പറ്റി ശാസ്ത്രീയമായ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ധാതുമണൽ സമ്പത്ത് ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ /പരിഹാരങ്ങൾ /പദ്ധതികൾ ആണ് നിർദ്ദേശിച്ചിട്ടുള്ളത്; നിർദ്ദേശങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ എന്തെങ്കിലും തീരുമാനം ഉണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) അനധികൃത ധാതുസമ്പത്ത് ഖനനം തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; പ്രസ്തുത നടപടികൾ പര്യാപ്തമാണ് എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ധാതുമണൽ ഉപയോഗപ്പെടുത്തുന്നതിന് പൊതുമേഖലയിൽ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുമോ?

<u>കൈത്തറി വ്യവസായ മേഖല</u>

619. **ശ്രീ.ഇ.പി.ജയരാജൻ**

**,,** സി.കൃഷ്ണൻ

**,,** പി.കെ.ഗുരുദാസൻ

**,,** കെ. ദാസൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയുടെ നിലവിലെ അവസ്ഥ പരിശോധിച്ചിട്ടുണ്ടോ;

(ബി) കൈത്തറി വ്യവസായമേഖലയിൽ ആയിരക്കണക്കിന് പേരെ നിത്യപട്ടിണിയിലേക്ക് തള്ളിവിടുമ്പോഴും വാഗ്ദാനങ്ങൾ പാലിക്കുന്നതിന് സർക്കാർ തലത്തിൽ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുന്നില്ലെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) കൈത്തറി വ്യവസായത്തിന്റെ തകർച്ചയ്ക്കുള്ള യഥാർത്ഥ കാരണം കണ്ടെത്തി പരിഹാരമാർഗ്ഗം കണ്ടെത്തുന്നതിലുള്ള അലംഭാവമാണ് ഈ മേഖലയിൽ പ്രതിസന്ധി തുടരുന്നതിനിടയാക്കുന്നതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ?

<u>കുന്നത്തറ ടെക്സ്റ്റൈൽ ഏറ്റെടുക്കൽ</u>

620. **ശ്രീ.പുരുഷൻ കടലുണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തറ ടെക്സ്റ്റൈൽ കമ്പനി ലിക്വിഡേഷൻ നടപടികൾ സംബന്ധിച്ച പുരോഗതി വ്യക്തമാക്കുമോ;

(ബി) കമ്പനി സ്വത്തുക്കൾ ലേലം വഴി അന്യാധീനപ്പെടുത്തുന്നത് ഒഴിവാക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പുരോഗതി വിശദമാക്കുമോ ?

<u>ഇ-ഗവേണൻസ്</u>

621. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
,, കെ.അച്ചുതൻ
,, സി.പി.മുഹമ്മദ്
,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ ഇ-ഗവേണൻസ് നടപ്പാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ?

ഇ-ഡിസ്ട്രിക്ട് പദ്ധതി

622. ശ്രീ.കെ.എം.മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ സേവനങ്ങൾ ലഭ്യമാക്കുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ;

(ബി) ഇതിലേക്ക് ആവിഷ്കരിച്ച ഇ-ഡിസ്ട്രിക്ട് പദ്ധതി ഏതെല്ലാം ജില്ലകളിൽ പൂർണ്ണമായി നടപ്പിലാക്കിയെന്നു അറിയിക്കുമോ;

(സി) ഇതിലേക്ക് ലഭിച്ച കേന്ദ്ര സഹായം എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിമൂലം പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ സാധിച്ച സേവനങ്ങൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ?

ഇ-പ്രൊക്യൂർമെന്റ് പദ്ധതി

623. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-പ്രൊക്യൂർമെന്റ് പദ്ധതിയുടെ ഭാഗമായി നടന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ഈ പദ്ധതി ഏതെല്ലാം വകുപ്പുകളിലാണ് നടപ്പിലാക്കിയതെന്ന് അറിയിക്കുമോ;

(സി) ഇ-പ്രൊക്യൂർമെന്റ് പദ്ധതി പ്രകാരം പ്രസ്തുത വകുപ്പുകൾ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) പ്രസ്തുത പദ്ധതി പൂർണ്ണമായി സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും എന്നത്തേക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ?

ഐ.ടി. മേഖലയിലെ പദ്ധതികൾ

624. ശ്രീ.കെ.അച്ചുതൻ
,, പാലോട് രവി
,, വർക്കല കഹാർ
,, എം.പി.വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. മേഖലയിൽ വൻകുതിപ്പിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>എരമം-കുറ്റൂർ സൈബർ പാർക്ക്</u>

625. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എരമം-കുറ്റൂർ പഞ്ചായത്തിൽ ആരംഭിക്കുന്ന സൈബർ പാർക്ക് നിർമ്മാണ പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) നിർമ്മാണം പൂർത്തിയാക്കി സൈബർ പാർക്ക് പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>വനിതാ ജീവനക്കാരുടെ പ്രസവാവധി</u>

626. **ശ്രീ.എ. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ വനിതാ ജീവനക്കാർക്ക് പ്രസവാവധി ഇപ്പോഴുള്ള ആറ് മാസത്തിൽ നിന്നും എട്ട് മാസമാക്കാൻ 1961-ലെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ടിൽ ഭേദഗതി വരുത്തുന്ന കാര്യം കേന്ദ്ര സർക്കാർ പരിഗണിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ നിയമം ടെക്നോപാർക്കിലെ ജീവനക്കാർക്കും ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>തലശ്ശേരി മണ്ഡലത്തിലെ ഐ.ടി പാർക്ക് നിർമ്മാണം</u>

627. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഐ.ടി പാർക്ക് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി സർക്കാർ എത്ര തുക നീക്കിവെച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഔദ്യോഗിക വെബ്സൈറ്റുകളുടെ സുരക്ഷ</u>

628. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഔദ്യോഗിക വെബ്സൈറ്റുകൾ ഹാക്കർമാർ തകർക്കുന്ന സ്ഥിതിവിശേഷമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം ആക്രമണങ്ങൾ ഉണ്ടാകുന്നതിനെതിരെ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്തെ സർക്കാർ വെബ്സൈറ്റുകൾ സുരക്ഷാ ഓഡിറ്റിംഗ് നടത്താറുണ്ടോ; എങ്കിൽ ആരെയാണ് ഇതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) മതിയായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയും യഥാസമയം സുരക്ഷാ ഓഡിറ്റിംഗ് നടത്തിയും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും മെച്ചപ്പെട്ട വെബ്സൈറ്റ് സംവിധാനം ആവിഷ്കരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>സിലിക്കൺ വാലിയിൽ നിന്നുള്ള സ്റ്റാർട്ട് അപ്പ് സംരംഭ വാഗ്ദാനം</u>

629. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിലിക്കൺ വാലിയിൽ നിന്നും സംസ്ഥാനത്തിലേക്ക് ഒരു സ്റ്റാർട്ട് അപ്പ് സംരംഭ വാഗ്ദാനം ഐ.ടി വകുപ്പിന് ലഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സിലിക്കൺ വാലിയിലെ ക്ലീൻ ടെക് ഓപ്പൺ കമ്പനിയാണോ വാഗ്ദാനം നൽകിയിരിക്കുന്നത്; ഐ.ടി. വകുപ്പിന് ലഭിച്ച വാഗ്ദാനത്തെ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) പ്രസ്തുത സംരംഭത്തിന് സംസ്ഥാനത്തെ ഏത് ഐ.ടി. ഡെസ്റ്റിനേഷനിലാണ് സ്ഥലം ലഭ്യമാക്കാനുദ്ദേശിക്കുന്നത് ; എത്ര ലക്ഷം ചതുരശ്ര അടി സ്ഥലം ഇതിലേക്ക് തയ്യാറായിട്ടുണ്ട് ; എന്നത്തേക്ക് സംവിധാനം നിലവിൽ വരും ;

(ഡി) പ്രസ്തുത കമ്പനി മുന്നോട്ട് വച്ച നിബന്ധനകൾ എന്തെല്ലാമാണ് ; ഇക്കാര്യത്തിൽ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ ?

<u>സംസ്ഥാനത്തെ ഐ.ടി. മേഖലയിലെ തൊഴിൽ ലഭ്യത</u>

630. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ പുതുതായി എത്രപേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ സർക്കാർ നേരിട്ട് തൊഴിൽ നൽകിയതും, സ്വകാര്യ സ്ഥാപനങ്ങൾ നൽകിയതും എത്രവീതമാണെന്ന് വിശദമാക്കാമോ;

(സി) ഐ.ടി മേഖലയിലെ ഏതൊക്കെ സ്ഥാപനങ്ങളിലാണ് തൊഴിൽ നൽകിയതെന്ന് വിശദമാക്കാമോ?

<u>ഗ്രാമജ്യോതി പദ്ധതി</u>

631. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ കെൽട്രോൺ മുഖേന എൽ. എ. സി. - എ. ഡി. എസ്. പദ്ധതിയിൽ ഉൾപ്പെടുത്തിയ ഗ്രാമജ്യോതി രണ്ടാം ഘട്ട പദ്ധതിയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ടോ ; ഇല്ലെങ്കിൽ തടസ്സമെന്ത് എന്നത് വ്യക്തമാക്കുമോ ;

(ബി) 7.8.15 ന് സർക്കാർ ധനകാര്യ ഇൻഡസ്ട്രീസ് പബ്ലിക് വർക്ക്സ് ഡിപ്പാർട്ട്മെന്റ് പുറപ്പെടുവിച്ച സർക്കാർ അക്രഡിറ്റഡ് ഏജൻസി സംബന്ധിച്ച ഉത്തരവിൽ കെൽട്രോൺ പരിഗണിക്കപ്പെട്ടിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കെൽട്രോണിനെ പ്രസ്തുത സർക്കാർ ഉത്തരവിന്റെ പരിധിയിൽ അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ പരിഗണിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത ഗ്രാമജ്യോതി പദ്ധതി പ്രകാരം കൊയിലാണ്ടി മണ്ഡലത്തിൽ ഹൈമാസ് ലൈറ്റ് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കാൻ ചുമതലപ്പെടുത്താവുന്ന അക്രഡിറ്റഡ് ഏജൻസികൾ ഏതെല്ലാം എന്ന് വിശദമാക്കാമോ ?

<u>സ്മാർട്ട് സിറ്റി പദ്ധതി</u>

632. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട സ്മാർട്ട് സിറ്റി പദ്ധതി പ്രദേശത്ത് സ്ഥിതി ചെയ്യുന്ന 6.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിന് ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് അനുമതി നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ പൂർണ്ണമായും ഐ.ടി. മേഖലയിൽമാത്രം സേവനങ്ങൾ നൽകുന്നവ

ഏതൊക്കെയെന്നും ഐ.ടി. അനുബന്ധ സേവനങ്ങൾ നൽകുന്നവ ഏതൊക്കെയെന്നും വിശദമാക്കാമോ?

<u>സ്മാർട്ട് സിറ്റി പദ്ധതിയുടെ പുരോഗതി</u>

633. ശ്രീ.എസ്.ശർമ്മ

,, എ. പ്രദീപ്കുമാർ

,, കെ.കുഞ്ഞിരാമൻ (ഉദുമ)

,, കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതിയുടെ നിലവിലുള്ള അവസ്ഥ മാസ്റ്റർപ്ലാനിനെ അടിസ്ഥാനപ്പെടുത്തി വിശദമാക്കാമോ ;

(ബി) പദ്ധതി വിഭാവനം ചെയ്ത നിലയിൽ, ഈ സർക്കാരിന്റെ കാലയളവിൽ പുരോഗതി കൈവരിക്കാൻ സാധിച്ചില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ കാരണം വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത പദ്ധതിയിലൂടെ നേരിട്ടും അല്ലാതെയും പുതുതായി എത്ര തൊഴിലുകൾ സൃഷ്ടിക്കുവാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്; പദ്ധതി പ്രദേശത്ത്, പുതുതായി ആരംഭിച്ച ഐ. ടി. കമ്പനികളിലൂടെ പുതുതായി നേരിട്ട് ജോലി ലഭിച്ചവർ എത്രപേരാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പദ്ധതിയുടെ ഭാഗമായി ഈ സർക്കാർ നടത്തിയ നിക്ഷേപം എത്ര ; ടീകോം നടത്തിയ നിക്ഷേപം എത്ര ; എത്ര ഐ. ടി. കമ്പനികൾ അവിടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് ?

<u>സ്മാർട്ട് സിറ്റി നിർമ്മാണം</u>

634. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റിക്കായി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിൽ എത്രചതുരശ്ര അടി വിസ്തൃതിയുള്ള ഭാഗം പാട്ടത്തിന് നൽകുവാനുണ്ട്; കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം എത്ര;

(ബി) ഏതെല്ലാം ഐ.ടി കമ്പനികൾ എത്ര ചതുരശ്ര അടി വീതം കെട്ടിടം പാട്ടത്തിന് എടുത്തിട്ടുണ്ട്; പാട്ടത്തിന്റെ നിരക്ക്, എടുത്തിരിക്കുന്ന വർഷം, ജോലി ചെയ്യാൻ കഴിയുന്ന ആളുകളുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ; സ്ഥലം പാട്ടത്തിനെടുത്ത ഏതെങ്കിലും കമ്പനി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) സ്മാർട്ട് സിറ്റി പദ്ധതിയ്ക്ക് വേണ്ടി ഭൂമിയ്ക്കായി ഉൾപ്പെടെ ആകെ എത്ര കോടി രൂപ സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുണ്ട്; ടീകോം കമ്പനി ചെലവഴിച്ച തുക എത്ര; ബാങ്ക് ലോൺ എത്ര; വിശദാംശം നൽകുമോ?

<u>വിവരസാങ്കേതിക സ്ഥാപനങ്ങളുടെ പ്രവർത്തനം</u>

635. ശ്രീമതി.ജമീലാ പ്രകാശം

ശ്രീ.സി.കെ.നാണു

,, ജോസ് തെറ്റയിൽ

,, മാത്യു റ്റി.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ എത്ര വിവരസാങ്കേതിക സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) അവയിൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പേരു വിവരങ്ങളും അവയിൽ ജോലി നോക്കുന്ന ജീവനക്കാരുടെയും തൊഴിലാളികളുടെയും എണ്ണം സംബന്ധിച്ച

വിശദാംശങ്ങളും വ്യക്തമാക്കാമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിവരസാങ്കേതിക മേഖലയിലെ വ്യവസായങ്ങളുടെ വളർച്ചയ്ക്കും പുരോഗതിക്കും വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ?

തിരുവനന്തപുരം ടെക്നോപാർക്കിൻെറ വിപുലീകരണം

636. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടെക്നോപാർക്കിൽ വ്യവസായ സംരംഭകർക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഉറപ്പുവരുത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അവിടെ നിന്ന് കഴിഞ്ഞ 5 വർഷം നികുതി ഇനത്തിൽ ലഭിച്ച വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ടെക്നോപാർക്കിന്റെ വിപുലീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ടെക്നോപാർക്കിലെ തദ്ദേശീയരായ വ്യവസായ സംരംഭകർക്ക് എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ടെക്നോപാർക്ക് മൂന്നാം ഘട്ട വികസനം

637. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോപാർക്ക് മൂന്നാം ഘട്ട വികസനത്തിന്റെ ഭാഗമായി അമേരിക്കൻ കമ്പനിയായ ടോറസിന്റെ ടോറസ് ഡൗൺ ടൗൺ ടെക്നോപാർക്ക് പദ്ധതിയുടെ കരാറിൽ ഒപ്പ് വെച്ചിട്ടുണ്ടോ;

(ബി) കരാറിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; പദ്ധതി വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) കമ്പനിയുടെ പദ്ധതിയെ മുൻനിർത്തി ടെക്നോപാർക്ക് എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാക്കുമെന്നും എത്ര വർഷത്തിനകം എന്തെല്ലാം കാര്യങ്ങൾക്കായി എന്തു തുക കമ്പനി നിക്ഷേപിക്കുമെന്നും വിശദമാക്കാമോ?

ടെക്നോപാർക്കിൽ സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ ലാഭ നഷ്ട വിവരം

638. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോപാർക്കിൽ സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കമ്പനികൾ ഇക്കഴിഞ്ഞ 10 വർഷ കാലയളവിൽ ലഭ്യമാക്കിയിട്ടുള്ള ലാഭ നഷ്ട വിവരം കമ്പനി തിരിച്ച് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം മേഖലയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളാണ് പ്രസ്തുത കമ്പനികൾ നടത്തുന്നതെന്നും; എത്ര തൊഴിലാളികൾ നിലവിൽ ജോലിക്ക് ചെയ്യുന്നുണ്ടെന്നും അവരുടെ സേവന വേതനങ്ങൾക്കായി എത്ര തുക ചെലവിടുന്നുമെന്നുമുള്ള വിവരം വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികവർഗ്ഗ വിഭാഗക്കാർ

639. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015- മാർച്ച് 31- വരെയുള്ള കണക്ക് പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽ വിവിധ പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള എത്രപേർ ഉണ്ടെന്നുള്ള വിശദവിവരം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അവരിൽ നിന്ന് എത്രപേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട് ; വിശദവിവരം നൽകുമോ;

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽ വിവിധ പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് തൊഴിൽ ലഭിയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>സമ്പൂർണ്ണ പട്ടിക വർഗ്ഗ ഭവന പദ്ധതി</u>

640. ശ്രീ.വി.പി.സജീന്ദ്രൻ

,, ഐ.സി.ബാലകൃഷ്ണൻ

,, സി.പി.മുഹമ്മദ്

,, കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിനായി സമ്പൂർണ്ണ പട്ടിക വർഗ്ഗ ഭവന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയുടെ സമഗ്ര വികസനം</u>

641. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയുടെ സമഗ്ര വികസനത്തിനായി ബഹു. മന്ത്രിയുടെ നിയമസഭാ സമുച്ചയത്തിലെ ചേംബറിൽ 17.12.2014 ൽ ചേർന്ന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ ;

(ബി) ഇക്കാര്യത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രസ്തുത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ പാലക്കാട് പട്ടികവർഗ്ഗ വികസന ഓഫീസർ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) പ്രസ്തുത യോഗം കഴിഞ്ഞിട്ട് 11 മാസങ്ങൾ പിന്നിട്ടിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്ത, കൃത്യനിർവ്വഹണത്തിൽ വീഴ്ച വന്നിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(ഡി) നാളിതുവരെ ഒരു പുരോഗതി വിവരം പോലും നൽകിയിട്ടില്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ അടിയന്തിരമായി നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കുമോ?

<u>സ്നേഹസ്പർശം പദ്ധതി</u>

642. ശ്രീ.വി.ശശി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവിവാഹിതരായ അമ്മമാർക്ക് തിരിനെല്ലിയിൽ സ്നേഹസ്പർശം പദ്ധതി വഴി പെൻഷൻ ലഭിക്കാത്തത് എന്തുകൊണ്ട്;

(ബി) ഇതിന് ഉത്തരവാദി ആരാണ് ; വിശദാംശം ലഭ്യമാക്കുമോ ?

<u>മലക്കപ്പാറയിലെ ട്രൈബൽ ആരോഗ്യ കേന്ദ്രം</u>

643. ശ്രീ.ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രൈബൽ ഡിപ്പാർട്ട്മെന്റിനു കീഴിലുള്ള ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മലക്കപ്പാറയിലെ ആരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരുടെ വേതനം കാലാനസൃതമായി പരിഷ്കരിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത കേന്ദ്രത്തിൽ അവശ്യമരുന്നുകളുടെ ലഭ്യതക്കുറവ് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ജനനി ജന്മ രക്ഷാ പദ്ധതി

644. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, വി.പി.സജീന്ദ്രൻ

,, ജോസഫ് വാഴയ്ക്കൻ

,, കെ.മുരളീധരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനനി ജന്മ രക്ഷാ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ജനനി ജന്മരക്ഷ

645. ശ്രീ.കെ.എൻ.എ.ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി വിഭാഗത്തിൽപ്പെട്ട ഗർഭിണികളായ സ്ത്രീകൾക്ക് വേണ്ടി നടപ്പിലാക്കുന്ന ജനനി ജന്മരക്ഷ പദ്ധതിയുടെ സഹായം നാളിതുവരെ എത്രപേർക്ക് ലഭിച്ചിട്ടുണ്ട് ;

(ബി) അർഹരായ എത്ര പേരുടെ അപേക്ഷയിന്മേൽ തീർപ്പുകൽപ്പിക്കാനുണ്ട് ; കാലതാമസത്തിനുള്ള കാരണമെന്ത് എന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ സഹായം ലഭ്യമായിട്ടും ആദിവാസിമേഖലയിൽ ശിശുമരണങ്ങൾ ആവർത്തിക്കുന്ന സാഹചര്യം നിലവിലുണ്ടോ ; എങ്കിൽ എന്താണ് കാരണമെന്ന് അന്വേഷിച്ചിട്ടുണ്ടോ ; അറിയിക്കുമോ;

(ഡി) ആദിവാസി മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ ഫലം ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിവിധ പദ്ധതികളുടെ സഹായം പ്രസ്തുത മേഖലയിലെ ഗുണഭോക്താക്കളിൽ എത്തുന്നുണ്ടെന്ന കാര്യം ഉറപ്പുവരുത്തുമോ ?

പട്ടിക വർഗ്ഗ വിഭാഗത്തിലെ വീടില്ലാത്തവർക്ക് ഭവന പദ്ധതി

646. ശ്രീ.പി.തിലോത്തമൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും സ്വന്തമായി വീടില്ലാത്തവരുമായ ആളുകൾക്ക് ഈ സർക്കാർ വീട് വച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്കെന്നും ഏതെല്ലാം ജില്ലകളിലെന്നും തരംതിരിച്ച് വിശദമാക്കാമോ ;

(ബി) പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് സൗജന്യ ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്നത് പരിഗണനയിലുണ്ടോ ; ഏതെല്ലാം ജില്ലകളിൽ എത്രവീതം ഫ്ലാറ്റുകളാണ് നിർമ്മിച്ചു നൽകാൻ ഉദ്ദേശിച്ചിട്ടുള്ളത്; ഇതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ?

പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് നൽകിയ സർക്കാർ ഭൂമി

647. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവർക്ക് സർക്കാർ വിവിധ കാലയളവുകളിൽ സൗജന്യമായി വിതരണം ചെയ്ത ഭൂമി പ്രസ്തുത കക്ഷികളുടേയോ അവരുടെ പുതിയ തലമുറകളുടേയോ പക്കൽ തന്നെയുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇപ്രകാരം വിതരണം ചെയ്യപ്പെട്ട ഭൂമി പട്ടിക വർഗ്ഗ വിഭാഗക്കാരിൽ നിന്നും നഷ്ടപ്പെട്ടതായി ബോധ്യപ്പെട്ട എത്ര സംഭവങ്ങളുണ്ട്; ജില്ലതിരിച്ചുള്ള കണക്കുകൾ നൽകാമോ;

(സി) സർക്കാർ പട്ടിക വർഗ്ഗക്കാർക്കായി നൽകിയ ഭൂമി അനുമതിയില്ലാതെ കൈമാറ്റം ചെയ്തതിനും ഇപ്രകാരമുള്ള ഭൂമി പട്ടിക വർഗ്ഗക്കാരിൽ നിന്നും കൈവശപ്പെടുത്തിയതിനും കേരളത്തിൽ ആരുടെയെങ്കിലും പേരിൽ കേസ് എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ഡി) പട്ടിക വർഗ്ഗക്കാർക്ക് നൽകിയിട്ടുള്ള ഭൂമി കൈമാറ്റം ചെയ്യപ്പെടാതിരിക്കാനും അവർക്ക് നഷ്ടപ്പെടാതിരിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

<u>മോഡൽ കോളനി പദ്ധതി</u>

648. ശ്രീ.ഐ.സി.ബാലകൃഷ്ണൻ
,, വി.പി.സജീന്ദ്രൻ
,, സണ്ണി ജോസഫ്
,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് മോഡൽ കോളനി പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>ആദിവാസി മേഖലയിലെ വായ്പാ തട്ടിപ്പ്</u>

649. ഡോ.ടി.എം.തോമസ് ഐസക്
ശ്രീ.എസ്.രാജേന്ദ്രൻ
,, കെ.വി.അബ്ദുൾ ഖാദർ
,, പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിൽ വായ്പാ തട്ടിപ്പിനിരയായവരെ സഹായിക്കുന്നതിനുള്ള പട്ടിക വർഗ്ഗ കമ്മീഷന്റെ ശുപാർശ എന്തെങ്കിലും ലഭ്യമായിട്ടുണ്ടോ ; ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ആദിവാസി മേഖലയിൽ വായ്പാതട്ടിപ്പിനിരയായവർ എത്രയുണ്ടെന്നും അവരുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്നും അന്വേഷിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; ?

<u>ആദിവാസി മേഖലയിലെ ദുരിതങ്ങൾ</u>

650. ശ്രീ.കെ.രാധാകൃഷ്ണൻ
,, കെ.കെ.ജയചന്ദ്രൻ
,, എം.ചന്ദ്രൻ

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിലെ ജനങ്ങളുടെ ജീവിതം സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സർക്കാർ - സർക്കാരിതര സർവ്വേകളിൽ കണ്ടെത്തുന്ന പ്രസ്തുത മേഖലയിലെ ദുരിതങ്ങളും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന അപാകതകളും സംബന്ധിച്ച റിപ്പോർട്ടുകൾ വിലയിരുത്താറുണ്ടോ ;

(സി) സർക്കാർ- സർക്കാരിതര സർവ്വേകളോടും ആയതിൽ കണ്ടെത്തുന്ന പ്രശ്നങ്ങൾ ,നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗങ്ങൾ എന്നിവയോടും സ്വീകരിക്കുന്ന നിലപാടുകൾ വ്യക്തമാക്കുമോ ?

<u>ആദിവാസി പുനരധിവാസ വികസന മിഷൻെറ പ്രവർത്തനങ്ങൾ</u>

651. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി പുനരധിവാസ വികസന മിഷൻെറ കീഴിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഇതിനായിഎത്ര തുക വകയിരുത്തിയിട്ടുണ്ട് ; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

<u>ആദിവാസി മേഖലകളിലെ വികസന പദ്ധതികൾ</u>

652. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ നെല്ലിയാമ്പതി പഞ്ചായത്തിലെയും, മുതലമട പഞ്ചായത്തിലുള്ള പറമ്പികുളത്തെയും ആദിവാസി വിഭാഗക്കാരിൽ എത്ര പേർക്കാണ് സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തത് എന്ന് വിശദമാക്കുമോ ;

(ബി) ഇവർക്ക് സ്ഥലവും വീടും നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നെല്ലിയാമ്പതി, പറമ്പിക്കുളം ആദിവാസി മേഖലകളിൽ നടപ്പിലാക്കിയ വികസന പദ്ധതികളെ സംബന്ധിച്ച വിശദാംശം നൽകുമോ ?

<u>ആദിവാസി കുട്ടികൾ മാലിന്യകുമ്പാരത്തിൽ നിന്നും ഭക്ഷണം ശേഖരിച്ച സംഭവം</u>

653. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാവൂർ കുനിത്തലയിലെ മാലിന്യകുമ്പാരത്തിൽ നിന്നും ആദിവാസി കുട്ടികൾ ഭക്ഷണം ശേഖരിക്കാനിടയായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഏതു കോളനിയിലെ കുട്ടികളാണ് ഇപ്രകാരം ഭക്ഷണം ശേഖരിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ആരാണ് അന്വേഷണം നടത്തിയത്; അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഈ സാഹചര്യം എന്തുകൊണ്ടാണ് ഉണ്ടായതെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രാക്തന ഗോത്രവിഭാഗങ്ങൾക്ക് ഭക്ഷണം നൽകുന്ന പദ്ധതി പ്രകാരം ഈ കുട്ടികളുടെ കോളനിയിൽ കഴിഞ്ഞ വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിശദാംശം വ്യക്തമാക്കുമോ?

<u>ആദിവാസി കുട്ടികളുടെ മരണം</u>

654. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മതിയായ ചികിൽസ ലഭിക്കാതെയും പോഷകാഹാര കുറവുമൂലവും എത്ര ആദിവാസി കുട്ടികൾ മരണപ്പെട്ടു ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഈ മരണങ്ങൾ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണമോ പഠനമോ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും മതിയായ ചികിൽസയും പോഷകാഹാരവും ലഭ്യമാക്കാനും ഇത് ഇവർക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്താനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോവർഷവും പട്ടികവർഗ്ഗ ക്ഷേമത്തിനായി അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശം ലഭ്യമാക്കുമോ ?

<u>ആദിവാസി അമ്മമാരുടെയും ശിശുക്കളുടെയും മരണം</u>

655. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിചരണവും ചികിത്സയും ലഭിക്കാതെ പ്രസവത്തെ തുടർന്ന് ആദിവാസി അമ്മമാരും, ശിശുക്കളും മരണമടയുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ ഏതെല്ലാം ആദിവാസി കോളനികളിൽ നിന്നാണ് ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കോളനികളിൽ ജനനി ജന്മരക്ഷാ പദ്ധതി പ്രകാരം നൽകിയിട്ടുള്ള സഹായങ്ങൾ എന്തൊക്കെയായിരുന്നെന്നും എത്ര തുകയാണ് നൽകിയതെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കോളനികളിൽ പ്രാക്തന ഗോത്ര വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേന്ദ്രഫണ്ട് ആരോഗ്യ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; എത്ര തുകയാണ് ഒരോ കോളനിയിലും ചെലവഴിച്ചത് ?

<u>ആദിവാസി ക്ഷേമപദ്ധതികൾ</u>

656. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത് ; വിശദമാക്കാമോ ;

(ബി) ഇതിനുവേണ്ടി അനുവദിച്ച തുക പൂർണ്ണമായും, ഫലപ്രദമായും ഗുണഭോക്താക്കൾക്ക് ലഭിച്ചു എന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ;

(സി) തുക പൂർണ്ണമായും ഫലപ്രദമായും വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; കണ്ടെത്തലുകൾ വിശദമാക്കാമോ ?

<u>ആദിവാസി സംരക്ഷണത്തിനായി പദ്ധതികൾ</u>

657. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ സംരക്ഷണത്തിനായി നിരവധി നിയമങ്ങൾ നിലവിലുണ്ടായിട്ടും ആദിവാസി പെൺകുട്ടികൾ ഉൾപ്പെടെനിരന്തരം പീഡനങ്ങൾക്കും, ചൂഷണങ്ങൾക്കും ഇരയാകുന്നതിന്റെ കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ആദിവാസി വിഭാഗങ്ങളെ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവൽക്കരിക്കാൻ എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ;

(സി) ആദിവാസികളുടെ ക്ഷേമം ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നത്; വിശദാംശം നൽകുമോ?

ഗോത്രഭാഷ പ്രീ-പ്രൈമറി കരിക്കുലത്തിന്റെ ഭാഗമാക്കാൻ നടപടി

658. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതൊക്കെ ആദിവാസി വിഭാഗങ്ങളുണ്ടെന്നും ഓരോ ഗോത്രത്തിലെയും ഭാഷ എന്താണെന്നും വ്യക്തമാക്കുമോ;

(ബി) ആദിവാസി ഊരുകളിൽ എത്ര അങ്കണവാടികളുണ്ട് എന്നും ഇവിടെ ഏതു ഭാഷയാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഗോത്രഭാഷ മാത്രം അറിയുന്ന കുട്ടികളെ മറ്റ് ഭാഷയിൽ പഠിപ്പിക്കുന്നതു കാരണം വിദ്യാലയത്തോടും പഠനത്തോടും അകൽച്ച കാണിച്ച് കുട്ടികൾ പഠനം അവസാനിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഊര് ഭാഷ, കലാരൂപങ്ങൾ, പാട്ടുകൾ എന്നിവ നിലവിലുള്ള പ്രീ-പ്രൈമറി കരിക്കുലത്തിന്റെ ഭാഗമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഹാംലറ്റ് വികസന പദ്ധതി

659. ശ്രീ.ഐ.സി.ബാലകൃഷ്ണൻ
,, വി.പി.സജീന്ദ്രൻ
,, എ.പി.അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്കായി ഹാംലറ്റ് വികസന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായുള്ള പദ്ധതി

660. ശ്രീ.ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ടവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനായുള്ള പ്രത്യേക പദ്ധതി പ്രകാരം ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പള്ളി പഞ്ചായത്തിലെ ഷോളയാർ, ആനക്കയം, പെരിങ്ങൽ, പെരുമ്പാറ, വാഴച്ചാൽ എന്നീ കാടർ കോളനികളിൽ നടപ്പാക്കുന്ന ഭവന നിർമ്മാണമടക്കമുള്ള വികസന പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;,

(ബി) പ്രസ്തുത പദ്ധതികൾ സുതാര്യമായും, അഴിമതി രഹിതമായും പൂർത്തീകരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ;

ഹാംലറ്റ് പദ്ധതി

661. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാംലറ്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കോളയാട് ഗ്രാമപഞ്ചായത്തിലെ ചെക്യേരി എസ്.റ്റി.കോളനിയിലെ ഏതെല്ലാം പ്രവൃത്തികളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തികളും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ?

ചാലക്കുടി പ്രീ-മെട്രിക് ഹോസ്റ്റൽ

662. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഗവ:ഗേൾസ് ഹൈസ്കൂൾ കോമ്പൗണ്ടിൽ 46 സെന്റ് സ്ഥലം, ഉടമസ്ഥാവകാശം വിദ്യാഭ്യാസ വകുപ്പിൽ തന്നെ നിലനിർത്തി , പട്ടിക വർഗ്ഗവിഭാഗക്കാരായ പെൺകുട്ടികൾക്കായി ഒരു പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ;

(ബി) കെട്ടിട നിർമ്മാണത്തിനായി അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഹാംലെറ്റ് പദ്ധതി

663. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാംലെറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയ റാന്നി നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികൾ ഏതൊക്കെ; എന്തൊക്കെ പദ്ധതികളാണ് ഓരോ കോളനിയിലും നടപ്പാക്കാൻ നിശ്ചയിച്ചിരിക്കുന്നത് എന്ന് കോളനി തിരിച്ച് വ്യക്തമാക്കാമോ;

(ബി) നിശ്ചയിച്ച എന്തൊക്കെ വികസനപ്രവർത്തനങ്ങളാണ് ഓരോ കോളനിയിലും പൂർത്തീകരിച്ചിട്ടുള്ളത്; അവശേഷിക്കുന്നവ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; കാലതാമസം പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു; പദ്ധതി എന്ന് പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കാമോ?

ബജറ്റിൽ പട്ടികവർഗ്ഗ വികസന വകുപ്പിനായി പ്രഖ്യാപിച്ച പദ്ധതികൾ

664. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പ് സാമ്പത്തിക വർഷം ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ ; എത്ര ശതമാനം തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വകുപ്പിനായി ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാമെന്നും ഇവയിൽ ഏതെല്ലാം പദ്ധതികളാണ് ആരംഭിച്ചത് എന്നും ആരംഭിക്കാതിരുന്ന പദ്ധതികളുടെ കാരണവും വ്യക്തമാക്കുമോ?

ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പുനരധിവാസം

665. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനു വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ഏറനാട് മണ്ഡലത്തിൽ നിന്നും പ്രസ്തുത പട്ടികയിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ?

ഭൂരഹിതരും ഭവനരഹിതരുമായിട്ടുള്ള പട്ടികവർഗ്ഗ വിഭാഗക്കാർ

666. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർ ഭൂരഹിതരും ഭവനരഹിതരുമായിട്ടുണ്ടെന്ന് കണ്ടെത്തിയതിന്റെ വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ ;

(ബി) ഇവരിൽ എത്രപേർക്ക് ഈ സർക്കാർ ഇതേവരെ ഭൂമിയും വീടും നൽകിയെന്നും ഇനി എത്ര ഭൂരഹിതരും ഭവനരഹിതരും നിലവിലുണ്ടെന്ന് ജില്ല തിരിച്ച് പറയാമോ ;

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാവരും വാസയോഗ്യമായ വീടുകളിലാണ് താമസിക്കുന്നതെന്ന് ഉറപ്പു വരുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പുതുതായി നിർമ്മിച്ചു നൽകുന്ന വീടുകൾക്കും അറ്റകുറ്റപ്പണികൾക്കായി തെരഞ്ഞെടുക്കുന്ന വീടുകൾക്കും അനുവദിക്കുന്ന തുക പൂർണ്ണമായും ഈ ആവശ്യത്തിനു വേണ്ടി വിനിയോഗിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

കുന്ദമംഗലം പ്രീ-മെട്രിക് ഹോസ്റ്റൽ പ്രവൃത്തി

667. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തി ഏതു ഘട്ടം വരെയെത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ വികസന പദ്ധതികൾ

668. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും വകുപ്പു മുഖേന കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പദ്ധതികൾ എന്തെല്ലാം ;

(ബി) ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുക എത്ര ; ഓരോന്നും വിശദമാക്കാമോ ?

ആദിവാസികളിൽ വന്ധ്യംകരണം

669. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ വന്ധ്യംകരണം നടത്തുന്നതിന് മുൻപ് മതിയായ ബോധവത്കരണം നൽകാറുണ്ടോ;

(ബി) വന്ധ്യംകരണത്തിന് വിധേയരാവുന്നവർക്ക് ലഭിക്കുന്ന സർക്കാർ സഹായത്തിൽ ആകൃഷ്ടരായി വംശനാശ ഭീഷണി നേരിടുന്ന ആദിവാസി വിഭാഗങ്ങളിൽപ്പെട്ടവർ പോലും ഇതിന് സമ്മതം നൽകുന്ന സാഹചര്യം നിലവിലുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നതിന് ആദിവാസി സമൂഹത്തിൽപ്പെട്ടവർക്ക് പ്രത്യേകിച്ച് മതിയായ ബോധവത്കരണം നൽകുന്നതിനും ഇവരുടെ അജ്ഞത മാറ്റുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ഡി) കുലമറ്റുപോകുമെന്ന ഭീതിയിലുള്ള ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ വന്ധ്യംകരണം സംബന്ധിച്ച് മതിയായ പഠനങ്ങൾ നടത്തുമോ?

<u>സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികളിലെ ദുരവസ്ഥ</u>

670. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടിക വർഗ്ഗ കോളനികളിൽ പകർച്ചവ്യാധികൾ കൊണ്ടും പോഷകാഹാര കുറവ് നിമിത്തവും കുട്ടികളും ഗർഭിണികളും ഉൾപ്പെടെയുളളവർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എടുത്ത നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ ; നടപടികൾ ഫലവത്തായോ ; വയനാട് ജില്ലയിൽ ഉൾപ്പെടെയുള്ള ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയാതെ വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

<u>ആദിവാസികളുടെ പട്ടിണി മരണങ്ങൾ</u>

671. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ആദിവാസി വിഭാഗത്തിൽപ്പെട്ട എത്ര പേരാണ് പട്ടിണിമൂലം മരണമടഞ്ഞതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പട്ടിണി മരണങ്ങൾ തടയുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) ഇക്കാലയളവിൽ എത്ര ആദിവാസി സ്ത്രീകളും പ്രായപൂർത്തിയാകാത്ത ആദിവാസി പെൺകുട്ടികളും ലൈംഗികമായി പീഡിപ്പിക്കപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഇത്തരം കേസുകളിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>പട്ടികവർഗ്ഗ ക്ഷേമ പദ്ധതി</u>

672. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമ പദ്ധതികൾക്കായി ഓരോ വർഷവും എത്ര തുക നീക്കിവച്ചെന്ന് വിശദമാക്കുമോ;

(ബി) ഏതൊക്കെ പ്രവൃത്തികൾക്കായാണ് പ്രസ്തുത തുക നീക്കിവച്ചതെന്നും ഇതിൽ ഓരോ വർഷവും എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ പ്രതിവർഷം പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾക്കായി കേന്ദ്ര ഫണ്ടിനത്തിൽ എത്ര തുക ലഭ്യമായെന്നും ആയത് ഏതെല്ലാം പദ്ധതികൾക്കായി എത്ര വീതം ചെലവഴിച്ചുവെന്നും വിശദമാക്കുമോ?

<u>പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാധനസഹായം</u>

673. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ ക്ഷേമ വകുപ്പമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാധനസഹായമായി നൽകിയ തുക ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ഈ ഇനത്തിൽ കണ്ണൂർ ജില്ലയിലെ ഓരോ ഗുണഭോക്താവിനും നൽകിയ ധനസഹായം സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) ഈ ഇനത്തിൽ പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ധനസഹായം ലഭിച്ചവരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>പട്ടുവത്തെ മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ പ്രവർത്തനം</u>

674. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പട്ടുവത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അവിടെ അടിസ്ഥാനസൗകര്യവികസനം ഏർപ്പെടുത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ?

<u>പട്ടികവർഗ്ഗ ഭൂരഹിതർക്ക് ഭൂമി</u>

675. ശ്രീ.വി.പി.സജീന്ദ്രൻ
,, ഐ.സി.ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>പട്ടികവർഗ്ഗ സങ്കേതങ്ങളുടെ വികസനം</u>

676. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഓരോ ഇനത്തിലും എത്ര തുക ചിലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും എത്ര കോളനികളിൽ വികസന പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും നിയോജകമണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ചെലവഴിച്ച തുക യഥാർത്ഥ ഗുണഭോക്താക്കളിൽ എത്തിച്ചേർന്നിട്ടില്ലെന്നുള്ള പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കുവേണ്ടി ഇതുവരെ ചെലവഴിച്ച തുക പ്രസ്തുത വിഭാഗത്തിനു

ലഭിച്ചുവെന്നുറപ്പു വരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന ധനസഹായം

677. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട എത്ര പട്ടികവർഗ്ഗ കുടുംബങ്ങളാണ് വൈക്കം നിയോജകമണ്ഡല പരിധിയിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വൈക്കം നിയോജകമണ്ഡലത്തിലുള്ള ഭവനരഹിതരായ എട്ട് പട്ടിക വർഗ്ഗ കുടുംബങ്ങളിൽ എത്ര കുടുംബങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ ഭവന നിർമ്മാണത്തിനായി നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(സി) സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്ത പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനുള്ള പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസനിലവാരം

678. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഓരോ തലത്തിലും നൽകിവരുന്ന സാമ്പത്തിക ധനസഹായങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഐ.റ്റി പഠനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം സഹായങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

അട്ടപ്പാടിയിൽ അനുവദിച്ച പദ്ധതികൾ

679. **ശ്രീ.എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം അട്ടപ്പാടിയിൽ പട്ടികവർഗക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം എന്നു വിശദമാക്കുമോ ;

(ബി) നടപ്പാക്കിയ പദ്ധതികൾ ഓരോന്നിനും അനുവദിച്ച തുക കൂടി വിശദമാക്കുമോ ?

ആദിവാസികൾക്ക് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായുള്ള പദ്ധതി

680. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികളും പരിശീലനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഇവർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നതിന് ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തെല്ലാമാണ് ;

(സി) ആധുനിക സാങ്കേതിക വിദ്യ ഇവർക്ക് ലഭ്യമാക്കുന്നതിനും നൂതന കൃഷി രീതികൾ പരിചയപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

<u>ആദിവാസികൾക്കായുള്ള ക്ഷേമ പദ്ധതികൾ</u>

681. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ ക്ഷേമത്തിനായി 2014-15 വർഷത്തിൽ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട് ;

(ബി) ഇത് ഫലപ്രദമായി വിനിയോഗിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത ഫണ്ടിന്റെ മോണിറ്ററിങ് ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം എന്താണ് ?

<u>പട്ടികജാതിയിൽപ്പെട്ടവർക്ക് വിദേശതൊഴിൽ</u>

682. **ശ്രീ.കെ.എം.മാണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെട്ട യുവതി - യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള ചെലവുകൾ സർക്കാർ വഹിക്കുന്നതിലേക്ക് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;എങ്കിൽ പ്രസ്തുത പദ്ധതിയുടെ പൂർണ്ണ രൂപം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി അനുസരിച്ച് നാളിതുവരെ പട്ടികജാതിയിൽപ്പെട്ട എത്ര യുവതീ യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടാൻ സാധിച്ചിട്ടുണ്ട്?

<u>സംസ്ഥാന യുവജനകമ്മീഷൻ</u>

683. **ശ്രീ.ഹൈബി ഈഡൻ**

**,,** ഷാഫി പറമ്പിൽ

**,,** പി.സി വിഷ്ണുനാഥ്

**,,** കെ.എസ്.ശബരീനാഥൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജന കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് കമ്മീഷൻ രൂപീകരണം വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) യുവജന നയം നടപ്പാക്കാൻ ഭരണതലത്തിൽ കമ്മീഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്?

<u>ഭാരത ദർശൻ യാത്രാപദ്ധതി</u>

684. **ശ്രീ.കെ.എസ്.ശബരീനാഥൻ**

**,,** വി.റ്റി.ബൽറാം

**,,** ഹൈബി ഈഡൻ

**,,** ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഭാരത ദർശൻ യാത്രാ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

## യുവഹരിതം പദ്ധതി

685. ശ്രീ.ഷാഫി പറമ്പിൽ

,, പി.സി വിഷ്ണുനാഥ്

,, കെ.എസ്.ശബരീനാഥൻ

,, വി.റ്റി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവഹരിതം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

## യുവജനക്ഷേമ പദ്ധതികൾ

686. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജന ക്ഷേമത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓരോ ജില്ലയിലും നടപ്പിലാക്കിയ യുവജനക്ഷേമ പദ്ധതികൾ എന്തെന്ന് വ്യക്തമാക്കുമോ;

(സി) പട്ടികവർഗ്ഗ, പട്ടികജാതി മറ്റു പിന്നോക്ക സമുദായ യുവജനങ്ങൾക്കായി എന്തെല്ലാം പ്രത്യേക പദ്ധതികൾ ആണ് നടപ്പിലാക്കിയത്;

(ഡി) 01.07.2006 മുതൽ 31.10.2015 വരെയുള്ള കാലയളവിൽ യുവജന ക്ഷേമത്തിനായി എത്ര തുക ചെലവഴിച്ചു എന്നത് വാർഷികാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

## ആറ്റിങ്ങൽ മണ്ഡലത്തിൽ യുവജനകാര്യവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

687. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആറ്റിങ്ങൽ മണ്ഡലത്തിൽ യുവജനകാര്യവകുപ്പ് ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഒറ്റൂർ ഗ്രാമപഞ്ചായത്തിലുൾപ്പെട്ട നീറുവിളയിൽ സ്റ്റൈൽ പദ്ധതിയിലുൾപ്പെടുത്തി കളിസ്ഥലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

## യുവജനങ്ങൾക്ക് വെജിറ്റബിൾ ഗ്രോബാഗ് വിതരണം

688. ശ്രീ.പി.സി വിഷ്ണുനാഥ്

,, കെ.എസ്.ശബരീനാഥൻ

,, വി.റ്റി.ബൽറാം

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജനങ്ങൾക്ക് വെജിറ്റബിൾ ഗ്രോബാഗ് വിതരണം ചെയ്യാൻ യുവജനകാര്യ വകുപ്പ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിശദമാക്കുമോ ?

<u>കാഴ്ചബംഗ്ലാവിലെ മൃഗങ്ങളുടെ മരണം</u>

689. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, തൃശ്ശൂർ എന്നീ കാഴ്ചബംഗ്ലാവുകളിൽ ഇക്കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ മരണപ്പെട്ടിട്ടുള്ള ജീവികളുടെ ഇനം തിരിച്ചുള്ള പട്ടിക വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(ബി) കാഴ്ചബംഗ്ലാവുകളിലെ സൗകര്യക്കുറവുകളാണ് പ്രസ്തുത മരണങ്ങൾക്ക് കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി.ഡി.ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
22-11-2015

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.